# തുല്യതാ പാഠാവലി
# മലയാളം

## സ്റ്റാൻഡേർഡ്
## 10


കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2020

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

Prepared by:

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

| | | |
|---|---|---|
| Website | : | www.scertkerala.gov.in |
| e-mail | : | scertkerala@asianetindia.com |
| Phone | : | 0471-2341883, Fax: 0471-2341869 |
| First Edition | : | 2011 |
| Second Edition | : | 2012 |
| Third Edition | : | 2013 |
| Fourth Edition | : | 2014 |
| Fifth Edition | : | 2015 |
| Sixth Edition | : | 2016 |
| Seventh Edition | : | 2018 |
| Eighth Edition | : | 2020 |
| Typesetting & Layout | : | KSLMA Computer Lab |
| Cover design | : | KSLMA Computer Lab |
| Printed at | : | KBPS, Kakkanad, Kozhi-30 |


© Department of Education, Government of Kerala

# ആമുഖം

വിദ്യാഭ്യാസം എല്ലാവരുടെയും അവകാശമാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിട്ടില്ലാത്തവർക്കും പഠനത്തിലൂടെ ഉയരാനും സാമൂഹികധർമങ്ങൾ നിറവേറ്റാനും കഴിയണം. തുല്യതാപഠനം അതിനുള്ള സാധ്യതകൾ തുറന്നിടുകയായിരുന്നു. പൊതുസമൂഹം തുല്യതാപഠനപദ്ധതിയെ പ്രതീക്ഷാപൂർവം സ്വാഗതം ചെയ്യുകയുണ്ടായി.

തുല്യതാപഠിതാക്കൾക്കുവേണ്ടിയുള്ള പത്താംതരം മലയാളം പാഠാവലി നിങ്ങളുടെ കൈകളിലെത്തിച്ചേരുകയാണ്. സ്വയം പഠനത്തിനും സഹപഠനത്തിനും സമ്പർക്കപഠനത്തിനുമുള്ള സാധ്യതകൾ ഇതിലുണ്ട്. പഠിതാക്കളുടെ പ്രായം, അനുഭവങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്.

പഠിതാക്കളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ രസപ്രദവും ഫലപ്രദവുമാക്കാവുന്നവയാണ് പഠനപ്രവർത്തനങ്ങൾ. സ്വയം പഠനത്തെ സഹായിക്കുന്ന നിഘണ്ടുവും പാഠത്തോടൊപ്പം തന്നെ ചേർത്തിരിക്കുന്നു. സ്വയം പഠനത്തിനിടയിലുണ്ടാവുന്ന സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പഠിതാക്കൾക്ക് സമ്പർക്കക്ലാസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താം. പ്രാദേശിക ലൈബ്രറികളും ഭാഷാപഠനത്തിന് വലിയ പിന്തുണയാവും. ഭാഷാപഠനത്തിന്റെ ലക്ഷ്യം ആശയവിനിമയം കാര്യക്ഷമമാക്കുകയെന്നതു മാത്രമല്ല, ഭാഷയുടെ വൈകാരികവും സൗന്ദര്യാത്മകവുമായ മാനങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യകൃതികളുടെ ആസ്വാദനവും കൂടിയാണല്ലോ. മികച്ച സാഹിത്യ രചനകളുടെ പഠനം നമുക്ക് സാംസ്കാരികമായ വളർച്ചയും വിചാരപരമായ ഉന്മേഷവുമുണ്ടാക്കും. ഈ പാഠാവലിയിൽ ചേർത്തിരിക്കുന്ന രചനകൾ ആ നിലയ്ക്കുള്ള ഈടുവെപ്പുകൾ കൂടിയാണ്.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാമിഷൻ ഒരു വ്യാഴവട്ടക്കാലമായി അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നിതാന്തജാഗ്രതയോടെ പ്രവർത്തിച്ചു വരികയാണ്. സാക്ഷരതാപ്രവർത്തനത്തിനു പുറമെ നവസാക്ഷരർക്കും സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർക്കും വേണ്ടി തുല്യതാപരിപാടി ആവിഷ്കരിക്കുകയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൈകോർത്തുകൊണ്ട് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം എന്ന ഉന്നത ലക്ഷ്യം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകം നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ ലക്ഷക്കണക്കിനാളുകളെ വിദ്യാഭ്യാസത്തിന്റെ വ്യത്യസ്ത പടവുകളിലേക്ക് കൈപിടിച്ചുയർത്തിക്കഴിഞ്ഞു.

ഔപചാരികവിദ്യാഭ്യാസത്തിലെ പത്താംതരത്തിനു സമാനമായ നിലവാരവും പഠനസാമഗ്രികളും ഉൾക്കൊള്ളുന്നതാണ് പത്താംതരം തുല്യതാ കോഴ്സ്. പരീക്ഷ നടത്തുന്നതാകട്ടെ, കേരള ഗവൺമെന്റിന്റെ പരീക്ഷാബോർഡും. എസ്.സി.ഇ.ആർ.ടിയുടെ വിദഗ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രീയമായ രീതിയിൽ, മുതിർന്നവരുടെ പഠനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തയാറാക്കിയവയാണ് തുല്യതാപാഠാവലികൾ. അതിനു സഹായിച്ച എസ്.സി.ഇ.ആർ.ടി ഡയറക്ടർക്കും സഹപ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഇന്ത്യക്കു തന്നെ മാതൃകയായിക്കൊണ്ടിരിക്കുന്ന തുല്യതാപരിപാടി പുതിയ മാനങ്ങൾ കൈവരിച്ചുകഴിഞ്ഞു. പത്താംതരം തുല്യത കന്നഡ, തമിഴ് മാധ്യമങ്ങളിലും ആരംഭിച്ചിട്ടുണ്ട്. അന്യദേശങ്ങളിലെ കേരളീയർക്കായും തുല്യതയുടെ വാതിലുകൾ തുറന്നിരിക്കുകയാണ്. ആദ്യപടിയായി ലക്ഷദ്വീപിലും ഗൾഫ് രാജ്യങ്ങളിലും തുല്യതാകോഴ്സ് ആരംഭിച്ചു കഴിഞ്ഞു. മറ്റുപ്രദേശങ്ങളിലും താമസിയാതെ കോഴ്സ് ആരംഭിക്കും. സമ്പൂർണ പത്താംതരം വിദ്യാഭ്യാസം നേടിയ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

വിദഗ്ധരായ അധ്യാപകർ നയിക്കുന്ന സമ്പർക്കപഠന ക്ലാസുകളിലൂടെ ഈ പാഠപുസ്തകങ്ങൾ പത്താംതരം പഠിതാക്കൾക്ക് ആവശ്യമായ അറിവും നൈപുണികളും പകർന്നു നല്കുമെന്നുറപ്പാണ്. തുല്യതാപഠിതാക്കൾക്ക് വിജയാശംസകൾ നേരുന്നു.

ആശംസകളോടെ,

**ഡോ. പി.എസ് ശ്രീകല**
ഡയറക്ടർ
സംസ്ഥാന സാക്ഷരതാമിഷൻ

# പാഠപുസ്തക രചനാസമിതി

## അംഗങ്ങൾ

അനിൽ കുമാർ കെ., ജി.എച്ച്.എസ്. പാക്കം, കാസറഗോഡ്
അഹമ്മദ് ഷരീഫ് കെ.എ., ജി.എം.ആർ.എച്ച്.എസ്. ഫോർ ഗേൾസ്, കാസറഗോഡ്
കടാങ്കോട് പ്രഭാകരൻ
കെ. നാരായണൻ നമ്പൂതിരി
പയ്യന്നൂർ കുഞ്ഞിരാമൻ
പുരുഷോത്തമൻ നമ്പൂതിരി എം. എൻ.
മടവൂർ ശശി
മണികണ്ഠദാസ് കെ.വി., ചട്ടഞ്ചാൽ എച്ച്.എസ്.എസ്., കാസറഗോഡ്
ഡോ. പി. സത്യനേശൻ, അസി. പ്രൊഫ. (റിട്ട.) എസ്.സി.ഇ.ആർ.ടി.

## ചിത്രരചന

മദനൻ
ധനേശൻ എം.വി.

## അക്കാദമിക് കോ-ഓർഡിനേറ്റർ

ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## മുഖ്യ അക്കാദമിക ചുമതല

ഡോ. സി. ഭാമിനി, റിസർച്ച് ഓഫീസർ
അനൗപചാരിക വിഭാഗം, എസ്.സി.ഇ.ആർ.ടി.

## കോ-ഓർഡിനേറ്റർ

കെ. അയ്യപ്പൻ നായർ, അസി. ഡയറക്ടർ (തുല്യത & അക്കാദമിക്),
സംസ്ഥാന സാക്ഷരതാമിഷൻ


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012

&

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)
ടി.സി. 27/1461, കോൺവെന്റ് റോഡ്, കമ്മട്ടം ലെയ്ൻ, വഞ്ചിയൂർ, തിരുവനന്തപുരം - 35

# ഭാരതത്തിന്റെ ഭരണഘടന

**ഭാഗം IV ക**

## മൗലിക കർത്തവ്യങ്ങൾ

51 ക. **മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


1 **എന്റെ മലയാളം** 9
സീതാസ്വയംവരം
വെങ്കലമലയാളം
പണ്ടത്തെ പാട്ടുകൾ

2 **നിത്യസുരഭിയാംഭൂമി** 18
മഞ്ഞുകാലം
ഭൂമിയുടെ അവകാശികൾ
വീണപൂവ്

3 **നിഴലും വെളിച്ചവും** 35
രുദ്രാക്ഷമാഹാത്മ്യം
കണ്ണീരും കിനാവും

4 **സ്നേഹത്തിന്റെ നിറഭേദങ്ങൾ** 49
ഇന്ത്യയിലേക്ക് മടക്കം
കടൽത്തീരത്ത്
ഉപ്പ്

5 **നമ്മൾ രചിപ്പൂ ലോകത്തെ** 64
കുട നന്നാക്കാനുണ്ടോ?
നെല്ലു കുത്തുകാരി പാറുവിന്റെ കഥ
വ്യാഴവട്ട സ്മരണകൾ

6 **തുടികൊട്ട്** 80
ഇരുട്ടിന്റെ ആത്മാവ്
ധിക്കാരസാഹസം



# എന്റെ മലയാളം


ഞാറു നടുന്ന നിരക്ഷരപ്പെണ്ണുങ്ങൾ
കുറോടിപ്പാട്ടുകൾ നീട്ടിപ്പാടി,
മാരിയെപ്പൂതൂകലാക്കുന്നു; പാടത്തെ
ച്ചേറിനെ കസ്തൂരിച്ചാറാക്കുന്നു.

ആരാണിവിടെ പാട്ടുകാർ? ഏതാണാപ്പാട്ടുകൾ? ഞാറു നടുന്ന പെണ്ണുങ്ങൾ മധുരമായി നാടൻ പാട്ടുകൾ പാടുന്നു. വായിച്ചും എഴുതിയും പഠിക്കുന്ന പാട്ടുകളല്ല, കേട്ടു പാടിപ്പഠിക്കുന്ന പാട്ടുകളാണ് അവ. മലയാള കവിതയുടെ ചരിത്രത്തിൽ നാടൻ പാട്ടുകൾക്കുള്ള സ്ഥാനം വലുതാണ്. സാധാരണ മനുഷ്യരുടെ ജീവിതത്തെ നാടോടി ഗാനങ്ങൾ ലളിതമായ ഭാഷയിൽ ആവിഷ്കരിച്ചു. മലയാളത്തിന്റെ തനിമയാർന്ന താളവും ഈണവും അവയിൽ തിരയടിക്കുന്നു.

വയലേലകളിൽ സംഗീതം കുടിച്ചുവളർന്ന മലയാളഭാഷ പിൽക്കാലത്ത് ഉജ്ജ്വലങ്ങളായ ഇതിഹാസ കഥകളെപ്പോലും ഉൾക്കൊള്ളാനുള്ള കെൽപ്പു നേടി. തുഞ്ചത്ത് എഴുത്തച്ഛൻ പ്രസിദ്ധങ്ങളായ രണ്ടു കിളിപ്പാട്ടുകളിലൂടെ മഹാഭാരത രാമായണ കഥകൾ നമുക്കു പകർന്നു തന്നു. മലയാളഭാഷയ്ക്ക് പുതിയൊരു വടിവും ചന്തവും ചാർത്തിക്കൊടുത്ത എഴുത്തച്ഛനെ നാം മലയാള ഭാഷയുടെ പിതാവെന്നു വിശേഷിപ്പിക്കുന്നു.

## സീതാസ്വയംവരം

വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ?
ചൊല്ലുകെ'ന്നതു കേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ:
'എല്ലാമാ,മാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ.'
മന്ദഹാസവും പൂണ്ടു രാഘവനതു കേട്ടു
മന്ദംമന്ദംപോയ് ചെന്നുനിന്നു കണ്ടിതു ചാപം.
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം,
നിന്നരുളുന്നനേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു, വിസ്മയപ്പെട്ടു ജനം.
ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നുചേതസി കൗശികനും
മൈഥിലിതന്നെപ്പരിചാരികമാരും നിജ-
മാതാക്കന്മാരുംകൂടി നന്നായിച്ചമയിച്ചാർ.
സ്വർണവർണത്തെപ്പൂണ്ട മൈഥിലി മനോഹരി



സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണമാലയും ധരിച്ചാദരാൽ മന്ദം മന്ദ-
മർണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ,
പിന്നാലേ വരണാർഥമാലയുമിട്ടീടിനാൾ
മാലയും ധരിച്ചു നീലോല്പലകാന്തി തേടും
ബാലകൻ ശ്രീരാമനുമേറ്റവും വിളങ്ങിനാൻ.
ഭൂമിനന്ദനയ്ക്കനുരൂപനായ് ശോഭിച്ചീടും
ഭൂമിപാലകബാലൻതന്നെക്കണ്ടവർകളും
ആനന്ദാംബുധിതന്നിൽ വീണുടൻ മുഴുകിനാർ
മാനവവീരൻ വാഴ്കെന്നാശിയും ചൊല്ലീടിനാർ
അന്നേരം വിശ്വാമിത്രൻ തന്നോടു ജനകനും
വന്ദിച്ചുചൊന്നാ 'നിനിക്കാലത്തെക്കളയാതെ
പത്രവും കൊടുത്തയച്ചീടേണം ദൂതന്മാരെ-
സ്സത്വരം ദശരഥഭൂപനെ വരുത്തുവാൻ.'

**അധ്യാത്മരാമായണം കിളിപ്പാട്ട്** **എഴുത്തച്ഛൻ**

| | | |
|---|---|---|
| ചൊല്ലുക | - | പറയുക |
| മന്ദഹാസം | - | പുഞ്ചിരി |
| കല്യാണം | - | ഐശ്വര്യം |
| രാഘവൻ | - | ശ്രീരാമൻ |
| ചാപം | - | വില്ല് |
| ജ്വലിച്ച | - | വർധിച്ച |
| ജിതശ്രമം | - | അനായാസം (എളുപ്പത്തിൽ) |
| ഉരഗം | - | പാമ്പ് |
| മൈഥിലി | - | സീത |
| ചേതസ് | - | മനസ് |
| കൗശികൻ | - | വിശ്വാമിത്രൻ |
| ഭൂഷണം | - | അലങ്കാരം |
| നിജ | - | തന്റെ (സ്വന്തമായ) |
| അർണോജനേത്രൻ | - | താമരപോലെയുള്ള കണ്ണോടുകൂടിയവൻ |
| | - | സുന്ദരൻ, ശ്രീരാമൻ |
| സത്രപം | - | നാണത്തോടുകൂടി |
| നേത്ര+ഉല്പലം | - | നേത്രോല്പലം |
| വരണാർഥമാല | - | വിവാഹ മാല |
| നീല + ഉല്പല + കാന്തി | - | നീലോല്പലകാന്തി |
| അംബുധി | - | കടൽ |
| ആനന്ദാംബുധി | - | ആനന്ദ + അംബുധി (ആഹ്ലാദമാകുന്ന കടൽ) |
| പത്രം | - | കത്ത് (അറിയിപ്പ്) |
| സത്വരം | - | പെട്ടെന്ന് |

### പഠനപ്രവർത്തനങ്ങൾ

- രാമൻ ത്രയംബകചാപം ഒടിച്ചപ്പോഴുണ്ടായ ശബ്ദഘോഷത്തെ കവി ഇടിമുഴക്കത്തോടാണല്ലോ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ആ സമയത്ത് സീതയിലും സദസ്യരിലുമുണ്ടായ ഭാവഭേദങ്ങൾ കവി വർണിച്ചിരിക്കുന്നതെങ്ങനെ? വർണനയുടെ ഔചിത്യം ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുക.

  "സ്വർണവർണത്തെപ്പൂണ്ട മൈഥിലി മനോഹരി
  സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ"

  സീതയുടെ രൂപഗുണങ്ങളാണല്ലോ ഈ വരികളിൽ വർണിച്ചിരിക്കുന്നത്. നായികയുടെ സ്വഭാവഗുണങ്ങൾ എഴുത്തച്ഛൻ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയാണ്? ലഘുകുറിപ്പു തയാറാക്കുക.

- <u>ചൊല്ലിനാൻ</u> വിശ്വാമിത്രൻ

  മൈഥിലി സന്തോഷം <u>പൂണ്ടാൾ</u>

  അടിവരയിട്ട പദങ്ങൾ ശ്രദ്ധിക്കൂ. ക്രിയാപദങ്ങളിൽ ആൻ, ആൾ എന്നിങ്ങനെയുള്ള പ്രത്യയങ്ങൾ ചേർത്തിരിക്കുന്നത് എന്തുകൊണ്ടാണ്? വാക്യത്തിലെ കർത്താവിന്റെ ഏതെങ്കിലും സവിശേഷതകൾ ഇത് ഉൾക്കൊള്ളുന്നുണ്ടോ? സമാനമായ മറ്റു പദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി സവിശേഷത വ്യക്തമാക്കുക?

- ശബ്ദാവർത്തനം, സാദൃശ്യകല്പനകൾ, വർണനകളുടെ മികവ് എന്നിവ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ കാവ്യഭാഷയെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക.

**തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ** (16–ാം നൂറ്റാണ്ട്)

തൃക്കണ്ടിയൂർ തിരൂർ തുഞ്ചൻപറമ്പിലാണ് ജനനം. കിളിപ്പാട്ട് എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. മലയാളഭാഷയുടെ പിതാവ് എന്ന നിലയിൽ പ്രശസ്തി. തൃക്കണ്ടിയൂരിലും ചിറ്റൂരിലും പാഠശാലകൾ സ്ഥാപിച്ച് വിദ്യാപ്രചാരണം നടത്തി. ചിറ്റൂർ ഗുരുമഠം സ്ഥാപിച്ചു. അധ്യാത്മരാമായണം, മഹാഭാരതം, ദേവീമാഹാത്മ്യം, ബ്രഹ്മാണ്ഡപുരാണം, ശതമുഖപുരാണം, ഹരിനാമകീർത്തനം, ചിന്താരത്നം തുടങ്ങിയവ പ്രധാനകൃതികൾ.

ഭാഷ വളർന്നുകൊണ്ടിരിക്കുന്നു. മാറ്റങ്ങൾ വളർച്ചയുടെ ഭാഗമാണ്. മാറ്റങ്ങളിൽ ചിലത് ഗുണകരമാവാം, അല്ലാതെയുമാവാം.

## വെങ്കലമലയാളം

ഓനും ഓളും ചാവും. ജ്ജും യ്യും പുഗ്ഗും. ഒക്കത്തില്ലെന്നു പറയാനൊക്കില്ല. കാര്യം കഷ്ടമാണ്. പക്ഷേ, പറഞ്ഞിട്ടെന്താ, സംഗതികളുടെ പോക്കങ്ങോട്ടാണ്.

ജും ഞമ്മളും പസുവും പുഷുവുമെല്ലാം പൊയ്ക്കോട്ടെ. അടിയനും തമ്പ്രാനും പോവുകതന്നെ വേണം. എന്തുകൊണ്ടെന്നാൽ അതെല്ലാം ഓരോ മതക്കാരുടെയും ജാതിക്കാരുടെയും അടിയാളന്മാരുടെയും അനഭ്യസ്തരുടെയും ഭാഷയാണ്. ജാതിമത തൊഴിലാളി മുതലാളിഭേദങ്ങൾ ഭാഷയിൽ നിന്നുപോലും പോകേണ്ടതത്യാവശ്യമാണ്. അനഭ്യസ്തതകൊണ്ടുള്ള വികലപ്രയോഗങ്ങൾ ഭാഷയ്ക്കു മുതൽക്കൂട്ടാകയില്ലെന്നതിനാൽ അവയും പോണം. എന്നാൽ, പ്രാദേശികഭേദങ്ങളുടെ കാര്യമതല്ല. കോട്ടയം ഭാഷയും കൊടുങ്ങല്ലൂർക്കാരുടെ ഭാഷയും പോയാൽ, കുന്നംകുളം ഭാഷയും ഗുരുവായൂർക്കാരുടെ ഭാഷയും പോയാൽ, വള്ളുവനാടൻ മലയാളം പോയാൽ, പാലക്കാടൻ മലയാളം പോയാൽ, വടകര ഭാഷയും കണ്ണൂർ ഭാഷയും പയ്യന്നൂർ ഭാഷയും പോയാൽ കഷ്ടം തന്നെയാണ്. കേരളത്തിൽ അങ്ങുന്നിങ്ങോളമെല്ലാവരും ഒരേ വാക്കിൽ ഒരേ രീതിയിൽ സംസാരിക്കാൻ തുടങ്ങിയാൽ അതിൽപ്പരം ഒരധപ്പതനം മലയാളത്തിനു സംഭവിക്കാനില്ല.



എന്നാൽ, സംഭവിക്കാൻ പോകുന്നതതാണ്. അല്ല സംഭവിച്ചുകൊണ്ടിരിക്കുന്നതതാണ്. ഏറിയാലൊരമ്പതു കൊല്ലത്തിനപ്പുറം എല്ലാ മലയാളികളുടെ സംസാരവും തനി അച്ചടി ഭാഷയിലാകും.

തോട്ടം തോറും വാഴ, ദേശംതോറും ഭാഷ - അതായിരുന്നു ഇന്നലെവരെ കേരളത്തിന്റെയും

മലയാളത്തിന്റെയും സ്ഥിതി. നഗരവൽക്കരണം കാരണം വീട്ടിലൊരു അതിഥി വന്നാൽപ്പോലും തങ്ങളുണ്ണുന്ന കിണ്ണത്തിൽത്തന്നെ ചോറുകൊടുക്കണമെന്ന ഗതികേടു വന്നിരിക്കുന്നു. അടയുണ്ടാക്കണമെങ്കിൽ അരിയും ശർക്കരയും നാളികേരവും മാത്രമല്ല ഇലയും അങ്ങാടിയിൽ നിന്നു വാങ്ങണം. പുരയ്ക്കു തീ പിടിച്ചാൽ വെട്ടിത്തല്ലാൻ മുറ്റത്തു വാഴയില്ല. (മുക്കിയൊഴിക്കാൻ കുളവുമില്ല. വെള്ളം ഫയർ സർവീസുകാർ കൊണ്ടു വരണം.) അതുപോട്ടെ. ഒരേ ഇനത്തിൽ പെട്ടതായാലും ഓരോ തോട്ടത്തിലുള്ള വാഴയ്ക്കും ഇന്നലെവരെ പ്രത്യേക വ്യക്തിത്വമുണ്ടായിരുന്നു. ഒരേ രാസവളപ്രയോഗംകാരണം ഇന്ന് ആ വ്യക്തിത്വമില്ലാതായിരിക്കുന്നു. കേരളവും മലയാളവും ഒന്നടക്കം നഗരസംസ്കാര ത്തിന്നടിപ്പെട്ടു തുടങ്ങുന്നു എന്നതിന്റെ ലക്ഷണമാണിവയെല്ലാം.

നാട്ടുംപുറക്കാരുടെ ഭാഷയിൽപ്പോലും പ്രാദേശിക ഭേദങ്ങൾ കുറഞ്ഞു കുറഞ്ഞു വരികയാണ്, എല്ലായിടത്തും. ഒരേ പുസ്തകങ്ങളിലൂടെയുള്ള പ്രൈമറി സെക്കന്ററി വിദ്യാ ഭ്യാസം എല്ലാ വിദ്യാലയങ്ങളിലും എല്ലാ പ്രദേശത്തുകാരുമായ കുട്ടികളും അധ്യാപകരും ഏതു ദിക്കിലും എല്ലാ ദിക്കുകാരും ഉദ്യോഗസ്ഥന്മാരായും മറ്റും സ്ഥിരതാമസക്കാരായിരി ക്കുക, നിത്യേന പ്രഭാതത്തിൽ എല്ലാവരും ഒരേ പത്രം വായിക്കുക – ഒരേ റേഡിയോ കേൾക്കുക ഒരേ ടെലിവിഷൻ കാണുക ഇങ്ങനെ ഒരുപാടു കാരണങ്ങൾ കൊണ്ടാകണം – കേരളം ഒരേ ഭരണത്തിൻകീഴിൽ വന്നതുകൊണ്ടും – മലയാളത്തിലെ പ്രാദേശികഭേദ ങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്.

ദേശഭാഷകൾ ഇല്ലാതാവാൻ കാരണമായിപ്പറഞ്ഞ ഈ മാറ്റങ്ങളെല്ലാം തന്നെ നല്ല താണ്. എന്നാൽ, അവയ്ക്കിങ്ങനെയൊരു ഫലം കൂടിയുണ്ടാകുന്നത് നല്ലതല്ല. എന്തു കൊണ്ടെന്നാൽ പ്രാദേശികങ്ങളായ വാമൊഴിപ്പിരിവുകൾ ഭാഷയ്ക്കത്യാവശ്യമാണ്.

പ്രാദേശിക വാമൊഴികളിൽ നിന്ന് ഉൾക്കൊള്ളേണ്ടവ ഉൾക്കൊണ്ടായിരിക്കണം വര മൊഴിയുടെ വളർച്ച. എന്നാൽ, നമ്മുടെ മലയാളം മറ്റുള്ള ഭാഷകളുൾക്കൊണ്ടു മാത്ര മാണ് തുടക്കം മുതൽ വളർന്നിട്ടുള്ളത്. ഇന്നും വളരുന്നതങ്ങനെ മാത്രമാണ്. ഒരു പ്രദേ ശത്തെ പദങ്ങളും പ്രയോഗങ്ങളും മറ്റു പ്രദേശക്കാർ പുച്ഛിച്ചകറ്റുകയാണ്. അന്യോന്യം കളിയാക്കാൻ മാത്രമാണ് നാമിവയിന്നുപയോഗിക്കുന്നത്. തെക്കൻ ഭാഷകളിൽ നിന്നും വടക്കൻ ഭാഷകളിൽ നിന്നുമെല്ലാം നല്ല നല്ല പദങ്ങളും പ്രയോഗങ്ങളുമെടുത്ത് തറവാ ട്ടിലെ പൊതുസമ്പത്തു വർധിപ്പിക്കണമെന്നു നമ്മുടെ പൂർവികർക്കു തോന്നിയില്ല. നമുക്കും തോന്നുന്നില്ല. അതിനാൽ ഓരോ വസ്തുവിന് ഓരോ ദിക്കിൽ നടപ്പുള്ള ഓരോ പേരും നിഘണ്ടുവിൽ അതാതിടത്തു വെറേവേറെ കിടക്കുകയാണ്. നാമവ ഒന്നിച്ചൊരിടത്തു ചേർത്തു പര്യായങ്ങളായുപയോഗിക്കുന്നില്ല. (മലയാളത്തിനിന്നോളം മലയാളത്തിന്റേതായ ഒരു പര്യായനിഘണ്ടുവുമുണ്ടായിട്ടില്ലെന്ന നാണക്കോടോർക്കുക. മലയാള പര്യായപദ ങ്ങൾ ക്രോഡീകരിച്ച് പത്തു നൂറുകൊല്ലം മുമ്പ് ഖവ്വാസുൽ മുസ്ലിമീൻ – ലക്കണ നഹ്‌വ് നിഘണ്ടു എന്ന പേരിൽ ഒരു പര്യായ നിഘണ്ടു അറബി- മലയാളത്തിൽ ഇറങ്ങി യിട്ടുണ്ടത്രേ.)

മലയാളിക്കിന്നും ഒരു മലയാളവാക്കിനു മറ്റൊരു വാക്കു വേണമെങ്കിൽ ഉടൻ സംസ്കൃതത്തിലെ അമരകോശത്തിന്റെ അരികിലേക്കോടണം. (പുതിയ പഠിപ്പുകാർക്ക് ഇംഗ്ലീഷിൽ നിന്നു പദമെടുത്ത് പര്യായമാക്കാൻ മടിയില്ല. നക്ഷത്രത്തിന് സ്റ്റാർ എന്നു പര്യായം പറയും, മീൻ എന്നു പറയുകയുമില്ല. അറിഞ്ഞിട്ടുവേണ്ടേ പറയാൻ. അറിയണ

മെങ്കിൽ പഠിക്കണ്ടേ. പഠിക്കണമെങ്കിൽ പഠിപ്പിക്കണ്ടേ. പഠിപ്പിക്കണമെങ്കിൽ അതിനാവശ്യമായ പുസ്തകം വേണ്ടേ.)

പ്രാദേശിക ഭേദങ്ങൾ മുഴുവൻ അപ്രത്യക്ഷമാകുന്നതിനുമുമ്പ് അവയിൽ നിന്നെടുക്കേണ്ടവയെല്ലാം എടുത്ത് നാം നമ്മുടെ മലയാളത്തിനിനിയെങ്കിലും ഉൾക്കരുത്തുണ്ടാക്കേണ്ടിയിരിക്കുന്നു. ഉൾക്കരുത്തു നേടാതെ അന്യഭാഷകളിൽ നിന്നു കണ്ടമാനമെടുത്തതുകൊണ്ടാണ് നമ്മുടെ മലയാളം വെറുമൊരു വെങ്കലഭാഷയായത്.

**ഊണുതൊട്ട് ഉറക്കംവരെ** **കുഞ്ഞുണ്ണി**

## പഠനപ്രവർത്തനങ്ങൾ

- പ്രാദേശിക പദങ്ങൾ ശേഖരിച്ച് നിഘണ്ടു തയാറാക്കുക. ഓരോ പദവും ഏതു പ്രദേശത്തെ ഭാഷാഭേദമാണെന്ന് വ്യക്തമാക്കാൻ ശ്രമിക്കണം.
- നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മലയാളത്തനിമയെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക. അന്യഭാഷാപദങ്ങളുടെ കടന്നുകയറ്റം, പരിഷ്കാരത്തിനുവേണ്ടി ഉച്ചാരണരീതിയിലുണ്ടായ മാറ്റം, ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം തുടങ്ങിയവ പരിഗണിക്കണം.
- ഭാഷയുടെ വൈവിധ്യം പോലെ തന്നെ ജീവിത രീതിയിലെ വൈവിധ്യവും നഷ്ടമായിക്കൊണ്ടിരിക്കുകയാണെന്ന് കുഞ്ഞുണ്ണിമാഷ് വെളിപ്പെടുത്തുന്നുണ്ടല്ലോ. നിത്യജീവിതസന്ദർഭങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.
- 'ഓനും ഓളും ചാവും' - ഈ വാക്യത്തിൽ 'ഉം' ഏതെല്ലാം അർഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്?

### കുഞ്ഞുണ്ണി

തൃശ്ശൂർ ജില്ലയിലെ അതിയാരത്ത് വലപ്പാട്ട് 1927 മെയ് 10ന് ജനനം. അധ്യാപകനായിരുന്നു. കേരളസാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായി. കുട്ടിക്കവിതകൾ, കുഞ്ഞുണ്ണിക്കവിതകൾ, കുറ്റിപ്പെൻസിൽ (ചെറുകഥ), ഊണുതൊട്ട് ഉറക്കംവരെ, അക്ഷരത്തെറ്റ് തുടങ്ങിയവ പ്രധാനകൃതികൾ. കേരളസാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം (1977) കേരളസാഹിത്യ അക്കാദമിയുടെ കവിതാപുരസ്കാരം (1987) തുടങ്ങിയ അവാർഡുകൾ ലഭിച്ചു. 2006 മാർച്ച് 26ന് മരണം.

# പണ്ടത്തെ പാട്ടുകൾ

നമ്മുടെ മാതാവു - കൈരളി പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയമാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മ തന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാല്ക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

വൃത്തവ്യവസ്ഥയില്ല, ക്ഷരവ്യക്തിയി-
ല്ല,ർഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലിഗ്ഗീത,-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽപോലെ?
നാരായക്കൂർപ്പിനാൽ നൊന്തു ഞെരങ്ങിക്കൊ-
ണ്ടോരോരോ കീറോലതന്നിൽ വീഴാൻ
സംഗതിവന്നിട്ടില്ലിക്കൃതിക്കാ,ളുകൾ
സന്തതം നെഞ്ചേറ്റി ലാളിക്കയാൽ.
കേട്ടു പഠിച്ചു പഠിച്ചു നടപ്പായ
പാട്ടിതു നമ്മൾക്കൊരന്യവേദം!

കുമ്പിട്ടുനിന്നു, കൃഷീശ്വരിതൻ തിരു-
മുമ്പിലായ്ക്കാണിക്കവയ്ക്കുമ്പോലെ
ഞാറു നടുന്ന നിരക്ഷരപ്പെണ്ണുങ്ങൾ
കൂറോടിപ്പാട്ടുകൾ നീട്ടിപ്പാടി,
മാരിയെപ്പൂതൂകലാക്കുന്നു; പാടത്തെ
ച്ചേറിനെക്കസ്തൂരിച്ചാറാക്കുന്നു!

സംസ്കൃതഭാഷയോടുൾക്കൊണ്ട സഖ്യമാർ-
ന്നുൽക്കൃഷ്ടകാര്യവിചാരമോടേ
മേവുമിക്കാലമെങ്ങ്?-ക്കളിക്കൂത്തെങ്ങു?
ഭാവങ്ങളത്രയും മാറിയല്ലോ,
ഇപ്പൊഴുതപ്പച്ചപ്പാട്ടുകളെന്നമ്മ-
യ്ക്കൽപ്പമൊരുൾത്രപ ചേർപ്പീലല്ലീ?
ഗ്രാമ്യങ്ങളാകിലുമഗ്ഗേയകാവ്യങ്ങൾ
കാമ്യങ്ങൾ നാഗരികാഗ്രിമർക്കും!
നൂതനനൂതനസംസ്കാരമോരോന്നു
നാൾതോറുമുണ്ടായ് വരട്ടേ നാട്ടിൽ;
കോകിലകാകളിക്കെന്തുവാൻ വ്യത്യാസം?
ഏകുമതാനന്ദമന്നുമിന്നും!

**സാഹിത്യമഞ്ജരി** **വള്ളത്തോൾ**

| | | |
|---|---|---|
| കൈരളി | - | മലയാളം |
| പൊൻ + മണി + പൈതൽ | - | പൊന്മണിപ്പൈതൽ |
| ചേതസ് | - | മനസ്സ് |
| ഏടലർച്ചെങ്കാൽച്ചിലങ്ക | - | താമരപ്പൂപോലെ സുന്ദരമായ കാലിലെ ചിലങ്ക |
| പൂങ്കണ്ഠം | - | സുന്ദരമായി പാടുന്ന കണ്ഠം |
| ചെകിട് | - | കാത് |
| കോൾമയിർ | - | രോമാഞ്ചം |
| അക്ഷരവ്യക്തി | - | അക്ഷരവ്യക്തത |
| അർഥോപപത്തി | - | അർഥച്ചേർച്ച |
| നാരായം | - | പണ്ടത്തെ എഴുത്തുപകരണം |
| സന്തതം | - | എല്ലായ്പ്പോഴും |
| മാരി | - | മഴ |
| ത്രപ | - | ലജ്ജ |
| കാമ്യം | - | മനോഹരം |
| നൂതനം | - | പുതിയത് |
| കോകിലകാകളി | - | കുയിൽനാദം |
| ഗ്രാമ്യം | - | പരിഷ്കാരമില്ലാത്തത് |
| സഖ്യം | - | ബന്ധം |
| ഉൽക്കൃഷ്ടം | - | മേന്മയേറിയത് |
| ഗേയം | - | നന്നായി പാടാവുന്നത് |
| നാഗരികാഗ്രിമർ | - | വിദ്യാസമ്പന്നരായ നഗരവാസികൾ |

## പഠനപ്രവർത്തനങ്ങൾ

- ♦ പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
  വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
  പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
  പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം-

  ♦ മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
  മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ (എന്റെ ഭാഷ)

  രണ്ടു കാവ്യഭാഗങ്ങളിലെയും ഭാഷാസങ്കല്പം താരതമ്യം ചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

- നാടൻപാട്ടുകളെ പച്ചപ്പാട്ടുകളെന്ന് വള്ളത്തോൾ വിശേഷിപ്പിച്ചതെന്തുകൊണ്ടാവാം? അഭിപ്രായ രൂപീകരണം നടത്തുക.

- "കൃഷീശ്വരി തൻ തിരുമുമ്പിലായ് കാണിക്കവെക്കുമ്പോലെ"

  കൃഷീശ്വരി എന്നതിനു കൃഷിയുടെ ഈശ്വരി എന്നാണർഥം.
  ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കണ്ടെത്താമോ?

  ഉദാ: സൂര്യരശ്മി (സൂര്യന്റെ രശ്മി)
  കലാദേവത (കലയുടെ ദേവത)

  കൃഷിക്ക് ഒരു ദേവത ഉണ്ട് എന്ന മനോഭാവം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ? വർത്തമാനകാലാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ വിഷയത്തെ അടിസ്ഥാനമാക്കി ലഘൂപന്യാസം തയാറാക്കുക.

### വള്ളത്തോൾ നാരായണമേനോൻ

പൊന്നാനി താലൂക്കിൽ 1878 ൽ ജനനം. 1927 ൽ കേരളകലാമണ്ഡലം സ്ഥാപിച്ചു. ആത്മപോഷിണി പത്രാധിപർ, സാഹിത്യ അക്കാദമി ആദ്യ ഉപാധ്യക്ഷൻ, കേന്ദ്രസാഹിത്യ അക്കാദമിയംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. സാഹിത്യ മഞ്ജരി 11 ഭാഗം, ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, അച്ഛനും മകളും, ചിത്രയോഗം (മഹാകാവ്യം), വാല്മീകി രാമായണ പരിഭാഷ, ഋഗ്വേദ പരിഭാഷ, ശാകുന്തള പരിഭാഷ എന്നിവ പ്രധാനകൃതികൾ. കവിതിലകൻ, ആസ്ഥാന മഹാകവി, കവിസാർവ്വഭൗമൻ, പത്മഭൂഷൺ എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.



# നിത്യസുരഭിയാംഭൂമി

"അതാണല്ലോ രസം. ഒരു താങ്ങുമില്ലാതെ കോടാനുകോടി ഗോളങ്ങളെ നിലനിർത്തിയിരിക്കുന്ന ദൈവംതമ്പുരാൻ ഭൂമിയിൽ ജീവികൾക്കായി എന്തെല്ലാം സൃഷ്ടിച്ചിരിക്കുന്നു! പഴങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ, പുല്ല്, പുഷ്പങ്ങൾ, വെള്ളം, വായു പിന്നെ ചൂടും വെളിച്ചവും. ഭൂമിയുടെ ഉൽപ്പന്നങ്ങളുടെയെല്ലാം അവകാശികളാണ് ജന്തുക്കളും മൃഗങ്ങളും പക്ഷികളും കൃമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും. ഈ പരമാർഥം എപ്പോഴും ഓർക്കുന്നതു നല്ലതാണെന്നു തോന്നുന്നില്ലേ?" (ഭൂമിയുടെ അവകാശികൾ - ബഷീർ) - മനുഷ്യർ ഇതോർക്കാറുണ്ടോ? പ്രകൃതിയിലുള്ളതെല്ലാം തനിക്കുവേണ്ടി മാത്രമാണ് എന്ന ചിന്തയല്ലേ മനുഷ്യനെ നയിക്കുന്നത്. പ്രകൃതിയുടെ ഭാവമൊന്നു മാറിയാലോ? നാം ആർജിച്ചു വച്ചിരിക്കുന്നതെല്ലാം ഒരു ഞൊടിയിട കൊണ്ടു നശിപ്പിക്കാനും പ്രകൃതിക്കു കഴിയും. ഭൂമിയിൽ ഐശ്വര്യം സ്ഥിരമല്ല എന്നും പ്രകൃതി തന്നെ നമ്മെ പഠിപ്പിക്കുന്നില്ലേ?

## മഞ്ഞുകാലം

ശീതംതഴച്ചൊരു ഹേമന്തകാലവും
ആമന്ദം പോന്നിങ്ങു വന്നിതപ്പോൾ.
പാലാഴിത്തൂവെള്ളം തൂകുന്നപോലെ നൽ
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.
ചണ്ഡനായുള്ളൊരു പങ്കജനാഥൻതൻ
മണ്ഡലം മങ്ങിച്ചമഞ്ഞുകൂടി.
കെൽപ്പില്ലാതായവർക്കൊപ്പുണ്ടായ് മേവുകിൽ
കെൽപ്പരെ വെന്നിടാമെന്നേയുള്ളൂ.....
വാരുറ്റകാന്തികലർന്നുള്ള വാരിജ
മോരോന്നേ മങ്ങീമയങ്ങീതപ്പോൾ
കാന്തനുകാന്തികുറഞ്ഞതുകാണുമ്പോൾ
കാന്തമാർകാന്തിയും മങ്ങുമല്ലോ.
ചീർത്തുനിന്നുള്ളൊരു ശീതത്തെപ്പൂണ്ടു നി-
ന്നാർത്തൻമാരായിച്ചമഞ്ഞെല്ലാരും.
കൈത്തലംകൊണ്ടുതൻ മാറത്തുനന്നായി
സ്വസ്തികാബന്ധം തുടങ്ങീതെങ്ങും.

| | | |
|---|---|---|
| ആമന്ദം | - | സാവകാശം |
| പ്രാലേയം | - | മഞ്ഞ് |
| ഒപ്പുണ്ടായ് മേവുകിൽ | - | ഒപ്പം നിന്നാൽ |
| ചണ്ഡൻ | - | ശക്തൻ |
| പങ്കജനാഥൻ | - | സൂര്യൻ |
| സ്വസ്തിക | - | കുരിശടയാളം പോലെ കൈകൾ ചേർത്തുവെക്കൽ |
| വായ്പാർന്ന | - | ബലമുള്ള |
| കാർപ്പാസം | - | പരുത്തിത്തുണി |
| കൂർപ്പാസം | - | കുപ്പായം |
| ആദിത്യസേവ | - | വെയിലുകായൽ |
| പാവകസേവ | - | തീകായൽ |
| ദന്തം | - | പല്ല് |
| അന്തണർ | - | ബ്രാഹ്മണർ |
| വാരിജം | - | താമര |
| കാന്തൻ | - | ഭർത്താവ് |
| കാന്ത | - | ഭാര്യ |
| ചീർത്ത | - | വർധിച്ച |
| ആർത്തൻ | - | ദുഃഖിതൻ |



വായ്പാർന്നുനിന്നുള്ള കാർപ്പാസംകൊണ്ടുനൽ
കൂർപ്പാസംമേനിയിൽ ചേർത്തെപ്പോഴും,
ആദിത്യസേവയും പാവകസേവയു
മായിത്തുടങ്ങിപലർക്കുമപ്പോൾ.....
ശീതത്തെത്തൂകുന്ന ഹേമന്തകാലമാം
ഭൂതത്തിൻ കോമരമെന്നപോലെ
ഭൂതലം തന്നിലെ മാലോകരെല്ലാരും
ചാലേവിറച്ചു തുടങ്ങീതപ്പോൾ.
ദന്തങ്ങളെക്കൊണ്ടു താളം പിടിച്ചിട്ടു
സന്ധ്യയെ വന്ദിച്ചാരന്തണരും.
വെള്ളമെന്നിങ്ങനെ ചൊല്ലിത്തുടങ്ങുമ്പോൾ
തുള്ളിത്തുടങ്ങി വിറച്ചെല്ലാരും.
തീയ്ക്കും തന്നുള്ളിലെ തോന്നിത്തുടങ്ങീതേ
തീക്കായവേണമെനിക്കുമിന്ന്.

**കൃഷ്ണഗാഥ** **ചെറുശ്ശേരി**

## പഠനപ്രവർത്തനങ്ങൾ

- കാവ്യസൗന്ദര്യം വിശദീകരിക്കുക

  ശീതത്തെത്തൂകുന്ന ഹേമന്തകാലമാം
  ഭൂതത്തിൻകോമരമെന്നപോലെ
  ഭൂതലം തന്നിലെമാലോകരെല്ലാരും
  ചാലേവിറച്ചുതുടങ്ങീതപ്പോൾ
- ശൈത്യകാലത്തിന്റെ തീക്ഷ്ണത ശക്തമായി പ്രതിഫലിപ്പിക്കുന്ന വരികൾ കണ്ടെത്തി സമർഥിക്കുക.
- ശീതബാധയേറ്റ മനുഷ്യരെ ചിത്രീകരിക്കുന്നതിൽ ചെറുശ്ശേരിയുടെ ഫലിതബോധം എത്രത്തോളം പ്രകടമാണ് - വിശദീകരിക്കുക.
- കെൽപ്പില്ലായാതോർക്കുമൊപ്പുണ്ടായ് മേവുകിൽ
  കെൽപ്പരെ വെന്നിടാമെന്നേയുള്ളൂ.
  കാവ്യസന്ദർഭത്തിൽ വരികളുടെ ഔചിത്യമെന്ത്? നമ്മുടെ സാമൂഹ്യചുറ്റുപാടിൽ നിന്നു ഈ വരികൾ വ്യഖ്യാനിക്കാമോ?

### ചെറുശ്ശേരി നമ്പൂതിരി (15-ാം നൂറ്റാണ്ട്)

കാനത്തൂർ ഗ്രാമത്തിലെ ചെറുശ്ശേരി ഇല്ലത്തിൽ ജനനം. കോലത്തുനാട്ടിലെ കേരളവർമ്മ രാജാവിന്റെയും ഉദയവർമ്മ രാജാവിന്റെയും സദസ്യനായിരുന്നു. ഉദയവർമ്മയുടെ ആവശ്യപ്രകാരമാണ് കൃഷ്ണഗാഥ (കൃഷ്ണപ്പാട്ട്) എന്ന മഹാകാവ്യം രചിച്ചത്. വീരശൃംഖലയും സ്ഥാനമാനങ്ങളും നൽകി ഉദയവർമ്മ മഹാകവിയെ പ്രോത്സാഹിപ്പിച്ചു. ഭക്തി, ഫലിതം, ശൃംഗാരം ഇവയാണ് കൃഷ്ണ ഗാഥയിൽ നിറഞ്ഞുനിൽക്കുന്നത്.

# ഭൂമിയുടെ അവകാശികൾ

ഭൂഗോളത്തിൽ ച്ചിരിപ്പിടിയോളം ഭാഗത്തിന്റെ ആജീവനാന്ത അവകാശിയായിത്തീർന്നതോടെ ഭാവിജീവിതം സുരക്ഷിതമായി എന്നു ദൃഢമായിത്തന്നെ വിശ്വസിച്ചു. സംഭവം രണ്ടേക്കർ തെങ്ങുംപറമ്പാണ്. നന്നാക്കി സ്റ്റൈലാക്കാൻ കഴിയുന്ന ഒരു പഴയ വീടുമുണ്ട്. തേങ്ങ വിറ്റ് എല്ലാ ജീവിതാവശ്യങ്ങളും നേടാം. കുറെ മാവുകളും രണ്ടു വരിക്ക പ്ലാവുമുണ്ട്. വീട്ടാവശ്യത്തിനുള്ള വിറക് പറമ്പിൽ നിന്നു തന്നെ കിട്ടും. പുരാതനമായ ഒരു കിണറുമുണ്ട്. നല്ല വെള്ളം സുലഭം.

ആകെക്കൂടി ജീവിതം പരമസുഖമാണെന്നു വിചാരിച്ചിരിക്കുമ്പോഴാണ് - എന്തു പറയാൻ! ഭൂഗോളത്തിന്റെ ച്ചിരിപ്പിടിയോളം കഷണം വാങ്ങിയ വില മുഴുവനും തീറാധാരത്തിൽ കാണിച്ചതിനാൽ ഭീമമായ സംഖ്യയ്ക്ക് മുദ്രപ്പത്രങ്ങൾ വാങ്ങേണ്ടിവന്നു. അതായത് വലിയ ഒരു സംഖ്യ നിലവിലുള്ള ഗവൺമെന്റിന് കൊടുത്തു എന്നർഥം. ഭൂവുടമയ്ക്കു ഗവൺമെന്റ് എല്ലാവിധ സംരക്ഷണവും നൽകേണ്ടതല്ലേ? വീട്ടുനികുതിയും പറമ്പിന്റെ നികുതിയും കൊടുക്കുന്നുണ്ട്. തീപിടിച്ച വിലയ്ക്കു വാങ്ങിയ കഷണം ഭൂമിയുടെ എല്ലാ ഉടക്കുകളും തീർത്തിട്ടുമുണ്ട്. മുന്നാധാരങ്ങളെല്ലാം സഭദ്രം പെട്ടിയിലിരിക്കുന്നു. ഭൂഗോളത്തിലെ ഈ രണ്ടേക്കർ സ്ഥലത്തിന് ക്ഷീരപഥത്തിലോ സൗരയൂഥത്തിലോ അണ്ഡകടാഹത്തിലോ പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളിലോ മറ്റാർക്കും, മറ്റാർക്കും തന്നെ യാതൊരവകാശവുമില്ല. ഈ സംഗതി നാടു ഭരിക്കുന്ന ഗവൺമെന്റ് ഉറപ്പുതന്നിട്ടുള്ളതുമാണ്.

ഇവിടെ തെങ്ങുകളും മാവുകളും പ്ലാവുകളും മാത്രമല്ല, പേരകളും കശുമാവുകളും മുരിങ്ങകളും പുളികളും പപ്പായകളും സപ്പോട്ടമരങ്ങളുമുണ്ട്. പിന്നെ ആറ്റമരങ്ങളും റുമാൻ മരങ്ങളും. കൂടാതെ തേക്കുകളും പൈൻമരങ്ങളുമുണ്ട്. ഗോൾഡൻ ചെമ്പകവുമുണ്ട്. മുറ്റത്തിന്റെ അതിരുകളിൽ പൂച്ചെടികൾ. പനിനീർച്ചെമ്പകങ്ങൾ. പൂക്കൾ വിരിഞ്ഞു നിൽക്കുന്ന മറ്റു ചെടികൾ. എല്ലാറ്റിനെയും ഉൾക്കൊള്ളിച്ച് രണ്ടേക്കർ. പറമ്പിന്റെ നാലുവശവും ഭദ്രമായി മുള്ളുവേലി കെട്ടിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള ഇരുമ്പുഗേറ്റും, ഗേറ്റിന്റെ രണ്ടു വശവും വെള്ളയും ചുവപ്പുമായി പുഷ്പിച്ചു പന്തലിച്ചു നിൽക്കുന്ന ബോഗൺവില്ല. ഗേറ്റു മുതൽ മുറ്റമാകെ വെള്ള മണൽ. പറമ്പിനും വീടിനും മറ്റും പൊതുകാവൽക്കാരനായി ഒരു ഉശിരൻ നായയുമുണ്ട്.; ഷാൻ എന്ന പേരിൽ. പിന്നെ ആശ്രിതരായ കോഴികൾ, പശുക്കൾ, ആടുകൾ, പൂച്ചകൾ. ഇവരെല്ലാവരുമായി ഒത്തൊരുമിപ്പോടെ കഴിഞ്ഞുവരുന്നു. മക്കളും ഭാര്യയുമുണ്ട്. എല്ലാവരുടെയും സുഖസമ്പൂർണ്ണമായ സുരക്ഷിത ജീവിതം തേങ്ങകളെ ആശ്രയിച്ചാണ്. തേങ്ങകൾ, മനസ്സിലായോ? തേങ്ങകൾ! അതാണു കഥ!

തടംകോരിച്ച് തെങ്ങുകൾക്കും മറ്റും വേണ്ടത്ര വളം ഉപ്പും കുമ്മായവും സഹിതം ഇട്ടിട്ടുണ്ട്. വളരെക്കാലം ശരിക്ക് ആഹാരം കിട്ടാതെ നിന്ന തെങ്ങുകൾ നല്ലവണ്ണം കായ്ക്കാൻ തുടങ്ങി. തിങ്ങിനിറഞ്ഞ പത്തുമിരുപതും കരിക്കുകൾ കുലകളിൽ. തെങ്ങു

| | |
|---|---|
| ക്ഷീരപഥം | - ആകാശഗംഗ |
| അണ്ഡകടാഹം | - ബ്രഹ്മാണ്ഡം, ലോകം ഒട്ടൊഴിയാതെയുള്ളത് |

കളിലേക്കു നോക്കുമ്പോൾ എല്ലാവരുടെയും മനസ്സു കുളിർത്ത് മുഖം സന്തോഷം കൊണ്ടു പ്രകാശിക്കും. തേങ്ങയ്ക്ക് വില കൂടിക്കൂടി വരുന്ന കാലവുമാണ്. വിളയട്ടെ. അങ്ങനെ രാപകലുകളിലൂടെ സന്തോഷസമേതം ജീവിച്ചുവരുമ്പോൾ....

തീറാധാരങ്ങളെയും മുള്ളുവേലികളെയും ഷാനെയും ഗവൺമെന്റിനെയും പ്രപഞ്ചങ്ങളിൽ ആരെയും മാനിക്കാത്ത ഒരു കൂട്ടർ ദാ പ്രത്യക്ഷപ്പെടുന്നു!

ഇവർക്ക് ഈ സ്വകാര്യ സ്വത്തായ രണ്ടേക്കർ സ്ഥലത്ത് എന്തവകാശം?

ആദ്യമായി കണ്ടത് പക്ഷികളെയും ചിത്രശലഭങ്ങളെയുമാണ്; എത്രതരം പക്ഷികൾ! എത്രയെത്ര ചിത്രശലഭങ്ങൾ! പക്ഷികൾ വൃക്ഷക്കൊമ്പുകളിലും ചെടികളിലും വന്നിരുന്ന് ശബ്ദമുണ്ടാക്കുന്നു. ചിത്രശലഭങ്ങൾ പലേ നിറങ്ങളിലുമായി വെയിലിൽ പ്രകാശിച്ച് മുറ്റത്ത് പറക്കുന്നു.

ഓർക്കുമ്പോൾ - ഇതെന്തു ന്യായം? ഇവരെന്തിന് ഇവിടെ വന്നു? ആദിപുരാതനമായ എന്തോ ഒരവകാശം മാതിരിയാണ്. ഈ ഭൂഗോളത്തിൽ മനുഷ്യവർഗ്ഗം ഉണ്ടാകുന്നതിനുമുമ്പുതന്നെ ഞങ്ങൾ ഇവിടെയുണ്ട് - എന്ന ഭാവം! പക്ഷികളെയും ചിത്രശലഭങ്ങളെയും ആട്ടിയോടിച്ചില്ല. എന്നാൽ, കാക്കകൾ! അവർ അടുക്കളയിൽ കയറി ആഹാരസാധനങ്ങൾ കട്ടുകൊണ്ടുപോകുന്നു! രണ്ടു കാക്കകൾ ആരുടെയും അനുവാദം വാങ്ങാതെ രണ്ടു തെങ്ങുകളിൽ കൂടുവച്ചിട്ടുമുണ്ട്. മുട്ടകൾ ഇട്ടിരിക്കുന്നു. മറ്റു പക്ഷികളുടേതിനേക്കാൾ കാക്കളുടെ കരച്ചിൽ ലേശം അസഹനീയമാണ്. പോരെങ്കിൽ കോഴിക്കുഞ്ഞുങ്ങളെ കൊത്തിക്കൊണ്ടുപോകുന്നു. അതേ ഉദ്ദേശ്യത്തോടെ പരുന്തുകളുമുണ്ട്; കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ വേറൊരു പക്ഷിയുമുണ്ട്. മാവിന്റെ കൊമ്പിലാണ് എറളാടൻ എന്നു പറയുന്ന എറിയൻ. ഇല്ലിക്കൂട്ടങ്ങളിൽ കീരികളും കുശാൽ. കോഴികളെ സാപ്പിടാൻ ഇല്ലിക്കൂട്ടത്തിനടുത്തുള്ള കാട്ടിൽ കുറുക്കന്മാരും.

ഇവർക്കൊക്കെ ഈ രണ്ടേക്കർ പറമ്പിൽ എന്തവകാശമെന്നു ചിന്തിച്ചിരിക്കുമ്പോൾ കൈയും കാലും ചിറകും ഒന്നുമില്ലാത്ത ഒരു ഭീകരസ്വരൂപി! ഉച്ചസമയം. നല്ല വെയിലുണ്ട്. കോഴികൾ കൊക്കുകയും നായ കുരയ്ക്കുകയും ചെയ്യുന്നു. പക്ഷികൾ കൂട്ടത്തോടെ ശബ്ദമുണ്ടാക്കുന്നുണ്ട്. അശ്രദ്ധയോടെ ചെന്നുചാടിയത് ഭയങ്കരനായ മൂർഖൻ പാമ്പിന്റെ മുമ്പിൽ!

പാമ്പ് തലയെടുത്തുപിടിച്ച് പത്തി വിതുർത്ത് ഗൗരവത്തിൽ നിൽക്കുന്നു; നിനക്കിവിടെ എന്തവകാശമെന്ന മട്ടിൽ. പാമ്പിനെ എന്തുചെയ്യണം? എന്തു ചെയ്യാൻ കഴിയും? വടിയില്ല. ആയുധങ്ങൾ ഒന്നുമില്ല. വെറും കൈ. മനുഷ്യൻ എത്ര ബലഹീനൻ! എന്നാൽ ഭാര്യയെ വിളിച്ചു വടി കൊണ്ടു വരാൻ പറയാം, പാമ്പിനെ അടിച്ചുകൊന്നു കുഴിച്ചു മൂടാം. ഇതു ശരിയാണോ? പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും ജീവികളായ എല്ലാ ജീവികളെയും സൃഷ്ടിച്ച ഈശ്വരൻ മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതുപോലെത്തന്നെ പാമ്പുവർഗ്ഗത്തെയും സൃഷ്ടിച്ചു. പാമ്പ് ഭൂമിയുടെ അവകാശികളിൽ ഒരാളാണ്. ഇവിടെ സഹവർത്തിത്വമാണാവശ്യം. ഈ തത്ത്വം അംഗീകരിക്കേണ്ടതല്ലേ? പക്ഷേ, കൂട്ടായി ജീവിക്കാൻ ഒക്കുമോ? വിഷം! കടിച്ചാൽ മരിക്കും! 'ഹേ സർപ്പമേ! നിനക്കിവിടെ അവകാശമില്ല. എന്റെ സ്വന്തമായ ഈ രണ്ടേക്കർ പറമ്പിൽ നിന്ന് നീ ക്ഷണത്തിൽ പോകുക!'

പക്ഷേ, എങ്ങോട്ടു പോകും? അടുത്ത പറമ്പുകളിൽ ചെന്നാൽ ഉടമകൾ ഉപദ്രവിക്കില്ലേ? ഭൂഗോളം തന്നെ ഒട്ടധികഭാഗവും കഷണം കഷണമായി ഓരോരുത്തർ, അതായ

ത്, മനുഷ്യൻ തീറുവാങ്ങിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ പക്ഷിമൃഗാദികൾ എന്തുചെയ്യും? എവിടെയെങ്കിലും ജീവിക്കട്ടെ. കണ്ടില്ല, കേട്ടില്ല എന്നു വിചാരിക്കാം. പക്ഷേ ദൈവം തമ്പുരാനേ, മരണകാരണമായ വിഷം. ജീവിതത്തിൽ ജാഗ്രത വേണം. നോക്കി നടക്കണം. വെളിച്ചം കൂടാതെ ഇരുട്ടത്തു നടക്കരുത്. ഉഷാർ!

പാമ്പ് കുറെക്കഴിഞ്ഞ് വഴക്കവസാനിപ്പിച്ച് ശാന്തത കൈവരിച്ചു. പത്തി ചുരുക്കി പതുക്കെ ഇഴഞ്ഞു തുടങ്ങി. നായ കുരച്ചുകൊണ്ടു പുറകെ. പാമ്പ് വേലിയുടെ പഴുതിലൂടെ തോട്ടിലേക്കു പോയി.

ഭാര്യ അടുക്കളയിൽ പുക കൊണ്ട് ചെമന്ന കണ്ണുകളോടെ ഓടി വന്നു ചോദിച്ചു:

'നായ കുരയ്ക്കുകയും കോഴികൾ കൊക്കുകയും പക്ഷികൾ കൂട്ടത്തോടെ ചിലയ്ക്കുകയും ചെയ്യുന്നത് കേട്ടല്ലോ. വല്ല പാമ്പോ ചേരയുമായിരുന്നോ?'

'സഖാവു മൂർഖൻ!'

എന്നിട്ടടിച്ചുകൊന്നില്ലേ?'

'ഇല്ല. ഭവതിയെപ്പോലെ ഈശ്വരസൃഷ്ടി. അതും ജീവിക്കട്ടെ. ഈ ഭൂഗോളത്തിന്റെ അവകാശിയാണ്.'

'അതുകൊള്ളാം. നമ്മുടെ കുട്ടികൾ ഓടിനടക്കുന്ന സ്ഥലമാണ്. നമ്മുടെ പറമ്പിൽ വരുമ്പോൾ അടിച്ചുകൊല്ലണം.'

'കൊല്ലണമെന്നു വേഗം പറയാം. കൊല്ലുകയും ചെയ്യാം. ജീവൻ കൊടുത്തു സൃഷ്ടിക്കാൻ ഒക്കുമോ?'

'മനുഷ്യരെയും മറ്റും കടിച്ചുകൊല്ലുന്ന പാമ്പുകളെയും മറ്റും ദൈവം എന്തിനു സൃഷ്ടിച്ചു?'

'ആനകൾ, കടുവ, സിംഹം, കരടി, കാട്ടുപോത്ത്, നീർക്കുതിര, പുലി, ചീങ്കണ്ണി, മുതല, ഒട്ടകം, കുതിര, മനുഷ്യക്കുരങ്ങ്, ചെന്നായ്, തേള്, മലമ്പാമ്പ്, കൊതുക്, മൂട്ട, വാവൽ, കഴുകൻ, മയിൽ, മാൻ, മൈന, പഞ്ചവർണ്ണക്കിളി എന്നിങ്ങനെ ഭൂമിയുടെ അവകാശികളായി ഒട്ടേറെ എണ്ണത്തിനെ സൃഷ്ടിച്ചിട്ടുണ്ട്. എന്തിന്? തിമിംഗലം, സ്രാവ്, മത്സ്യങ്ങൾ, നീരാളി എന്നിവരെ എന്തിനു സൃഷ്ടിച്ചു? ഒന്നും അറിഞ്ഞുകൂടാ. ദൈവഹിതം. ഏതായാലും ഒന്നിനെയും കൊല്ലാതെ ജീവിക്കാൻ ശ്രമിക്കണം.'

'നല്ല പുതുമ! വീടിനകം മുഴുവനും എട്ടുകാലികളും പല്ലികളും. ഓന്തും അരണയും കരിന്തേളും അടുക്കളയിൽ കയറിവരുന്നു. വേലി മുഴുവൻ ചിതൽ തിന്നുതീർക്കുന്നു. വീടിനകത്തും ചിതലുണ്ട്. പുസ്തകങ്ങളും വസ്ത്രങ്ങളും ചിതലു തിന്നുന്നു. എലികളുടെ ശല്യമാണെങ്കിൽ പറയാനുമില്ല. ആ റേഡിയോഗ്രാമിന്റെ വയറ് എലി മുറിച്ചതു കണ്ടില്ലേ? വീടിനകം മുഴുവനും ചീവീടും എറുമ്പും പാറ്റകളും വണ്ടുകളും, അപ്പോഴാണ് ഒരു ജന്തുപൂജ!'

'ഞാൻ ഒരു ജന്തുവിനെയും പൂജിക്കുന്നില്ല.'

മനുഷ്യവർഗത്തിൽ ഒരു വിഭാഗം മൃഗങ്ങളെയും പക്ഷികളെയും പൂജിക്കുന്നുണ്ട്. പാമ്പുകളെ പൂജിക്കുന്നുണ്ട്. പാമ്പുകൾക്കും ദിവ്യത്വം നല്കി ആരാധിച്ചുവരുന്നു. പാമ്പിന്റെ

| |
|---|
| സഹവർത്തിത്വം - ഒന്നിച്ചുള്ള ജീവിതം |

പുറത്താണത്രേ ഒരു ദൈവം കിടക്കുന്നത്. അതു കടലിലാണ്. വേറൊരു ദൈവത്തിന്റെ കഴുത്തിൽ പാമ്പ് ചുറ്റിക്കിടക്കുന്നു. എലി ഒരു ദൈവത്തിന്റെ ഇഷ്ടവാഹനമാണ്. മത്സ്യം, ചീങ്കണ്ണി, മലമ്പാമ്പ്, കടുവ മുതലായവയെ ആരാധിക്കുന്ന മനുഷ്യവർഗവുമുണ്ട്. ചിലർ ഭൂഗോളത്തെ ദേവിയായി സങ്കൽപ്പിക്കുന്നു. അവരുടെ അഭിപ്രായത്തിൽ സൂര്യനും ചന്ദ്ര നും ദേവന്മാരാണ്. ഭൂമി പരന്നതായി ചിലർ വിശ്വസിക്കുന്നു. ഭൂഗോളത്തിൽ നിവസിക്കുന്ന മനുഷ്യരുടെ വിശ്വാസങ്ങൾ പലതല്ലേ? ചിലർ ഏകദൈവത്തിൽ വിശ്വസിക്കുന്നു. ചിലർ ബഹുദൈവത്തിലും. ചിലർ ഒരു ദൈവത്തിലും വിശ്വസിക്കുന്നില്ല, എന്നിട്ടു വഴക്കാണ്. കൊലപാതകം വരെ നടക്കുന്നു; പൊരിഞ്ഞ യുദ്ധങ്ങളും. ഭൂമി ഒരു ഗോളമാണെന്നാണ് വിശ്വാസം. ഈ വിശ്വാസമൊന്നും കാര്യമാക്കാത്തവരുമുണ്ട്. ഗോളമായ ഭൂമി ആലംബമി ല്ലാതെ അന്തരീക്ഷത്തിൽ നിന്നു കറങ്ങുന്നു. കുറെ അധികം അകലെ അന്തരീക്ഷത്തിൽ സദാ കത്തിജ്ജ്വലിച്ചുകൊണ്ട് നിൽക്കുന്ന സൂര്യന്റെ ഭാഗത്തു വരുമ്പോൾ ഭൂമിയിൽ പകൽ. മറുവശത്ത് രാത്രി. ഇരുൾ, അനാദിയായ അന്ധകാരം.... കാലത്തിന്റെ അന്തമില്ലാത്ത പോക്കിൽ ഒരു നാൾ സൂര്യൻ എന്നെന്നേക്കുമായി അണഞ്ഞുപോകും. അതിനു മുമ്പുത ന്നെ ഭൂഗോളം മരിച്ചിട്ടുണ്ടാകും. ചരാചരങ്ങൾ അഖിലവും നശിച്ചിരിക്കും. ഗോളങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് തകർന്നിട്ടുണ്ടാവും, പൊടിയായി. പണ്ടത്തെ കോസ്മിക് ഡസ്റ്റ്. പിന്നെ അനന്തമായ ഇരുൾ. ഇരുട്ടിനെ ആയിരിക്കാം ദൈവം തമ്പുരാൻ ആദ്യം സൃഷ്ടിച്ചത്. രണ്ടാമതായി വെളിച്ചത്തെ. ചൂടും വെളിച്ചവുമാണല്ലോ കാര്യമായ സംഗതി. ജീവികളെല്ലാം ചൂടിന്റെയും വെളിച്ചത്തിന്റെയും സന്തതികളാണ്. ചിതലും എട്ടുകാലിയും മരങ്ങളും പക്ഷിമൃഗാദികളും ജീവികളും എറുമ്പും പാമ്പും മനുഷ്യനുമെല്ലാം.

ഭാര്യ പറഞ്ഞു:-

'വരിക്കപ്ലാവിൽ ചക്ക പഴുത്തത് അണ്ണാനും കാക്കയും തിന്നുന്നു. പേരയ്ക്ക, സപ്പോട്ട, ആറ്റച്ചക്ക, റുമാൻ - എല്ലാം പക്ഷികളും വാവലും കൊണ്ടുപോകുന്നു.'

'അതാണല്ലോ രസം. ഒരു താങ്ങുമില്ലാതെ കോടാനുകോടി ഗോളങ്ങളെ നിലനിർത്തി യിരിക്കുന്ന ദൈവംതമ്പുരാൻ ഭൂമിയിൽ ജീവികൾക്കായി എന്തെല്ലാം സൃഷ്ടിച്ചിരിക്കു ന്നു! പഴങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ, പുല്ല്, പുഷ്പങ്ങൾ, വെള്ളം, വായു പിന്നെ ചൂടും വെളിച്ചവും. ഭൂമിയിലെ ഉൽപ്പന്നങ്ങളുടെയെല്ലാം അവകാശികളാണ് ജന്തുക്കളും മൃഗങ്ങളും പക്ഷികളും കൃമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും. ഈ പരമാർഥം എപ്പോഴും ഓർക്കുന്നതു നല്ലതാണെന്നു തോന്നുന്നില്ലേ?'

ഭാര്യ ചോദിച്ചു:

'ഒരു കാര്യം പറഞ്ഞാൽ മുഷിയുമോ?'

'ലവലേശം മുഷിയുകയില്ല. കാച്ച്!'

'എന്നാലേ ഭവാനെപ്പോലെയുള്ളവർ കല്യാണം കഴിച്ച് വീടും കുടിയും ഭാര്യയും മക്കളുമായി കഴിയാതെ കാട്ടിൽ വല്ല ഗുഹ യിലും തുണിയൊന്നുമില്ലാതെ അനങ്ങാതി രുന്നു തപസ്സുചെയ്യുകയായിരുന്നു നല്ലത്!'

| | |
|---|---|
| ആലംബം | - താങ്ങ് |
| അനാദി | - ആദിയില്ലാത്ത |
| ചരാചരം | - ചരവും അചരവും (സഞ്ചരിക്കുന്നതും അല്ലാത്തതും) |
| അഖിലം | - എല്ലാം |
| കോസ്മിക്ഡസ്റ്റ് | - പ്രപഞ്ചോല്പ ത്തിക്കു കാരണമായ ജീവകണികകൾ |

'തിന്നാനും കുടിക്കാനും പുറം മാന്തിത്തരാനും നീയുണ്ടെങ്കിൽ ഏതു ഗുഹയിലും ഞാൻ താമസിച്ച് ഘോരഘോരം തപസ്സുചെയ്യാം!'

'എന്നാൽ നമുക്ക് നമ്മുടെ വീടായ ഈ ഗുഹ മതി. പക്ഷേ, പാമ്പും പഴുതാരയും തേളും അരണയും ഈ ഗുഹയിൽ കടക്കുന്നത് എനിക്കിഷ്ടമല്ല! അതിനെയൊക്കെ അടിച്ചുകൊല്ലണം!'

'നിന്റെ അഭിപ്രായത്തോട് യോജിക്കുന്നവരുടെ പ്രവർത്തനങ്ങൾ ഞാൻ കാണുന്നുണ്ട്. ഒരഞ്ഞൂറുകൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവ ജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും എല്ലാം മനുഷ്യർ കൊന്നൊടുക്കും. മനുഷ്യൻ മാത്രം ഭൂമിയിൽ അവശേഷിക്കും. എന്നിട്ട് ഒന്നടങ്കം ചാകും!'

'അതു സാരമില്ല. അന്നല്ലേ? ഇപ്പോൾ ഒന്നെണീറ്റു വന്ന് ആ പഴുത്ത ചക്ക, ഏണി വച്ചു കയറി ഇങ്ങിട്ടുതാ. ഞാനും എന്റെ മക്കളും പശുക്കളും തിന്നട്ടെ.'

'പക്ഷികളേ, അണ്ണാനേ, ക്ഷമിക്കുക!' എന്നു പറഞ്ഞിട്ടു ചക്കയിട്ടു. ഭാര്യയും മക്കളും ഭർത്താവും കുശാലായി തിന്നു. പശുക്കളും. തേൻപോലുള്ള പഴം. ദൈവം തമ്പുരാനു സ്തുതി!'

ഭാര്യ പറഞ്ഞു:

'ചുമ്മാ ഇരുന്നു കൊതുകിനെയും തേളുകളെയും പാമ്പുകളെയും മറ്റും പറ്റി ചിന്തിക്കാതെ നമ്മുടെ വീടും പറമ്പും ശരിക്കു നോക്കണം. പക്ഷികളുടെയും കൊതുകിന്റെയും മൂർഖൻപാമ്പിന്റെയുമൊക്കെ കാര്യം ദൈവം നോക്കിക്കൊള്ളും. ഒരു കാര്യം അറിഞ്ഞോ? വീടിനു പുറത്ത് ചുമരിനോടു ചേർന്ന് ചോണനുറുമ്പുകൾ കുഴിച്ചു കുഴിച്ചു പാർത്തു തുടങ്ങിയപ്പോൾ ഞാൻ തീവെച്ചു നശിപ്പിക്കാൻ തുടങ്ങിയില്ലേ? അപ്പോൾ എന്നെ വിലക്കി. ആ ഉറുമ്പുകളെല്ലാം ഇപ്പോൾ വീട്ടിനുള്ളിലാണു താമസം. വീടിന്റെ മോന്തായം മുഴുവനും ചിതലു തിന്നുതീർത്തു. ഉറുമ്പിനെയും ചിതലിനെയും കൊല്ലണം!'

'ഹിംസ എനിക്കു വയ്യ.'

'നമ്മെ ഉപദ്രവിക്കുന്നവരെ നമ്മളും ഉപദ്രവിക്കണം!'

'അതു വേണ്ട. ദൈവം തമ്പുരാൻ എന്തു പറയും? സ്നേഹത്തോടെ പെരുമാറുക. എനിക്കീ പ്രപഞ്ചങ്ങളെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നുണ്ട്.'

'ഞാനും മക്കളുമാണ് പ്രപഞ്ചമെന്നു വിചാരിച്ചാൽ മതി. മുഷിയരുത്.'

'അത്രയ്ക്കു ചെറുതാവാൻ വയ്യ!'

'എന്നാലേ, അങ്ങു വലുതായിക്കോ! വല്യ മുട്ടൻ!' ഭാര്യ കെറുവിച്ചു.

അന്നു രാത്രി ഒരു സംഭവമുണ്ടായി. ച്ചിരിപ്പിടിയോളം ഭയങ്കരം. വീടു കയറി ആക്രമിക്കുന്ന മട്ടാണ്. ഇത് എവിടത്തെ ന്യായം?

രാത്രി ഊണെല്ലാം കഴിഞ്ഞ് സംതൃപ്തിയോടെ കിടന്നു. നല്ല ഉഷ്ണകാലം. ഫാൻ ഓൺ ചെയ്ത് ഒരു ചെറിയ ഇലക്ട്രിക് വിളക്കിന്റെ പ്രകാശത്തിൽ കിടക്കയിൽ കിടന്നു വായിക്കുകയായിരുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന മഹാമഹാ പ്രപഞ്ചങ്ങൾ. വായിച്ചുകൊണ്ടു കിടക്കുമ്പോൾ അനേകം പൂച്ചികൾ - വണ്ട്, പാറ്റ, ചീവീട്, മിന്നാമിനുങ്ങ് എല്ലാ

വരും ഈ വീട്ടിൽ താമസിക്കുന്നവരാണോ? ദൈവം തമ്പുരാനേ! ജനാല വഴി കടന്നതായിരിക്കും. ഇഷ്ടംപോലെ കൊതുകുകളുമുണ്ട്. മൂട്ട സ്ഥിരമായുണ്ട്. ഒരു കൊതുക് കൈത്തണ്ടിൽ വന്നിരുന്നു കുത്തി ചോര കുടിക്കുന്നു. കുടിക്കട്ടെ! മനുഷ്യരുടെയും മൃഗങ്ങളുടെയും ജന്തുക്കളുടെയും ചോര കുടിച്ചു ജീവിക്കുവാനായി ദൈവം തമ്പുരാൻ കൊതുകുകളെയും സൃഷ്ടിച്ചു. മൂട്ടകളെയും. നിർബാധം കുടിക്കട്ടെ. ഒരു ലേശം വേദനയോ, അസുഖമോ ഒക്കെ ഉണ്ട്. അടിച്ചു കൊല്ലാനുള്ള വ്യഗ്രത. കൊല്ലണ്ട. തൃപ്തിയാവോളം കുടിക്കട്ടെ. മരിച്ചുപോകുന്ന മനുഷ്യനാണല്ലോ. പുരാതനമായ ഈ വീട്. ഇതാരുണ്ടാക്കി? ഇവിടെ എത്ര പേർ മരിച്ചിട്ടുണ്ട്?

നോക്കുമ്പോൾ ഭാര്യയും മക്കളും വിയർത്തു കുളിക്കുന്നു. അവർക്കു ലേശം കാറ്റു കൊടുക്കണം. ചോര കുടിച്ചുവീർത്തു കൊതുക് ചെമപ്പനായി പറന്നുപോയി. കടിച്ച ഭാഗത്ത് ലേശം ചൊറിച്ചില്. കിടക്കുന്നത് തിണ്ണയിലാണ്. നടവാതില്ക്കൽ നാലഞ്ചടി വീതിയിൽ താഴ്ന്ന സ്ഥലം. അപ്പുറത്തും ഇപ്പുറത്തും ഭിത്തികളോട് ചേർന്ന് ഉയർന്ന തിണ്ണ. ഈ തിണ്ണകൾ ഈശ്വരപ്രാർഥനയ്ക്കുവേണ്ടി പണ്ടാരോ നിർമിച്ചതാണ്. പ്രാർഥന! പ്രപഞ്ചങ്ങളുടെ സ്രഷ്ടാവേ, രക്ഷിക്കണേ!

ഭാര്യയ്ക്കും മക്കൾക്കും ലേശം തണുത്ത കാറ്റു കൊടുക്കണം. താഴെ ഒരു കയറ്റുപായ ഇട്ടിട്ടുണ്ട്. അതു കുടഞ്ഞിട്ടു വളരെക്കാലമായി. ആ കയറ്റു പായയിലേക്കു കിടക്ക ഇട്ടു. വിളക്ക് അരുകിൽ വച്ച് ഫാൻ നീക്കിവച്ചു. എല്ലാവർക്കും കാറ്റു കിട്ടുന്നുണ്ട്. ഫാൻ കറങ്ങുന്ന ശബ്ദം മാത്രമേയുള്ളൂ. കോഴികളെ പിടിക്കാൻ കുറുക്കന്മാർ വരുന്നുണ്ടോ? മരപ്പട്ടി എന്ന പനമെരുവും വരും. നായ കുരയ്ക്കുന്നില്ല. കുറെ സമയം ശ്രദ്ധിച്ചു. ഒന്നുമില്ല. പരിപൂർണ്ണ നിശ്ശബ്ദത. മനുഷ്യർ ഉറങ്ങുന്നു. ദൈവം തമ്പുരാനേ, ഒരു ചെറിയ മരണമാണല്ലോ ഉറക്കം. എത്രയോ മരണങ്ങൾ. ജീവിതം തിന്നും കുടിച്ചും രമിച്ചും വഴക്കിട്ടും അങ്ങനെ അനന്തമായി പോകുന്നു. മനസ്സ് ചുമ്മാ, വെറും ചുമ്മാ ദൂരെ ചന്ദ്രന്റെ ഉപരിതലത്തിലെത്തി. കുണ്ടും കുഴികളും കുന്നുകളും. പാഴ് സ്ഥലങ്ങൾ. വൃക്ഷങ്ങളില്ല. പക്ഷിമൃഗാദികളില്ല. നിശ്ശബ്ദത നിറഞ്ഞ മഹാശൂന്യത. എങ്ങും കറുത്ത ആകാശം. മിന്നിത്തെളിയുന്ന നക്ഷത്രകോടികൾ. ചന്ദ്രഗോളത്തെ ദൈവം തമ്പുരാൻ എന്തിനു സൃഷ്ടിച്ചു. അല്ലെങ്കിൽ ഈ പ്രപഞ്ചങ്ങളെത്തന്നെ എന്തിന്?

പെട്ടെന്ന് ഒരു ഈച്ച പുസ്തകത്തിന്റെ താളിൽ വന്നിരുന്നു. കടുകുമണി. നീലച്ചിറകുകൾ. എത്ര സുന്ദരമായി സൃഷ്ടിച്ചിരിക്കുന്നു. ദൈവം തമ്പുരാന്റെ സൃഷ്ടികളായ സൃഷ്ടികൾ ഓരോന്നും പരിപൂർണ്ണ കലാസൃഷ്ടികളാണ്. ഫാൻ മനുഷ്യന്റെ ഒരു കലാസൃഷ്ടി. വലിയ അനുഗ്രഹമാണെന്നു പറയാം. ഇലക്ട്രിക് വിളക്കുകളും അതുപോലെത്തന്നെ. റേഡിയോയും ഉച്ചഭാഷിണിയും രണ്ടും പലപ്പോഴും ഒരനുഗ്രഹമല്ല. ടെലിവിഷനോ? മനുഷ്യസൃഷ്ടിയാണല്ലോ? ഗുണവും ദോഷവും. എന്തൊരു നിശ്ശബ്ദത. കുറുക്കന്മാരുടെ ഓരി കേൾക്കുന്നില്ല. നിശ്ശബ്ദതതയിൽ സംഗീതമുണ്ട്. വിളക്കണച്ചു. ആദിമമായ ഇരുട്ട്. ക്രമേണ ഉറങ്ങി. പെട്ടെന്നൊരു വേദന! സൂചി തീയിൽ പഴുപ്പിച്ച് കുത്തിക്കയറ്റുന്നതുപോലെ. കൈത്തണ്ടയിൽ മാംസളമായ ഭാഗത്ത് തൊലി ഉരിഞ്ഞ പച്ച മാംസത്തിൽ തണുത്ത കാറ്റ് കൊള്ളുന്നതുപോലെ. പുകച്ചിൽ, നീറ്റൽ. കണ്ണുകൾ തുറന്ന് ഇരുട്ടിൽ തപ്പി ലൈറ്റിട്ട് ഭാര്യയെ വിളിച്ചു. ഭാര്യ ഉണർന്നു.

| | |
|---|---|
| നിർബാധം | - തടസ്സമില്ലാതെ |
| വ്യഗ്രത | - തിടുക്കം |

'കൈത്തണ്ടയിൽ എന്തോ വേദന പോലെ'

ഭാര്യ നോക്കി.

'എന്തോ കുത്തിയതാണ്. സൂചി കയറ്റിയ മാതിരി ചുവന്ന രണ്ട് പാടുകളുണ്ട്. എണീറ്റേ'

എണീറ്റ് ഭാര്യ തലയണയും കിടക്കയും പൊക്കി നോക്കി. കയറ്റുപായയുടെ തുമ്പും.

ദൈവമേ ഒരു വലിയ പഴുതാര.

ഭാര്യ ഒന്നും പറയാതെ ഒരു ഷൂസെടുത്ത് പഴുതാരയുടെ തല നിർദയം അരച്ചു. അതു കിടന്നു പുളയുന്നു. ഷൂസുകൊണ്ട് സമൂലം അടിച്ചു ചതച്ച് അരച്ചു. എന്നിട്ട് പുറത്തെ ലൈറ്റിട്ട് വാതിൽ തുറന്ന് പഴുതാരയുടെ ശവം ഒരു കടലാസ്സിൽ ചിക്കിയിട്ട് പുറത്തുകളഞ്ഞു. എന്നിട്ട് പറഞ്ഞു:

'വിഷമുണ്ട്. കടുകടുത്തു നീറും. ഒരു മരുന്ന് ചെയ്യാം. ഒരു ദിവ്യൻ പറഞ്ഞുതന്നിട്ടുണ്ട്. പാമ്പ്, പഴുതാര, തേൾ എന്നിവയുടെ വിഷത്തിന് ആടലോടകം ചെറുതിന്റെയോ വലുതിന്റെയോ രണ്ടിലയും കൂമ്പുമായി തളിര് മൂന്നെണ്ണം നുള്ളിയെടുത്ത് ഇലകൾ വിടർത്തി ഓരോ കല്ല് ഉപ്പുവച്ച് ചവച്ചിറക്കണം. വരൂ നമുക്കുപോയി നുള്ളിയെടുക്കാം. ടോർച്ചെടുത്തോ.'

'ആടലോടകത്തിന്റെ തളിര് നുള്ളിയെടുത്ത് ഉപ്പുകല്ലും കൂട്ടി ചവച്ചിറക്കി. ലേശം വെള്ളം കുടിച്ചു. പിറ്റേദിവസം വേദന ശമിച്ചു. മരുന്നിന്, ദൈവം തമ്പുരാന് സ്തുതി.

അന്നുകാലത്ത് ഭാര്യ വിളിച്ച് ഘോരഘോരമായ ഒരത്യാഹിതം കാണിച്ചു. പത്തുമുപ്പതു കരിക്കുകൾ വീണുകിടക്കുന്നു. നീളത്തിൽ തുരന്നിട്ടുണ്ട്.

'എലി കുത്തിയിട്ടതായിരിക്കും. എലിവിഷം വാങ്ങിച്ചുകൊണ്ടുവരണം. ചോറിലോ പഴത്തിലോ വിഷം വച്ച് കുറെ എലികളെ കൊല്ലാം. '

ശരിയാണോ? എലികളെ ദൈവം തമ്പുരാൻ സൃഷ്ടിച്ചതാണ്. മനുഷ്യരെപ്പോലെത്തന്നെ! ഭൂമിയിലെ ഉൽപ്പന്നങ്ങൾക്ക് എലികൾക്കും ഉണ്ടല്ലോ അവകാശം.

പിറ്റേദിവസവും ഘോരഘോരമായിത്തന്നെ കരിക്കുകൾ വീണു.

എലിവിഷത്തിന്റെ കാര്യം ഓർമ്മിപ്പിച്ചിട്ട് ഭാര്യ വീടാകെ തൂത്തടിച്ചുവാരി വൃത്തിയാക്കിയിട്ടു പറഞ്ഞു 'ഇരുന്നൂറു എട്ടുകാലി, അമ്പത് പാറ്റ, മുപ്പത് ചീവീട്, അഞ്ച് തേൾ, നാല് പഴുതാര, ഏഴ് വണ്ട്, രണ്ടായിരം എറുമ്പുകൾ, ഒരഞ്ഞൂറു ചിതലുകൾ...'

'അതിനെയൊക്കെ കശ്മലേ, നീ എന്തുചെയ്തു? '

'കൊന്നു.'

'ഭൂമിയുടെ അവകാശികൾ'

'തേങ്ങാക്കുല.... പഴുതാര കുത്തിയ ദിവ്യമായ വേദന മറന്നോ?'

'ഓർമ്മയിലുണ്ട്.'

'എന്നാൽ വളരെ വളരെ അത്യാവശ്യമായിത്തന്നെ എലിവിഷം വേണം.'

കൊടുംകൊലപാതകത്തിന് കൂട്ടുനിൽക്കണം! സഹായിക്കണം. ഒന്നും പറഞ്ഞില്ല.

ഭാര്യ ചോദിച്ചു: 'ദിവസത്തിൽ മുപ്പതു കരിക്കുവച്ച് മാസത്തിൽ എത്ര കരിക്ക്?'

'പത്തുതൊള്ളായിരം വരും.'

'അത്രയും തേങ്ങയാണ് നശിക്കുന്നത്. തിരിഞ്ഞോ? തൊള്ളായിരം തേങ്ങ! നമുക്ക് ആഹാരം കഴിക്കാനുള്ള കാശ്! വീടിന്റെ മേൽക്കൂര മുഴുവനും ചിതലുതിന്നു നശിപ്പിക്കുകയാണെന്നറിയാമല്ലോ? ഓടിറക്കി പട്ടിക തറച്ച് ഓടിടണ്ടേ? തേങ്ങ വിറ്റ് അത് ചെയ്യിക്കാമെന്നല്ലേ പറഞ്ഞിരുന്നത്? ഈ പോക്കിന് വിൽക്കാൻ തേങ്ങ ഉണ്ടാകുകയില്ല! തന്നെയുമല്ല നമ്മൾ പട്ടിണി കിടക്കേണ്ടിവരും. ഒന്നടങ്കം മരിക്കും! ചിന്തിക്കുന്നുണ്ടോ? ഒന്നുകിൽ എലികൾ ജീവിക്കണം. അല്ലെങ്കിൽ നമ്മൾ. ഒന്നാലോചിച്ചുനോക്കൂ.

ദൈവം തമ്പുരാനേ, മനുഷ്യന് ജീവിക്കാൻ വേണ്ടി എലികളെ നശിപ്പിക്കണമല്ലോ. മറ്റൊന്നിനെ നശിപ്പിക്കാതെ മനുഷ്യന് ജീവിക്കാൻ വല്ല വഴിയുമുണ്ടോ? ദൈവം തമ്പുരാൻ ഒരുപാട് രോഗാണുക്കളെയും സൃഷ്ടിച്ചിട്ടുണ്ട്. മരുന്നുകൾ മുഖേന അതിനെയൊക്കെ കൊന്നൊടുക്കുന്നു. ഇത് ന്യായമാണോ? പുതുപുത്തനായ തത്ത്വശാസ്ത്രം വേണ്ടിയിരിക്കുന്നു. ഹിംസ കൂടാതെ ജീവിക്കാൻ ഒക്കുമോ?

പാമ്പ് തവളയെ വിഴുങ്ങിക്കൊന്ന് തിന്നുന്നു. എലികളെ വിഴുങ്ങുന്നു. ചെറിയ മത്സ്യങ്ങളെ വലിയ മത്സ്യങ്ങൾ വെട്ടി വിഴുങ്ങുന്നു. കുറുക്കൻ, മരപ്പട്ടി മുതൽപ്പേർ കോഴിയെ കൊന്നുതിന്നുന്നു. സിംഹം മാനിനെ തിന്നുന്നു, പശുവിനെ തിന്നുന്നു, മനുഷ്യനെ തിന്നുന്നു. മനുഷ്യൻ പക്ഷിമൃഗാദികളെ തിന്നുന്നു, മത്സ്യത്തെയും. നോക്കുമ്പോൾ ജീവിത പ്രശ്നം കുഴഞ്ഞതാണ്.

മനുഷ്യരുടെ ചോര കുടിച്ച് തലയിൽ മുടികളുടെ ഇടയിൽ പേൻ വളരുന്നു. വായിലും വയറ്റിലും കൃമികളും.

മനുഷ്യ ശരീരത്തിലും അണുക്കളായ കൃമികൾ ജീവിക്കുന്നു. ഒന്ന് മറ്റൊന്നിനെ നശിപ്പിച്ചു ജീവിക്കുന്നു. അരുമയോടെ വളർത്തുന്ന റോസ് ചെടികൾ. അതിന്റെ ഇല, പൂവ് എന്നിവയെ പൂച്ചികൾ നശിപ്പിക്കുന്നു. ഭൂമിയിലെ ജീവിതം പൊതുവെ നോക്കുമ്പോൾ വലിയ സ്റ്റൈൽ കാണുന്നില്ല. ലവലേശം എത്തുംപിടിയും കിട്ടുന്നില്ല. വ്യക്തമായ ഒരു വിശ്വാസപ്രമാണം. ദൈവമേ! പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളുടെയെല്ലാം സ്രഷ്ടാവേ... ഒന്നും അറിഞ്ഞുകൂടാ. നേരായ മാർഗ്ഗം കാണിച്ചുതരേണമേ.

'ഒന്നെണീറ്റിങ്ങു വരാമോ?'

'എന്തിനാണ്?'

'കുറെ പണം വേണം. ഞാനും ഒരു കൂട്ടുകാരിയും കൂടി ബസാറിൽ പോകുന്നുണ്ട്. എലിവിഷം വാങ്ങാം.'

'എന്റെ പക്കൽ പണമൊന്നുമില്ല.'

'നമ്മൾ തേങ്ങ പതിവായി കൊടുക്കുന്ന ആളോട്... ഞാൻ കുറെ പണം കടമായി വാങ്ങാം. '

‘സന്തോഷം. എലികളായ എലികളെ മാപ്പാക്കുക. എലികളെ സൃഷ്ടിച്ച ദൈവമേ ഞങ്ങൾക്കു പൊറുത്തുതരിക. എലികളെ ചതിച്ചുകൊല്ലാൻ തുടങ്ങുന്നു. മാസത്തിൽ തൊള്ളായിരം തേങ്ങയാണ് പ്രശ്നം. ഞങ്ങളുടെ ജീവിതത്തിന്റെ അനുസ്യൂതമായ നിലനിൽപ്പ്. ക്ഷമിക്കുക! ക്ഷമിക്കുക!’

| |
|---|
| അനുസ്യൂതമായ - തുടർച്ചയായ |

ഭാര്യ പോയി രണ്ട് മണിക്കൂർ കഴിഞ്ഞ് മറ്റ് സാധനങ്ങളും ഒരു വലിയ ടിൻ നിറയെ എലിവിഷവുമായി വന്ന് ചിരിച്ചുകൊണ്ടു പറഞ്ഞു:

‘പുതുമ കേൾക്കണോ? തേങ്ങാക്കാരനെ കണ്ടു. കുറെ പണം കടം വാങ്ങി. തേങ്ങായ്ക്ക് നല്ല വിലയുണ്ട്. ഇനിയും കൂടും.’

‘തേങ്ങായ്ക്ക് വില കൂടുന്നതാണോ പുതുമ?’

‘അതല്ല. കൂട്ടുകാരിയും ഞാനും കൂടി ഒരുപാട് കടകളിൽ എലിവിഷം ചോദിച്ചു. കടക്കാർ ചിരിച്ചു. ഞങ്ങൾക്കൊന്നും മനസ്സിലായില്ല. ഒടുവിൽ ഒരു കടക്കാരൻ പറഞ്ഞു: എലിവിഷം വിൽക്കാൻ ഗവൺമെന്റിന്റെ അനുവാദമില്ല. വേണമെങ്കിൽ ഗവൺമെന്റ് ആഫീസിൽ അപേക്ഷ കൊടുക്കണം. എന്നാലും കിട്ടാൻ വിഷമമാണ്. എന്താണ് കാരണമെന്നറിയാമോ? അതാണ് പുതുമ. മനുഷ്യർ എലിവിഷം കഴിച്ച് ആത്മഹത്യ ചെയ്യുന്നു. അതുകൊണ്ട് ഗവൺമെന്റ് എലിവിഷം കൊടുക്കുന്നില്ല.’

‘മരമണ്ടൂസ് ഗവൺമെന്റ്! റെയിൽപ്പാളങ്ങളും കയറും മരങ്ങളും ജലാശയങ്ങളും കഠാരിയും പേനാക്കത്തിയും ഒതളങ്ങാപ്പരിപ്പും- അതിരിക്കട്ടെ. പിന്നെ എങ്ങനെ ഈ എലിവിഷം കിട്ടി. ഒരു ലക്ഷം മനുഷ്യർക്ക് ആത്മഹത്യ ചെയ്യാനുള്ള വിഷമുണ്ടല്ലോ.’

‘കൂട്ടുകാരിയുടെ ഭർത്താവിന്റെ ഓഫീസിലുണ്ടായിരുന്നു. അദ്ദേഹം സൗജന്യമായി തന്നു. ’

‘സന്തോഷം. എന്നാൽ കൊല നടത്തിക്കൊള്ളൂ. ആ രക്തത്തിൽ എനിക്കു പങ്കില്ല. സ്വന്തമായി നടത്തിക്കൊള്ളൂ കൊല.’

‘കൊലയല്ല. നമ്മൾ കോഴി, ആട് എന്നിവയെ അറുത്തു തിന്നുന്നില്ലേ. അത് കൊലപാതകമല്ല. ദൈവനാമത്തിൽ അറുക്കുന്നു. നമുക്ക് ഭക്ഷിക്കാൻ. ഇപ്പോൾ എലികൾക്ക് വിഷം കൊടുത്ത് കൊല്ലുന്നത് മനുഷ്യരായ നമ്മൾക്കു ജീവിക്കാൻ. ദൈവം നമുക്കു പൊറുത്തുതരും. കാരുണ്യവാനല്ലേ ദൈവം?’

കാരുണ്യവാനായ ദൈവം പൊറുത്തുതരട്ടെ. പഴം, ചോറ്, കിഴങ്ങ് എന്നിവകളിൽ എലിവിഷം വച്ചു. വീടിന്റെ പല ഭാഗങ്ങളിലും തെങ്ങുകളുടെ ചുവട്ടിലും വച്ചു. നാലഞ്ചു ദിവസംകൊണ്ട് അഞ്ചു കോഴികൾ, പന്ത്രണ്ട് അണ്ണാൻ, പത്തിരുന്നൂറ് എലികൾ, ഒരു പൂച്ച എന്നിവ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മരണം വിലസുകയാണ്. വീടിന്റെ മേൽക്കൂരയിൽ പല ഭാഗങ്ങളിലും കിടന്ന് എലികൾ ചത്തു ചീഞ്ഞു. നാറ്റം വീടാകെ പരന്നു. പത്തുപതിനഞ്ചുദിവസം അങ്ങനെ പോയി. തെങ്ങുകയറ്റക്കാർ പറഞ്ഞു: ‘കൂമൻ കുത്തുന്നതാണ്’.

'പഴയ മുദ്രാവാക്യം'. അവരത് അവരുടെ അച്ഛന്മാരിൽ നിന്നു കേട്ടതാണ്. കൂമ നെന്നു പറയുന്ന മൂങ്ങയുടെ ചുണ്ടുകൾ വളഞ്ഞതാണ്. ചെറുതാണ്. പിന്നെ മൂങ്ങ സസ്യഭുക്കല്ല. ഒടുവിൽ ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ കരിക്കുതീറ്റക്കാരെ പിടികിട്ടി.

വാവൽ!

വാവൽ, കടവാതിലുകൾ എന്നെല്ലാം പേരുണ്ട്. സന്ധ്യയാകുമ്പോൾ വലിയ കടവാതിലുകൾ കൂട്ടത്തോടെ പറന്നുവന്ന് കരിക്കുംകുലയിൽ പറ്റിപ്പിടിച്ച് നീളത്തിൽ തുരന്ന് വെള്ളം കുടിക്കുന്നു. കാമ്പുതിന്ന് തൃപ്തിയോടെ ദൈവം തമ്പുരാന് നന്ദി പറഞ്ഞ് പറന്നു പോകുന്നു.

എന്തുചെയ്യും.

കെട്ടുകെട്ടായി തുടലിമുള്ളുകൾ കൊണ്ടുവന്ന് കരിക്കുംകുലകൾ പൊതിഞ്ഞു. പടക്കം പൊട്ടിച്ചു. പാട്ട കൊട്ടി. പൊട്ടിച്ച മുള കൊണ്ട് 'പഠേ പഠേന്ന്' ശബ്ദമുണ്ടാക്കി. വിളക്കുകൾ വച്ചു. തെങ്ങുകളുടെ മുകളിൽ ആൾരൂപമുണ്ടാക്കി ഷർട്ട് ഇടീച്ചുവച്ചു. കല്ലെടുത്തെറിഞ്ഞു. ബഹളം വച്ച് കൂകി. ഒരു ഫലവുമില്ല. തേങ്ങ വിറ്റുകിട്ടുന്ന കാശുകൊണ്ട് അരിയും മറ്റും വാങ്ങിത്തിന്ന് ജിവിക്കേണ്ട വീട്ടുകാരുറങ്ങുമ്പോൾ വാവലുകൾ വന്ന് കരിക്കു കുടിച്ചിട്ടുപോകും. ഭാര്യയും മക്കളും വീണു കിടക്കുന്ന കരിക്കുകൾ പെറുക്കി കൂമ്പാരം കൂട്ടി. കരിക്കുകളുടെ ഒരു ചെറിയ കുന്ന്. നശിച്ചുപോയ തേങ്ങകളുടെ ഒരു മഹാകൂമ്പാരം.

ഇങ്ങനെ പോയാലോ? കുടുംബം പട്ടിണിയാകും. ഒടുവിൽ വാവലുകളെ വെടിവച്ചു കൊല്ലുക എന്ന തീരുമാനത്തിലെത്തി. ഐഡിയ സുന്ദരൻ! ഭാര്യ പറഞ്ഞു: 'നമുക്കൊരു തോക്കു വാങ്ങാം. വാവലുകളെ വെടിവച്ചുകൊല്ലാം. കുറുക്കനെയും പനമെരുകിനെയും.'

'തോക്ക് പാപത്തിന്റെ പ്രതിരൂപമാണ്. മനുഷ്യൻ തോക്കു കണ്ടുപിടിച്ചത് വലിയ തെറ്റായിപ്പോയി. പാപത്തിന്റെ സന്താനമാകുന്നു തോക്ക്. വെടിവയ്ക്കാൻ ഞാനില്ല.'

ഭാര്യ പറഞ്ഞു:

'ഞാൻ പഠിക്കാം. എന്റെ അമ്മാവന്റെ മകന്റെ പക്കൽ ഒരു ഭയങ്കരൻ തോക്കുണ്ട്. വെടി പൊട്ടിയാൽ കുട പോലെ ഉണ്ടകൾ ചിതറും. ഒറ്റവെടിക്ക് അമ്പതു വാവലെങ്കിലും ചാകും.'

ഭാര്യ ഓർമ്മിപ്പിച്ചു: അതുകൊള്ളാം. നമുക്ക് തോക്ക് വാങ്ങണ്ട. ഞാൻ പോയി അമ്മാവന്റെ മകനെ തോക്കുമായി കൊണ്ടുവരാം.'

ശരി. വാവലുകളേ മാപ്പ്. നിങ്ങളുടെ രക്തത്തിൽ എനിക്ക് പങ്കില്ല. ദൈവം തമ്പുരാനേ, ഞാനെന്തു ചെയ്യും. കശ്മല സംഹാരത്തിന് ഒരുങ്ങിക്കഴിഞ്ഞു. ഞാൻ നിരപരാധി! വാവലുകളേ, രക്ഷപ്പെട്ടുകൊള്ളുക.

| കശ്മലസംഹാരം - ദുഷ്ടന്മാരെ ഇല്ലാതാക്കൽ |
|---|

ഭാര്യയുടെ അമ്മാവന്റെ മകൻ വില കൂടിയ ഒരു ഭയങ്കരനായ തോക്കുമായി വന്നു. അദ്ദേഹം പറഞ്ഞു:

'വെടിവയ്ക്കേണ്ടത് ഇവിടെയല്ല. അടുത്ത് ഒരു തുരുത്തിൽ പുരാതനമായ ഒരു ക്ഷേത്രമുണ്ട്. അതിനടുത്ത് രണ്ടാലുകൾ. അതിൽ രണ്ട് മൂവായിരം വാവലുകൾ തൂങ്ങു

ന്നുണ്ട്. ഞാൻ എല്ലാറ്റിനെയും വെടിവച്ചുകൊല്ലാം. ഒരു ദിവസംകൊണ്ടല്ലെങ്കിൽ രണ്ടു മൂന്നു ദിവസംകൊണ്ട് മുഴുവനും ചാകും. ഒരു പത്തു മൈൽ ചുറ്റളവിൽ ദിവസവും രണ്ടു മൂവായിരം കരിക്കുകൾ നശിക്കുന്നുണ്ട്. രണ്ടു മൂവായിരം തേങ്ങകൾ ദിവസവും നശിക്കുന്നു. മൂവായിരം കടവാതിലുകളെ കശാപ്പുചെയ്യുന്ന സുന്ദരൻ കാഴ്ച കാണാൻ വരുന്നോ?'

അതു കാണാൻ ഭാര്യയും കൂട്ടുകാരിയും തയാറായി. അവർ മൂന്നുപേരും കൂടി ചായ കഴിച്ച് വാവൽ മഹാവധത്തിനു പോയി. ഭർത്താവ് പ്രാർഥിച്ചു: 'വാവലുകളേ രക്ഷപ്പെട്ടുകൊള്ളുക.'

അത്ഭുതം തന്നെ, വാവലുകൾ രക്ഷപ്പെട്ടു! ഭാര്യയും കൂട്ടുകാരിയും തോക്കുകാരനും ഇളിഭ്യരായി, നിരാശരായി, ഭയന്നു മടങ്ങി.

ഭാര്യ പറഞ്ഞു:

'ഞങ്ങൾ ഒരു കണക്കിൽ ജീവനോടെ രക്ഷപ്പെട്ടു. ക്ഷേത്രത്തിനു ചുറ്റും കുറെ വീട്ടുകാരുണ്ട്. ഞൊടിയിട കൊണ്ട് പത്തുമുന്നൂറുപേർ ഞങ്ങളെ മാരാകായുധങ്ങളുമായി വളഞ്ഞു. വാവലുകളെ വെടിവച്ചാൽ ഞങ്ങളെ കൊന്ന് കൊലവിളി വിളിക്കും. എന്താ കാരണമെന്നോ. വാവലുകൾ അവിടെയുള്ള മനുഷ്യരുടെ പൂർവികന്മാരുടെ ആത്മാക്കളത്രേ. വെടിവയ്ക്കാൻ പാടില്ല!

വാവലുകൾ മനുഷ്യരുടെ പൂർവികന്മാരുടെ ആത്മാക്കൾ! ആശയം നല്ലത്.

ഭർത്താവ് തീർത്തു പറഞ്ഞു:

'മറക്കരുത്. വാവലുകൾ ആരുടെയും പൂർവികന്മാരുടെ ആത്മാക്കളല്ല. ദൈവം തമ്പുരാന്റെ സൃഷ്ടിയിലെ പറക്കുന്ന ജീവികളാണ്. കരിക്കു നശിക്കട്ടെ. സാരമില്ല. ബാക്കി കിട്ടുന്നതു മതി. ദൈവസൃഷ്ടിയിലെ തെങ്ങുകളിലെ കരിക്കുകളിൽ വാവലുകൾക്ക് അവകാശമുണ്ട്. ദൈവം തമ്പുരാൻ സൃഷ്ടിയുടെ ദിവ്യമുഹൂർത്തത്തിൽ കൽപ്പിച്ചുകൊടുത്ത പുരാതന പുരാതനമായ അവകാശം. സ്റ്റൈൽ. ഓർക്കുക: 'ജീവികളായ സർവജീവികളും ഭൂമിയുടെ അവകാശികൾ.' മംഗളം.

## പഠനപ്രവർത്തനങ്ങൾ

- അന്ധവിശ്വാസങ്ങൾ ചിലപ്പോൾ അനുഗ്രഹമായിത്തീർന്നേക്കാമെന്ന് തോന്നിപ്പോവുന്ന ഒരു സന്ദർഭം കഥയിൽ ചിത്രീകരിച്ചിട്ടുണ്ടല്ലോ. കൗതുകവാർത്തയുടെ രൂപത്തിൽ സംഭവം പുനരാഖ്യാനം ചെയ്യുക.
- കഥാനായകൻ 'മരമണ്ടൂസ് ഗവൺമെന്റ്' എന്ന് വിശേഷിപ്പിക്കുന്നതിന്റെ പൊരുൾ കണ്ടെത്തുക. ബഷീറിന്റെ ഭാഷാപ്രയോഗങ്ങളുടെ സവിശേഷത വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.
- ഭൂമിയുടെ അവകാശികൾ എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

- കഥാനായകന്റെ ഭാര്യ അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾക്ക് പലപ്പോഴും വിരുദ്ധമായ നിലപാടുകളല്ലേ സ്വീകരിക്കുന്നത്. ഭാര്യ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.
- ഭൂമിയുടെ അവകാശികൾ എന്ന കഥയിലൂടെ ബഷീർ ആവിഷ്കരിക്കാൻ ശ്രമിക്കുന്ന പ്രപഞ്ചവീക്ഷണം വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.
- ദുരനുഭവങ്ങളെപ്പോലും ഫലിതമായി ചിത്രീകരിക്കുന്നതിൽ ബഷീറിനുള്ള വൈഭവത്തിന് ഉദാഹരണങ്ങൾ കണ്ടെത്തുക.

### വൈക്കം മുഹമ്മദ് ബഷീർ

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ 1910 ൽ ജനിച്ചു. പിതാവ് അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാച്ചുമ്മ, ഭാര്യ ഫാബി. ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, വിഡ്ഢികളുടെ സ്വർഗ്ഗം, വിശപ്പ്, പ്രേമലേഖനം, ശബ്ദങ്ങൾ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, സ്ഥലത്തെ പ്രധാന ദിവ്യൻ, മതിലുകൾ, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓർമയുടെ അറകൾ (ആത്മകഥ) തുടങ്ങിയവ പ്രധാന കൃതികൾ. സ്കൂൾ വിദ്യാഭ്യാസകാലത്ത് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റുവരിക്കുകയുണ്ടായി. 1995 ൽ അന്തരിച്ചു.

# വീണപൂവ്

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ -
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ 1

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ. 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ. 3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ. 4

ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ,
ഭാവംപകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴകു, ശുദ്ധി, മൃദുത്വ,മാഭ
സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻനില കാണണംതാൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ
വൈരിക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു? - മിഴിയുള്ളവർ നിന്നിരിക്കാം. 7

**കുമാരനാശാൻ**

| | | |
|---|---|---|
| തുംഗം | - | ഉയരം |
| ഭൂതി | - | ഐശ്വര്യം |
| പുനരെങ്ങ് | - | പുനഃ+എങ്ങ് |
| പുന | - | വീണ്ടും |
| പല്ലവം | - | തളിര് |
| ദലമർമരം | - | ഇലയുടെ ചെറുശബ്ദം |
| അലം | - | മതിവരുവോളം |
| ബാലാതപം | - | ഇളംവെയിൽ |
| ആടൽ | - | ദുഃഖം |
| ഉന്മുഖത | - | താൽപ്പര്യം |
| താരാജാലം | - | നക്ഷത്രക്കൂട്ടം |
| വദനം | - | മുഖം |
| കാന്തി | - | ഭംഗി |
| ആഭ | - | ശോഭ |
| സാരള്യം | - | സരളത |
| പാര് | - | ഭൂമി |


### പഠനപ്രവർത്തനങ്ങൾ

- ഈ കവിതാഭാഗം വിശകലനം ചെയ്ത് അതിൽ തെളിയുന്ന മനുഷ്യാവസ്ഥകൾ വിശദീകരിക്കുക.
- വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ
  വൈരിക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ
  നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
  യാരാകിലെന്തു മിഴിയുള്ളവർ നിന്നിരിക്കാം. - ഈ വരികളിലൂടെ കവി ആവിഷ്കരിക്കുന്ന ഭാവം വിശദീകരിക്കുക.
- ലാളിച്ചുപെറ്റ ലതയൻപൊടു ശൈശവത്തിൽ
  പാലിച്ചു പല്ലവ പുടങ്ങളിൽ വച്ചു നിന്നെ
  ആലോലവായു ചെറു തൊട്ടിലുമാട്ടി, താരാ
  ട്ടാലാപമാർന്നു മലരേ ദലമർമ്മരങ്ങൾ - കാവ്യഭംഗി വ്യക്തമാക്കുക.

### എൻ. കുമാരനാശാൻ

1871 ൽ കായിക്കരയിൽ ജനനം. ഭാര്യ ഭാനുമതി. ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി. വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, പുഷ്പവാടി, വനമാല, ബാലരാമായണം, ശ്രീബുദ്ധചരിതം തുടങ്ങിയവ പ്രധാന കൃതികൾ. 1924ൽ പല്ലനയാറ്റിൽ 'റെഡീമർ' ബോട്ടപകടത്തിൽ മരിച്ചു.

-



# നിഴലും വെളിച്ചവും

# രുദ്രാക്ഷമാഹാത്മ്യം

കഥാനായകൻ പല വൈകുന്നേരവും ചെയ്യാറുണ്ടായിരുന്നതുപോലെ, ഒരു വൈകുന്നേരം, മാനാഞ്ചിറവക്കിൽ കിടക്കുകയായിരുന്നു. അങ്ങിനെ കിടന്നുകൊണ്ടിരിക്കെ, തന്നെക്കാൾ ദുറാവായി, തന്നെക്കാൾ ലൂട്ടിമസ്സായി, തന്നെക്കാൾ പാംസുസ്നാതനായി, തന്നെക്കാൾ അക്ലീമനായി, തന്നെക്കാൾ മെലിഞ്ഞ ഒരു സ്വരൂപം അവിടെ ആവിർഭവിച്ചു. ആ ദേഹം, ഇന്നു മലബാറിലെ മറ്റൊരു കുബേരനായ പൂഴിപ്പറമ്പിൽ പറങ്ങോടനായിരുന്നു. പറങ്ങോടനും സഞ്ജയനും അയൽവീട്ടുകാരായിരുന്നു; അവർ ഒരുമിച്ചാണ് എഴുത്തുപള്ളിയിൽ പഠിച്ചത്; ഒരുമിച്ചാണ് അവരെ ഹൈസ്കൂൾ ക്ലാസിന്റെ പടിവാതിൽക്കൽ വച്ചു, തികഞ്ഞ ബുദ്ധിശൂന്യതയുടെ കൂടെ വിളഞ്ഞ തെമ്മാടിത്തവും കാണിച്ചതിനാൽ, സ്കൂളിൽ നിന്ന് "ഇങ്ങിനിച്ചവിട്ടരുതെ''ന്ന അധികൃതാജ്ഞാസമേതം വെളിയിലേയ്ക്ക് തള്ളിയയച്ചത്; ഒരുമിച്ചാണ് അവർ വീട്ടിലേക്ക് ഒരു ശാപവും നാട്ടിലേക്ക് ഒരു ദ്രോഹവുമായിത്തീർന്നത്; ഒരുമിച്ചാണ് മുക്കാൽപ്പൈസയുടെ വരവില്ലാതെ അവർ കോഴിക്കോട്ടു മുനിസിപ്പാലിറ്റിയിലെ പൊടികൊണ്ടു മുഖദ്വാരങ്ങൾ നിറച്ച് ഒരു വ്യാഴവട്ടക്കാലം സകല തെരുവുകളിൽക്കൂടിയും രാപ്പകൽ തെണ്ടിയത്; ഒരുമിച്ചാണ് അവരുടെ മൂക്കുകൾ മേപ്പടി മുനിസിപ്പാലിറ്റിയിലെ നാനാതരം ദുർഗ്ഗന്ധങ്ങൾ അനുഭവിച്ചു പഴകിയത്; ഒരുമിച്ചാണ് അവർ അനേകം വായനശാലകൾക്കും പ്രദർശനങ്ങൾക്കും, പ്രക്ഷോഭങ്ങൾക്കും പണപ്പിരിവുകൾ നടത്തി, പിരിവിന്റെ പകുതിയിലധികം ഭാഗം കൊണ്ടു കാപ്പിക്ലബ്ബിലേയും സിഗരറ്റുകടയിലേയും തുണിഷാപ്പിലേയും തുന്നൽപ്പീടികയിലേയും കണക്കുതീർത്തു തടിയൊഴിച്ചത്; ഒരുമിച്ചാണ് അവർ നിർദ്ദിഷ്ടസായാഹ്നത്തിൽ മാനാഞ്ചിറയുടെവക്കിൽ മേളിച്ചത്.

* * *

ഈ സ്നേഹിതന്മാർ തമ്മിൽ ഇങ്ങനെയൊരു സംഭാഷണം നടന്നു:–

സഞ്ജയൻ : എന്താ ചങ്ങാതീ ഒന്നുമായില്ലേ?

പറങ്ങോടൻ : എല്ലാമായി.

സ: 'എല്ലാം' ആയെന്നുവച്ചാൽ?

പ: എല്ലാം ആയെന്നുതന്നെ. 'ഐഹികപാരത്രികവിജ്ഞാനജ്ഞാനസംവർധിനി' വായനശാലയുടെ പേരിൽ നൂററുറുപ്പിക പിരിച്ചിട്ടുണ്ട്.

സ: നൂററുറുപ്പികകൊണ്ട് എന്താവും? കാപ്പി കുടിച്ച വകയിൽ ശത്രുഘ്നയ്യർക്കുതന്നെ എഴുപതുറുപ്പികയിലധികം രണ്ടാളുംകൂടി കൊടുപ്പാനുണ്ടാവുകയില്ലേ?

പ: താൻ ബുദ്ധിശൂന്യമായ ഒരു മരക്കഴുതയാണ്; വകതിരിവില്ലാത്ത ഒരു മ്ളേച്ഛനാണ്. അതല്ലങ്കിൽ ഈ നൂററുറുപ്പിക ശത്രുഘ്നയ്യർക്കു കൊടുപ്പാനാണെന്നാണോ വിചാരിച്ചിരിക്കുന്നത്? തന്റെ തലയുടെ കല്ല് എളകിപ്പോയിരിക്കുന്നു! താൻ നിയമേന നെല്ലിക്ക ഉപയോഗിക്കണം.

സ: പണം പിരിക്കുന്നതു കടം തീർക്കുവാനാണെന്നല്ലേ ഞാൻ കരുതിയത്?

പ: അതാണ് തന്റെ വങ്കത്തമെന്നു പറഞ്ഞത്. പണം പിരിച്ചതു ധനമുണ്ടാക്കുവാനാണ്.

സ: പിരിഞ്ഞ പണം ധനമല്ലേ?

പ: അതെ, പക്ഷേ അതു സാധനമല്ല, ഉപായം മാത്രമാണ്. അതു ചൂണ്ടലിന്റെ ഇരയാണ്; ഇരയെ മത്സ്യം ഭക്ഷിക്കും; മത്സ്യത്തെ നമ്മൾ ഭക്ഷിക്കും.

സ: ഈ ഇര ഭക്ഷിക്കുന്ന മത്സ്യങ്ങളേതാണ്?

പ: പത്രവായനക്കാർ!

സ: ഏതു പത്രത്തിന്റെ വായനക്കാർ?

പ: നൂറുറുപ്പികകൊണ്ട് ഏതെല്ലാം പത്രങ്ങളിൽ ഞാനുദ്ദേശിക്കുന്ന ഒരു പരസ്യം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമോ, അവയുടെയൊക്കെ വായനക്കാർ.

സ: താൻ എന്തു പരസ്യമാണ് പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നത്? "നമ്മൾ രണ്ടു നിസർഗ്ഗനിസ്തേജന്മാർ ഗതികെട്ടമ്പലവാസികളായി നടക്കുന്നതിനാൽ പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു" എന്നോ? ചിത്രമായി!

പ: അതു വരുമ്പോൾ കണ്ടോളൂ!

സ: അല്ലാ, നേരമ്പോക്കു പോട്ടെ! സത്യമായും, ഇങ്ങനെ കഷ്ടപ്പെട്ടു നേടിയ പണം വല്ല ഭ്രാന്തിന്റെയും വാലിന്മേൽ കെട്ടി ആകാശത്തേക്കുവിടുവാൻ താൻ ആലോചിക്കുകയില്ലല്ലോ?

പ: ആകാശത്തിലേക്കു വിടുവാൻ തന്നെയാണ് പോകുന്നത്. പക്ഷേ ഭ്രാന്തിന്റെ വാലിന്മേൽ കെട്ടീട്ടല്ല; പരസ്യത്തിന്റെ കഴുത്തിൽ തൂക്കീട്ടാണ്. അത്രയേ വ്യത്യാസമുള്ളൂ.

അന്നു രാത്രി ഞാൻ വളരെ കുറച്ചേ ഉറങ്ങീട്ടുള്ളു; സ്വപ്നമാണെങ്കിൽ കുറെയധികം കാണുകയും ചെയ്തു.

കണ്ണു തുറന്നപ്പോൾ നമ്മുടെ പറങ്ങോടനുണ്ട് കട്ടിലിന്മേലിരിക്കുന്നു! 'എന്താണിത്ര പുലർച്ചെ പുറപ്പെട്ടത്?'


'പുലർച്ചയോ? പുലർന്നിട്ട് നാഴിക നാലായി.'

ഞാൻ എഴുന്നേറ്റിരുന്നു. മി. പറങ്ങോടൻ അന്നത്തെ 'കേരളകാഹള'ത്തിന്റെയും 'മലയാള മദ്ദള'ത്തിന്റെയും ഓരോ കോപ്പി കിടക്കയിൽ വെച്ചു 'കാഹള'ത്തിലുള്ള ഒരു പരസ്യത്തിന്റെ നേർക്ക് വിരൽ ചൂണ്ടി. ഞാൻ വായിച്ചു. പരസ്യം ഇതായിരുന്നു:

അത്ഭുതം! അത്ഭുതം!! ഇങ്ങനെയൊന്നു കണ്ടിട്ടില്ല.

എന്നാണ് ഉപയോഗിച്ചവരെല്ലാം – ഒന്നൊഴിയാതെ – പറയുന്നത്. ഹിമാലയത്തിൽ നിന്നു ഞങ്ങൾ നേരിട്ടുവരുത്തിയ സാക്ഷാൽ ത്രയംബക രുദ്രാക്ഷങ്ങളെപ്പറ്റി നിങ്ങൾ ഇനിയും കേട്ടിട്ടില്ലെങ്കിൽ, അതു കേൾക്കുമ്പോഴേക്കു ഞങ്ങളുടെ സ്റ്റോക്ക് തീർന്നുപോയെന്ന് വരാവുന്നതാണ്. കഷ്ടിച്ചു മുന്നൂറെണ്ണം മാത്രമേ ബാക്കിയുള്ളൂ. ഈ രുദ്രാക്ഷങ്ങളിൽ ഓരോന്നും പതിനായിരം ഉരു വീതം ത്രൈയംബകഹൃദയമഹാമന്ത്രം ജപിച്ച് ആവാഹിക്കപ്പെട്ടതാണ്. ഹിമാലയമഹാഗിരിയുടെ ഗഹ്വരങ്ങളിലൊന്നിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്ന മഹാസിദ്ധനാണ് ഇവയെ സംസ്കരിച്ചിട്ടുള്ളത്. ഈ രുദ്രാക്ഷം കഴുത്തിൽ

ധരിക്കുന്നവർക്കു ലോകത്തിൽ അസാധ്യമായി യാതൊന്നും ഉണ്ടാവുകയില്ലെന്നു പറയുന്നത് അതിശയോക്തിയാണെന്നുകരുതുന്നവർ ഇതൊന്നു പരീക്ഷിച്ചുനോക്കുകയേ വേണ്ടൂ.



രുദ്രാക്ഷം ഒന്നിനു വില 1 ക. മാത്രം. ഒരു ഡസൻ ഒന്നായി വാങ്ങുന്നവർക്ക് 10 ക മണി ഓർഡർ ചെയ്താൽ മതി. ഉടനെ അപേക്ഷിക്കുക.

അപേക്ഷിക്കേണ്ട വിലാസം :

രുദ്രാക്ഷം ഡിപ്പോ,
ഡിപ്പാർട്ടുമെന്റ് K/-379
കോഴിക്കോട്

* * *

'മദ്ദള'ത്തിലെ പരസ്യം ഇതിലും ഗംഭീരമായിരുന്നു:

"ഇക്കണ്ടതൊന്നും കണക്കല്ല മന്നവ!"

പാശ്ചാത്യശാസ്ത്രങ്ങൾ കണ്ടതിലും അപ്പുറത്ത് ഇനിയും അനേകമനേകം രഹസ്യങ്ങളുണ്ടെന്നു ബോധ്യമാകാത്തവർ ആരെങ്കിലുമുണ്ടോ? മന്ത്രത്തിന്റെ അത്ഭുതഫലങ്ങളെക്കുറിച്ച് ഒരു അനുഭവമെങ്കിലും നേരിട്ടുണ്ടാവുകയോ, പത്രങ്ങളിൽ വായിച്ചറിയുകയോ, വിശ്വസ്തരായവർ പറഞ്ഞുകേൾക്കുകയോ ചെയ്യാത്തവർ ലക്ഷത്തിലൊന്നുണ്ടോ? ഉണ്ടെങ്കിൽ അവരെ ഞങ്ങളുടെ സിദ്ധരുദ്രാക്ഷം (ത്രൈയംബകരുദ്രാക്ഷം) വിശ്വസിപ്പിക്കും! അവൾ നിങ്ങളെ സ്നേഹിക്കുന്നില്ലേ? അദ്ദേഹം നിങ്ങളിൽ വിരക്തി കാണിക്കുന്നുണ്ടോ? പരീക്ഷ പാസ്സാകുവാൻ സാധിക്കുകയില്ലെന്നു നിങ്ങൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞുവോ?

ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിൽ നിങ്ങൾ ഹതാശനായിരിക്കുകയാണോ? നിങ്ങളുടെ രോഗം മാറുകയില്ലെന്നു വൈദ്യന്മാർ തീർച്ചപ്പെടുത്തിയോ? വിവാഹം ചെയ്തിട്ട് ഒരു വ്യാഴവട്ടക്കാലത്തിലധികമായെങ്കിലും ഒരു കുട്ടിയുടെ മുഖം കാണാതെ മരിക്കേണ്ടിവരുമെന്നാണോ നിങ്ങളുടെ ഭയം? – എങ്കിൽ നിങ്ങൾ ഞങ്ങളുടെ ത്രൈയംബകരുദ്രാക്ഷം ഒന്നു വരുത്തി ഉപയോഗിച്ചുനോക്കുക!

ത്രൈയംബകരുദ്രാക്ഷത്തിന് ഒരുറുപ്പികയേ വിലയുള്ളൂ. എത്ര പണം നിങ്ങൾ ചികിത്സയ്ക്കുവേണ്ടി, മറ്റുപായങ്ങൾക്കുവേണ്ടി, ചെലവാക്കി! കൂട്ടത്തിൽ ഒരുറുപ്പികയ്ക്ക് ഒരവസാനപരീക്ഷ കൂടി കഴിച്ചുകൂടെന്നോ? ഈ ഉറുപ്പിക വെറുതെ പോവുകയില്ലെന്ന് ഞങ്ങൾ ഉറപ്പുതരുന്നു. ഹിമാലയത്തിലെ ഒരു സിദ്ധയോഗിയാണ് ഈ രുദ്രാക്ഷങ്ങളെ മന്ത്രപൂതമാക്കിയിരിക്കുന്നത്. ഇന്നുതന്നെ ഒന്നിനെഴുതുക! ഉപയോഗിച്ച് തൃപ്തിയടയുക! 10 ക മണിഓർഡർ ചെയ്യുന്നവർക്ക് 12 അയക്കും.

സിദ്ധരുദ്രാക്ഷ ഡിപ്പോ,<br>
ഡിപ്പാർട്ടുമെന്റ് K/-379<br>
കോഴിക്കോട്

* * *

പറങ്ങോടന്റെ തലയ്ക്ക് സുഖമില്ലായ്മയെപ്പറ്റി മുമ്പൊരു സംശയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ അത് ദൃഢപ്പെട്ടു. ഇങ്ങനെ ഒരു ഭ്രാന്ത് ആരെങ്കിലും ഇതുവരെ കേട്ടിട്ടുണ്ടോ? ഇതെന്ത് പച്ച കളവാണ്! ഏത് ഹിമാലയയോഗി? ഏത് രുദ്രാക്ഷം? എന്നുമാത്രമല്ല ഈ കളവുകൾ പ്രസിദ്ധപ്പെടുത്തിയതിന്നു വല്ല പോലീസ് പ്രോസിക്യൂഷൻ കൂടി വരുവാൻ തരമുണ്ടോ എന്നു ഞാനാലോചിച്ചു. പക്ഷേ, ആ ശങ്ക അസ്ഥാനത്തിലാണെന്ന് എനിക്കുതന്നെ ബോധ്യമായി. പരസ്യങ്ങളിൽ എന്തും, എത്രയും പറയാമെന്നാണു നിയമം. എന്നാലും മറ്റുള്ള സംഗതികളോ? ഞാൻ ചോദിച്ചു:

'എടോ, സത്യമായും താനാണോ ഈ പരസ്യങ്ങളുടെ കർത്താവ്?'

'അതെ'

'തന്റെ കൈവശം രുദ്രാക്ഷങ്ങളുണ്ടോ?'

'ഉണ്ട്; മൂന്നുചാക്കുനിറയെ ഉണ്ട്.'

'അവ മന്ത്രപൂതങ്ങളാണോ?'

'അല്ലന്നാരുപറയുന്നു'

'ഞാനാലോചിച്ചു. അതുശരിതന്നെ. 'ഇതിന്ന് ഒരു സമയം ആളുകൾ ആവശ്യപ്പെട്ടാലോ?'

'മഹാബുദ്ധിമാനേ, അത് ആളുകൾ ആവശ്യപ്പെടണമെന്നു കരുതിയല്ലേ ഇല്ലാത്ത പണം ചെലവാക്കി പരസ്യം പ്രസിദ്ധപ്പെടുത്തിയത്.'

'ഇവയ്ക്ക് താൻ പറഞ്ഞ ഫലങ്ങൾ എങ്ങനെ കാണും?'

'പോട്ടെ, ഞാനൊരു വീരവാദം പറയട്ടെ; ഇന്നുമുതൽ മൂന്നു മാസത്തിനകത്ത്, നമ്മളുടെ രുദ്രാക്ഷം ഉപയോഗിച്ച് രോഗം മാറിയവരുടെ, പരീക്ഷ പാസ്സായവരുടെ, ഇഷ്ട

പ്പെട്ട പെണ്ണിന്റെ പ്രേമം നേടിയവരുടെ, ഉദ്യോഗക്കയറ്റം കിട്ടിയവരുടെ, വ്യവഹാരത്തിൽ ജയിച്ചവരുടെ, അത്യാപത്തിൽ നിന്നും രക്ഷപ്പെട്ടവരുടെ, സ്വന്തം കൈയക്ഷരത്തിലുള്ള മൂന്നൂറിൽ കുറയാതെ എഴുത്തുകൾ നമ്മൾക്കു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്നു ഞാൻ ഉറപ്പുതരുന്നു. വാതു വെക്കുന്നോ?'

ഞാൻ മിഴിച്ചു. പറങ്ങോടനെപ്പറ്റി അതുവരെയില്ലാതിരുന്ന ഒരു ബഹുമാനം എന്റെ മനസ്സിൽ അങ്കുരിച്ചു. കാര്യം എനിക്ക് അപ്പോഴും മനസ്സിലായിട്ടില്ല. പക്ഷേ, അങ്ങോരുടെ വാക്കുകളുടെ ശാന്തതയും ഉറപ്പും അത്ര അധൃഷ്യങ്ങളായിരുന്നു.

* * *

സവിനയം ഞാൻ ചോദിച്ചു: 'അപ്പോൾ തന്റെ ഈ രുദ്രാക്ഷങ്ങൾക്ക് യഥാർഥമായ വല്ല ദിവ്യശക്തിയുമുണ്ടോ?'

പറങ്ങോടൻ കട്ടിലിന്മേൽ നിന്ന് എഴുന്നേറ്റ് ക്യാൻവാസ് കസാലയിന്മേൽപ്പോയി ചാരിക്കിടന്ന് കൈകെട്ടി മേൽപ്പോട്ടുനോക്കി അത്യുച്ചത്തിൽ 'ഹാ-ഹാ-ഹാ' എന്നു പൊട്ടിച്ചിരിച്ചു. ഒരു ചിരി കഴിഞ്ഞപ്പോൾ വേറൊരു ചിരി ആരംഭിച്ചു. അങ്ങനെ തിരുവാതിര ഞാറ്റുവേലയിലെ മഴപോലെ ഏകദേശം അരമണിക്കൂർ നേരം ചിരിച്ചു. എനിക്ക് കുറേശ്ശെ ശുണ്ഠിവന്നുതുടങ്ങി. 'താനെന്താണ് കഴുതയെപ്പോലെ ഇളിക്കുന്നത്?' എന്നു ഞാൻ ചോദിച്ചു. പറങ്ങോടൻ അക്ഷോഭ്യനായി സമാധാനം പറഞ്ഞു: 'തന്റെ ഉപമ പ്രകൃതിശാസ്ത്രവിജ്ഞാനത്തെ കുറിക്കുന്നില്ല; പ്രതിയോഗിയെ വല്ലതും പറഞ്ഞ് അപമാനിക്കണമെന്നുള്ള ദുരുദ്ദേശത്തെ മാത്രമേ കുറിക്കുന്നുള്ളൂ. അതുപോട്ടെ ശുദ്ധാത്മാവേ, കൂപമണ്ഡൂകമേ, മരമസ്തിഷ്കമേ, നിർവിചാര സത്വമേ, വങ്കശിരോമണേ, ആജൻമഗർദ്ദഭമേ.-'

ഞാൻ: നിൽക്കൂ, നിൽക്കൂ! ഞാനും കുറച്ച് പറയട്ടെ; കദ്ദർമശിരസ്സേ, സമ്പൂർണോന്മാദമേ, നിസ്സർഗ്ഗ ദീവാളിത്തമേ, നിർഭരതെമ്മാടിത്തമേ, ദുസ്സഹവിഡ്ഢിത്തമേ, കുതിരവട്ടമേ- ഇനി പറഞ്ഞോളൂ.

പ: ഹൂ! തന്റെ സിദ്ധാന്തം; ആട്ടെ; ഞാൻ പറയാം. ഈ രുദ്രാക്ഷങ്ങൾക്ക് ആ മുറ്റത്തുകാണുന്ന ഉരുളൻ കല്ലുകളേക്കാൾ യാതൊരു മഹത്വവുമില്ല. സർവവ്യാപിയായ ബ്രഹ്മം അവയിലെന്നപോലെ ഇവയിലുമുണ്ടെന്നു, വേണമെങ്കിൽ സിദ്ധാന്തിക്കാം.

ഞ: എന്നാൽ താൻ എങ്ങനെയാണ് തന്റെ രുദ്രാക്ഷങ്ങൾ ഉപയോഗിക്കുന്നവർ തനിക്ക് സർട്ടിഫിക്കറ്റ് തരുമെന്ന് പ്രതീക്ഷിക്കുന്നത്.

പ: നമ്മുടെ രുദ്രാക്ഷങ്ങൾ ഉപയോഗിക്കുന്നവർ നമുക്ക് സർട്ടിഫിക്കറ്റ് തരുന്നത് എന്നു പറയൂ. ഈ ഗംഭീരപ്ലാനിൽ നിന്നും തന്നെ ഒഴിച്ചു നിർത്തുവാൻ ഞാനാലോചിക്കുന്നില്ല. പറയാം. കേൾക്കൂ! പറങ്ങോടൻ കീശയിൽ നിന്നും ഒരു സിഗരറ്റ് എടുത്തുകൊളുത്തി ഇങ്ങനെ പറഞ്ഞു: 'ആദ്യമായി ഞാൻ ചോദിക്കുന്ന ചില ചോദ്യങ്ങൾക്ക് ഉത്തരം പറയണം. കാര്യം ഞാൻ ഒടുക്കം പറയാം. ഈ ലോകത്തിൽ രോഗം പിടിച്ചവരൊക്കെ മരിക്കുന്നുണ്ടോ?'

'ഇല്ല'

'പരീക്ഷയ്ക്ക് പോയവരൊക്കെ തോൽക്കുന്നുണ്ടോ?'

'ഇല്ല'

‘വിവാഹം കഴിക്കുന്നവരിൽ നൂറിൽ നൂറും തങ്ങൾക്ക് തീരെ പ്രണയമില്ലാത്ത സ്ത്രീ പുരുഷന്മാരെയാണോ വിവാഹം കഴിക്കുന്നത്?’

‘അല്ല’

‘കോടതികളിൽ കേസ്സുള്ളവർ എല്ലാം ചെലവുസഹിതം തോൽക്കാറുണ്ടോ?’

‘ഇല്ല’

‘ശരി: എന്നാൽ നമുക്കു സർട്ടിഫിക്കറ്റും കിട്ടും. 100 വിദ്യാർഥികൾ നമ്മുടെ രുദ്രാക്ഷം വാങ്ങിയാൽ അവരിൽ ഇരുപതു പേർ – ഇല്ലെങ്കിൽ പത്തുപേർ – അതുമല്ലെങ്കിൽ രണ്ടാളുകൾ– എങ്കിലും പാസ്സാവുകയില്ലേ?

അവർ തീർച്ചയായും നമ്മൾക്ക് ആ വിവരം എഴുതിയറിയിക്കും. രുദ്രാക്ഷം വാങ്ങുന്ന നൂറു രോഗികളിൽ, ഈ കോഴിക്കോട്ടു നഗരത്തിൽക്കൂടി, രണ്ടാളുകളുടെയെങ്കിലും രോഗം മാറിക്കിട്ടുകയില്ലേ? ആ രണ്ടാളുകൾ നമ്മൾക്ക് സസന്തോഷം സർട്ടിഫിക്കറ്റ് തരും.’

‘ബാക്കിയുള്ള തൊണ്ണൂറ്റിയെട്ടാളുകളോ?’

‘അവർ തങ്ങൾക്കു പറ്റിയ വിഡ്ഢിത്തത്തെപ്പറ്റി ഒരക്ഷരം മിണ്ടുകയില്ല. ഒരു പക്ഷേ നമ്മൾക്ക് എഴുതിയേക്കാം. ആ എഴുത്തുകൾ നമ്മൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളണമെന്ന് നിയമമുണ്ടോ? അതുമല്ല, ഉപയോഗിച്ചു ഫലം കണ്ടു എന്നു വിശ്വസിക്കുന്നവർ, അവിശ്വാസികളുടെ വാക്ക് എടുക്കുകയുമില്ല.’

‘അതിരിക്കട്ടെ; ഡിപ്പാർട്ട്മെന്റ് K/-379 എന്നു വച്ചാലെന്താണ്? ഏതു K? 378 ഡിപ്പാർട്ടുമെന്റുകൾ എന്തിനുവേണ്ടിയാണ്?’

‘അതൊക്കെ വിഡ്ഢികൾക്കു വിഴുങ്ങുവാനാണ് മൂപ്പരേ!

‘K/-379 എന്നു വച്ചാൽ A/1 എന്നു മാത്രമാണർഥം. കിം ബഹുനാ?
എട്ടു നാളിനകംപുറം ചില ചട്ടമൊന്നു പകർന്നുപോം’ എന്നു മാത്രമേ ഞാൻ തൽക്കാലം പറയുന്നുള്ളൂ.

‘ശരി! ശരി! ഭേഷ്! – തന്നെപ്പറ്റി പറഞ്ഞതൊക്കെ ഞാൻ മാപ്പുസമേതം മടക്കിയെടുത്തിരിക്കുന്നു. ‘തേരിലേറി നടക്കുമമ്പൊടു ഞാനുമെന്നുടെ പാർഥനും’ എന്നു കൂടി ഞാൻ പറയുവാൻ വിചാരിക്കുന്നു. ‘പാർഥൻ’ എന്നുവച്ചാൽ പ്രകൃതത്തിൽ പറങ്ങോടൻ ഇത്യർഥം;

‘താനെന്തെങ്കിലും പറഞ്ഞോളൂ. ഞാൻ പോകുന്നു പിന്നെ കാണാം.’

പറങ്ങോടൻ പോയി. പിന്നെ എന്തെന്നില്ലാത്ത ഒരു ഉന്മേഷത്തോടു കൂടി, ആസന്നമായ ലോകവഞ്ചനാസംരംഭം ഗതിവേഗം കൂട്ടിയ ഹൃദ്സ്പന്ദനത്തോടുകൂടി, പ്രതിനവമായ ഒരു അഭിനിവേശം തീപ്പിടിപ്പിച്ച തലച്ചോറോടുകൂടി, ഞാൻ ദിനകൃത്യങ്ങൾക്കൊരുങ്ങി.

ദിവസം പത്തുപതിനഞ്ചുകഴിഞ്ഞു. ഓർഡറുകൾ ഒന്നും വന്നുചേർന്നില്ല. ശത്രുഘ്നയ്യരുടെ കാപ്പിക്ലബ്ബിനു മുൻവശത്തുകൂടി പോകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പറങ്ങോടനും ഞാനും ചിലപ്പോൾ ഒന്നും രണ്ടും ഫർലോങ് വഴി വളച്ചാണ് പോകാറുള്ളത്.

കുറച്ചു ദിവസം കൂടി കാത്തു. അതിലകത്തു തെക്കൻ തിരുവിതാംകൂറിൽ കരുനാഗപ്പള്ളിയിൽനിന്ന് അബ്രഹാം കപ്പമൂട്ടിൽ എന്ന ഒരു വിദ്വാൻ മാത്രം ഒരെഴുത്തെഴുതി. കാർഡായിരുന്നു. പറങ്ങോടനും ഞാനും ഒരുമിച്ചിരിക്കുമ്പോഴാണ് തപാൽശിപായി അതു

കൊണ്ടുവരുന്നത്. പരസ്യത്തിലുള്ള മേൽവിലാസം കണ്ടപ്പോൾതന്നെ പറങ്ങോടൻ വിജയസൂചകമായ ഒരു പുഞ്ചിരിയോടുകൂടി എന്നെ നോക്കി. എന്റെ നെഞ്ചിടിപ്പു ദുർഭരമായിരുന്നു. "ഗണപതിക്കയ്യല്ലേ? ഉറക്കെ വായിക്കൂ!" എന്നു ഞാൻ പറങ്ങോടനോടു പറഞ്ഞു. അങ്ങോർ വായിച്ചു:

"കേരളകാഹളത്തിൽ നിങ്ങളുടെ പരസ്യം കണ്ടതിൻവണ്ണമാണ് ഞാനിതെഴുതുന്നത്. ഞാൻ ഏഴുവർഷമായി ഒരു വയറുവലികൊണ്ട് എന്തോന്നില്ലാത്ത വിമ്മിഷ്ടം അനുഭവിക്കുന്നു. നിങ്ങളുടെ രുദ്രാക്ഷംകൊണ്ട് വല്ല പൊറുതിയുമുണ്ടാകുമോ? ഉണ്ടാവുമെങ്കിൽ ഒരെണ്ണം മറുവശത്തെഴുതിയ മേൽവിലാസത്തിൽ അയച്ചേക്കണം. ആദ്യമൊന്നും പണമൊന്നും തരുകേല്ല. നോവു മാറിയെങ്കിൽ ഒന്നല്ല രണ്ടോ നാലോ രൂപ തന്നെ കൂടുതൽ തന്നേക്കാം. നിങ്ങളെപ്പറ്റി വളരെയൊക്കെ പ്രശംസിച്ചു നടക്കുകയും ചെയ്യാം."

ഈ കാർഡ് വായിച്ചുതീർന്നതോടുകൂടി പറങ്ങോടന്റെ കോപത്തിനു തുല്യമായി ഈ ലോകത്തിൽ വേറൊന്നുണ്ടെങ്കിൽ അത് എന്റെ നിരാശ മാത്രമായിരുന്നു. ആ കരുനാഗപ്പള്ളിയിലെ നിസ്സർഗ്ഗ നിസ്തേജന്റെ വയറ്റുനോവു "ധരാഹന്ത! കൽപ്പാന്തതോയേ" കുളിക്കുമ്പോഴെങ്കിലും മാറിപ്പോവുമല്ലോ എന്നായിരുന്നു ഞങ്ങളുടെ ഒരൊറ്റ വ്യസനം. കപ്പമൂട്ടിനെ കഠിനമായി ശകാരിച്ചുകൊണ്ട് ഒരു കാർഡെഴുതി അയയ്ക്കുവാൻ ഞങ്ങൾ ആലോചിച്ചുവെങ്കിലും അതിനാവശ്യമായ 9 പൈ. തൽക്കാലം കൈവശമില്ലാത്തതുകൊണ്ട് അത് നിവൃത്തിയില്ലാതെ വന്നു. അതുകൊണ്ടും വേറെ വിശേഷിച്ച് ജോലിയൊന്നും ഇല്ലാതിരുന്നതുകൊണ്ടും, ഞങ്ങൾ അന്ന് അസ്തമിക്കുന്നവതുവരെ, അബ്രഹാം കപ്പമൂട്ടിനെയും ആ മനുഷ്യന്റെ ഏഴുവയസ്സു പ്രായമായ നോവിനെയും തീവ്രമായും ഐകകണ്ഠേനയും ശകാരിച്ചു. ഞങ്ങളുടെ ശാപത്തിന്റെ നൂറിലൊരോഹരി ഫലിച്ചുട്ടുണ്ടെങ്കിൽ മിസ്റ്റർ കപ്പമൂട് വയറുനോവിനേക്കാൾ ഭയങ്കരമായ മറ്റു ചില നോവുകൾ വേറെ ഏതോ ഒരു സ്ഥലത്തുവച്ച് അനുഭവിക്കുന്നുണ്ടായിരിക്കണം.

ഈ കാർഡുകിട്ടി ഒരാഴ്ച കഴിഞ്ഞതിന്നുശേഷമാണ് തൃക്കരിപ്പൂരിൽ നിന്ന് ഒരാൾ, സ്വകാര്യമായ ഒരു കാര്യലാഭത്തെ ഉദ്ദേശിച്ചുകൊണ്ടാണെന്ന മുഖവുരയോടുകൂടി, ഞങ്ങളുടെ രുദ്രാക്ഷത്തിന് ആവശ്യപ്പെട്ടത്. പക്ഷേ ഇത്തവണ കാർഡിന്റെ കൂടെ മണിഓർഡറും ഉണ്ടായിരുന്നു. രുദ്രാക്ഷം അയയ്ക്കുവാനുള്ള തുക മാത്രം ഒറുപ്പികയിൽനിന്നെടുത്തു. ബാക്കി, ആവശ്യങ്ങൾ നൂറായിരം ഉണ്ടായിരുന്നുവെങ്കിലും ഞങ്ങൾ ഒരു പെട്ടിയിൽ നിക്ഷേപിച്ചു. പിന്നീടുള്ള ചരിത്രം ചുരുക്കിപ്പറയാം: മൂന്നുമാസംകൊണ്ട് രണ്ടിടങ്ങഴി രുദ്രാക്ഷം ഞങ്ങൾ പല സ്ഥലങ്ങളിലേക്കും അയച്ചുകൊടുത്തു. നാലുമാസം കഴിഞ്ഞപ്പോഴേക്കും മദ്രാസ്, കൽക്കത്ത, ബോംബായി എന്നീ നഗരങ്ങളിലെ ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ ഓരോ ചെറിയ പരസ്യവും മലയാള പത്രങ്ങളിൽ സർട്ടിഫിക്കറ്റുകളോടുകൂടിയ അരപ്പേജു പരസ്യങ്ങളും, കൊടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു.

പറങ്ങോടൻ പ്രതീക്ഷിച്ചിരുന്നതുപോലെ അന്നേ ഞങ്ങൾക്കു സർട്ടിഫിക്കറ്റുകൾ വരാതിരുന്നില്ല. അവയിൽ ചിലതിൽക്കൂടി പ്രസ്ഫുരിച്ച ഞങ്ങളുടെ രുദ്രാക്ഷത്തിന്റെ മഹാത്മ്യത്തിലുള്ള അതിരറ്റ ഭക്തിവിശ്വാസങ്ങൾ കണ്ടപ്പോൾ 'ഒടുക്കം ഇതിൽ നമ്മളറിയാതെ വല്ല അഭൗമശക്തികളും ഉണ്ടായിരിക്കുമോ?' എന്നു കൂടി ഞാൻ പറങ്ങോടനോടു ചോദിക്കുവാൻ പ്രേരിതനായി. ആ വഞ്ചകമഹാസമ്രാട്ടാകട്ടെ,

'വെൺചന്ദ്രികയ്ക്കു നിറം കൂടുമാറൊന്നു
പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു!'

ഒരെഴുത്ത് ഇതാ:

"S 2400

ഗുരുപാദങ്ങളെ ലോകരക്ഷ ചെയ്യുവാൻ അവതരിച്ചിരിക്കുന്ന അങ്ങുന്ന് ആരാണെന്ന് ഞാനറിയുകയില്ല. പക്ഷേ ആരായിരുന്നാലും അങ്ങ് ലോകത്തിന് പ്രദാനം ചെയ്തിരിക്കുന്നഈ ദിവ്യവരം - അതിവിശിഷ്ടമായ ത്രൈയംബക രുദ്രാക്ഷം - ലോകത്തിലെ അവതാരപുരുഷന്മാരുടെ ഇടയിൽ അങ്ങയുടെ സ്ഥാനത്തെ ഉറപ്പിച്ചിരിക്കുന്നു. എനിക്കയച്ചുതന്ന രുദ്രാക്ഷം ഞാൻ ധരിക്കുവാൻ തുടങ്ങിയതിന്റെ ശേഷം ഞാനൊരിക്കലും ജയിക്കുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഒരു കേസ്സും ജയിച്ചു; എന്റെ ഭാര്യ ഒരാൺകുട്ടിയെ പ്രസവിച്ചു: കഴിഞ്ഞ ആഴ്ച ഒരു വലിയ പ്രൈസ് കുറിയുടെ ഒന്നാം നറുക്കും എനിക്കുകിട്ടി. ഇങ്ങനെ അടുത്തടുത്ത് ഒരു ഭാഗ്യസന്നിപാതം ഞാനെന്റെ ജീവകാലത്ത് അനുഭവിച്ചിട്ടില്ല. ദയ ചെയ്തു പന്ത്രണ്ടു രുദ്രാക്ഷം കൂടി ഈ എഴുത്തുകണ്ട ഉടനെ അയച്ചുതരുവാനപേക്ഷ. പത്ത് ഉറുപ്പിക ഇന്നലെ മണിഓർഡർ ചെയ്തിട്ടുണ്ട്. ഈ പരസ്യം നിങ്ങൾക്ക് ഏതുവിധത്തിൽ വേണമെങ്കിലും ഉപയോഗിക്കാം.

കൃതജ്ഞതാകുലൻ,<br>
കോറോത്ത് കൃഷ്ണൻനായർ

സാമ്പിളിന് ഒരെഴുത്തുകൂടി താഴെച്ചേർക്കുന്നു.

'P. 2009

സർ,

നിങ്ങളുടെ രുദ്രാക്ഷം ധരിച്ചതിനുശേഷം ചിരകാലമായി ഞാൻ ആഗ്രഹിച്ചിരുന്ന കാര്യം ഏഴുദിവസത്തിനകം സാധിച്ചിരിക്കുന്നു. നന്ദി പറയുന്നു. മൂന്നു രുദ്രാക്ഷത്തിന്റെ വില ഇതുസഹിതം അയയ്ക്കുന്നു. സ്നേഹിതന്മാർക്കുവേണ്ടിയാണ്.

ഔസേഫ് മാത്തൻ, ബി.എ.'

(പറയുന്നതിനിടയ്ക്ക് എഴുത്തിനു മീതെയുള്ള നമ്പർ പറങ്ങോടൻ ചേർത്തതാണ്. രണ്ടായിരത്തിലധികം കത്തുകൾ ഞങ്ങൾക്കു കിട്ടിയെന്ന് അത് കണ്ടാൽ തോന്നുമെങ്കിലും, ആദ്യത്തെ എഴുത്തിനുകൊടുത്ത നമ്പർ 2000 ആണെന്നുകൂടി ഇവിടെ പ്രസ്താവ്യമാണ്.) 'S' എന്നും 'P' എന്നുമുള്ള അക്ഷരങ്ങൾ എഴുത്ത് ആദ്യം വായിച്ചതു സഞ്ജയനോ പറങ്ങോടനോ ആണെന്നു മാത്രമേ കുറിക്കുന്നുള്ളൂ.)

പക്ഷെ രണ്ടായിരത്തിലധികം കത്തുകൾ കിട്ടാൻ ഞങ്ങൾ വളരെയൊന്നും താമസിക്കേണ്ടിവന്നില്ല. രുദ്രാക്ഷം പാർസലായി അയയ്ക്കുവാൻ നിശ്ചയിക്കപ്പെട്ട കൂലിക്കാരുടെ എണ്ണം പ്രതിമാസം രണ്ടുവീതം വർധിച്ചു. ഒരു കൊല്ലത്തിനകത്ത് എഴുത്തുകൾക്കു മറുപടി അയയ്ക്കുവാൻ രണ്ട് ക്ലാർക്കുമാരേയും ഞങ്ങൾക്ക് നിശ്ചയിക്കേണ്ടിവന്നു. ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ ത്രൈയംബകരുദ്രാക്ഷത്തിന്റെ പരസ്യം ആരും പെട്ടെന്ന് കാണുവാൻ ഇടയില്ലാത്ത ഒരു മൂലയിൽ ഒരിഞ്ച് (ഒറ്റക്കോളം) ആയിരുന്നതുപോയി, ഒരു മുഴുവൻ പെയ്ജായ്ത്തീർന്നു. 1934 ജനവരി 1 -ാംനു- മുതൽ ഒരു വലിയ മാളികക്കെട്ടിടം ഞങ്ങൾ 50 ക വാടകയായെടുത്തു. രുദ്രാക്ഷം സപ്ലൈ ചെയ്യുന്ന ഏജൻസികളുടെ എണ്ണം ആറായിരുന്നു. വേറെയും പരിഷ്കാരങ്ങൾ ഞങ്ങൾ വരുത്തി. വെള്ളികെട്ടിച്ച രുദ്രാക്ഷം 5 ഉറുപ്പികയ്ക്കും, സ്വർണം കെട്ടിച്ചത് 20 ഉറുപ്പികയ്ക്കും ഞങ്ങൾ അയയ്ക്കുവാൻ തുടങ്ങി. (ആ വഴിക്കും ആദായമുണ്ടായിരുന്നു.) സ്ത്രീകൾക്ക് ധരിക്കുവാൻ ഒരു മാതിരി ചെറിയ രുദ്രാക്ഷം അതിമനോഹരമായ ഒരു ലോക്കറ്റിൽ അടക്കി സ്വർണച്ചെയിൻ സമേതം 100 ക വിലയായി ഞങ്ങൾ സ്റ്റോക്കുചെയ്തു.

1935 പിറന്നു. പറങ്ങോടനും ഞാനും പണക്കാരായി. ഞങ്ങൾക്ക് രാഷ്ട്രീയ കാര്യങ്ങളിൽ അഭിരുചി വർധിച്ചു. പറങ്ങോടനും ഞാനും ഓരോ പ്രാദേശിക ബോർഡിന്റെ അധ്യക്ഷന്മാരായി. കാറുകൾ ഞങ്ങൾക്ക് പ്രത്യേകമുണ്ടായിരുന്നു. ശത്രുഘ്നയ്യർ പൊളിഞ്ഞു ദീവാളിയായി. ടൗണിലുള്ള അയാളുടെ കാപ്പി ക്ലബ് കെട്ടിടം ലേലത്തിന് വിറ്റപ്പോൾ അത് ഞങ്ങൾ വാങ്ങി. ആ സ്ഥലത്ത് അതിഗംഭീരമായി ഞങ്ങളുടെ രുദ്രാക്ഷ ഡിപ്പോ പണിയിച്ചു.

ഗൗരീശങ്കർ ബാങ്കുമാനേജരായിരുന്ന ശങ്കർലാൽ സേഠു ഇൻസോൾവെന്റ് ആയപ്പോൾ കടപ്പുറത്തുള്ള അദ്ദേഹത്തിന്റെ അമരാവതി സദൃശമായ മൂന്നുനില ബങ്കളാവും ഞങ്ങൾ വിലകൊടുത്തുവാങ്ങി. പറങ്ങോടൻ എന്ന പേരിന്നു അവസ്ഥ പോരായ്കയാൽ അങ്ങോർ തന്റെ പേരുമാറ്റി പി. എൻ. പൂഴിപ്പറമ്പ് എന്നാക്കി. നിലവിലുള്ള രണ്ടു കാറുകൾക്കു പുറമെ ഒരു റോൾസ്റോയ്സ് ഞങ്ങൾ ഇരുവരും കൂടി വാങ്ങി.

| | | |
|---|---|---|
| പാംസുസ്നാതൻ | - | പൊടിയിൽ കുളിച്ചവൻ |
| നിയമേന | - | വിധിപ്രകാരം |
| നിസർഗ-നിസ്തേജൻ | - | ജന്മനാകൊള്ളാത്തവൻ |
| അധൃഷ്യം | - | അതിക്രമിക്കാനാ-വാത്ത |
| അന്ത്യദ്രേക്കാണം | - | അവസാനഭാഗം |
| കിംബഹുനാ | - | എന്തിനധികം |
| കല്പാന്തകാലം | - | പ്രളയകാലം |

ആറുമാസം മുമ്പ് ഒരു ദിവസം ഞങ്ങളുടെ റോൾസ്റോയ്സ് ഞങ്ങളുടെ ബങ്കളാവിന്റെ ഗെയ്റ്റിന്നടുത്ത് എത്താറായപ്പോൾ 12 അണ വിലയുള്ള ചുരുട്ടിന്റെ അന്ത്യദ്രേക്കാണത്തെ പുറത്തേക്കെറിഞ്ഞു ഞാൻ പറങ്ങോടനോടു പറഞ്ഞു:

“അന്നൊരുദിവസം നമ്മുടെ രുദ്രാക്ഷത്തിൽ വാസ്തവത്തിൽ നമ്മൾ കാണാത്ത വല്ല മഹത്വവും ഒളിച്ചുകിടക്കുന്നുണ്ടായിരിക്കുമോ എന്ന് ഞാൻ ചോദിച്ചപ്പോൾ താൻ പുച്ഛരസത്തോടുകൂടി ചിരിച്ചത് ഓർമ്മയുണ്ടോ?”

പറങ്ങോടൻ: “എന്തോ, എനിക്കോർമ്മയില്ല. പക്ഷേ അങ്ങനെ വല്ല മഹത്വവും ഉണ്ടെന്നാണോ തന്റെ വിശ്വാസം. ”

ഞാൻ: “അതെ.”
പറ: “തെളിവ്?”

ഈ സമയത്ത് കാർ നാനാസുമസുരഭിലമായ നടയിൽക്കൂടി വീടിന്റെ മുൻവശത്ത് എത്തിയിരുന്നു. ഞാൻ പുറത്തേക്കിറങ്ങി. സ്വർണം കെട്ടിച്ച ആനക്കൊമ്പു വടി ബങ്കളാവിന്റെയും, കാറിന്റെയും, പൂന്തോട്ടത്തിന്റെയും നേരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു:

“തെളിവോ? അതാ! ഇതാ! അതാ!”

പറങ്ങോടൻ ചിരിച്ചു. പക്ഷേ ഇത്തവണ ആ ചിരിയിൽ പുച്ഛരസം തീരെ ഉണ്ടായിരുന്നില്ല.

(ഇതി ശ്രീരുദ്രാക്ഷമഹാത്മ്യം സമാപ്തം)

23–3–'36

**തെരഞ്ഞെടുത്ത കൃതികൾ** **സഞ്ജയൻ**

## പഠനപ്രവർത്തനങ്ങൾ

- 1936 ലാണ് സഞ്ജയൻ ഈ ലേഖനം എഴുതിയത്. ആർക്കൊക്കെ അല്ലെങ്കിൽ എന്തിനൊക്കെ നേരെയാണ് അദ്ദേഹം പരിഹാസശരങ്ങൾ തൊടുക്കുന്നത്? അദ്ദേഹം പരിഹസിച്ച എന്തൊക്കെ കാര്യങ്ങളാണ് നമ്മുടെ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നത്? ചർച്ച ചെയ്യുക.
- ഒരു വ്യക്തിയുടെ സ്വഭാവം, സംസ്കാരം, ജീവിത പശ്ചാത്തലം തുടങ്ങിയവയൊക്കെ അയാളെഴുതുന്ന കത്തുകളിലും വ്യക്തമാവും. പാഠഭാഗത്ത് നല്കിയിട്ടുള്ള കത്തുകൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.
- രുദ്രാക്ഷത്തെക്കുറിച്ച് പരസ്യം ചെയ്ത് ധനികനായിത്തീർന്ന പറങ്ങോടനെ പരിചയപ്പെട്ടല്ലോ. ഇത്തരം പരസ്യങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സൂചിപ്പിച്ചുകൊണ്ട് പത്രാധിപർക്ക് കത്തെഴുതുക.
- പരസ്യങ്ങളിൽ എന്തും എത്രയും പറയാമെന്നാണു നിയമം' എന്നു സഞ്ജയൻ പറയുന്നു. ഇതു ശരിയാണോ? ഇപ്പോൾ ദൃശ്യമാധ്യമങ്ങളിലും പത്രങ്ങളിലും വരുന്ന പരസ്യങ്ങൾ ശേഖരിച്ച് വിലയിരുത്തുക. അത്തരം പരസ്യങ്ങളിലൊന്നിൽ വിശ്വസിച്ച് പ്രവർത്തിച്ച ഒരാളുടെ അനുഭവം നർമലേഖനമായി അവതരിപ്പിക്കുക.
- ഭാഗ്യസന്നിപാതം, കൃതജ്ഞതാകുലൻ എന്നീ പദങ്ങളുടെ പ്രയോഗത്തിലൂടെ സഞ്ജയൻ സൃഷ്ടിക്കുന്ന ഫലിതം വിശകലനം ചെയ്യുക. ഇത്തരത്തിലുള്ള മറ്റു പദങ്ങൾ കൂടി വിശകലനം ചെയ്ത് സഞ്ജയൻ ഭാഷ കൊണ്ട് സൃഷ്ടിക്കുന്ന നർമത്തെക്കുറിച്ച് കുറിപ്പെഴുതുക.

### എം.ആർ. നായർ (സഞ്ജയൻ)

1903 ൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലെ തിരുവങ്ങാട് ഒതയോത്തു വീട്ടിൽ ജനനം. സഞ്ജയൻ (6 ഭാഗം), സാഹിത്യനികഷം (2 ഭാഗം), ആദ്യോപഹാരം, ഹാസ്യാഞ്ജലി, ഒഥെല്ലോ (പരിഭാഷ) തുടങ്ങിയവ പ്രധാനകൃതികൾ. കേരളപത്രികയുടെ എഡിറ്റർ, കോളേജ് ലക്ചർ. 1943 ൽ അന്തരിച്ചു.

# കണ്ണീരും കിനാവും

സായന്തനക്കാറ്റേറ്റ് പടിഞ്ഞാറേ ആലിൻചുവട്ടിൽ എന്തോ മനോരാജ്യത്തിലാണ്ടു നിൽക്കുകയായിരുന്നു ഞാൻ. കച്ചത്തോർത്തു മാത്രമുടുത്തു ചെറിയൊരോലക്കുടക്കാലിൽ തൂക്കിയിട്ട പുസ്തകസഞ്ചിയുമായി തിയ്യാടി നമ്പ്യാരുടെ ചെറിയ പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു. ഇളകിമറിയുന്ന ആലിലച്ചാർത്തിനിടയിൽക്കൂടി വാർന്നു വീഴുന്ന അസ്തമനസൂര്യന്റെ കിരണകന്ദളം ആ കൊച്ചു ബാലികയുടെ ശൈശവത്തിനൊരു ദൈവിക പരിവേഷമുളവാക്കി. ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും വഴി നടന്ന വിയർപ്പും കൊണ്ട് നന്നേ വിവശയായിരുന്നു. തെല്ലിട സംശയിച്ചുനിന്നശേഷം പെട്ടെന്നു തന്റെ സഞ്ചിയിൽ നിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്ത് അവൾ എന്നെ സമീപിച്ച് ഈണക്കത്തോടെ കെഞ്ചി.

‘ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ ചെയ്തുകൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തുനിർത്തും.’

അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്തു പറ്റിനിന്നു. നോട്ടുപുസ്തകം മേടിച്ച് അതിലെ വെളുത്ത കടലാസ്സിൽ കുനിയനുറുമ്പ് അരിച്ചപോലെ കാണായ കറുത്ത അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു. യാതൊന്നും എനിക്ക് മനസ്സിലായില്ല. ലജ്ജ കൊണ്ട് ഞാനില്ലാതായി. കാഴ്ച മങ്ങിപ്പോയി. കുനിഞ്ഞിരുന്നു ഞാനൊന്നു നെടുവീർപ്പിട്ടു. ‘എനിക്ക് അക്ഷരം പോലും വായിക്കനറിയില്ലല്ലോ’ എന്ന് ആ ഇത്തിരിയോളം പോന്ന പെൺകുട്ടിയോട് മീശ കുരുത്ത ഞാനെങ്ങനെ പറയും? പൊങ്ങച്ചം കൊണ്ട് പുളഞ്ഞ എന്റെ മനസ്സമാധാനം തകർന്നുടഞ്ഞു. നന്നേ കുട്ടിക്കാലത്ത് വിജയദശമി ദിവസം കുളിച്ചു കോടിമുണ്ടുടുത്തു പൂവും പ്രസാദവും ചൂടി ആവണപ്പലകമേലിരുന്നു ഭദ്രദീപത്തിന്റെ തെളിനാളത്തിൻമുന്നിൽവെച്ചു മോതിരവിരൽകൊണ്ടു മണലിൽ ’ഹരിഃ ശ്രീ ഗണപതയേ നമഃ’ എന്നു കുത്തി വരയ്ക്കേണ്ടി വന്നപ്പോൾ കൈവിരൽ നൊന്തതിനാൽ കവിളത്തൂടെ കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പു വീണ്ടും എനിക്കനുഭവപ്പെട്ടത് അന്നാണ്.

‘കുട്ട്യോളൊക്കെ എപ്പപ്പോയതാ സ്കൂളു വിട്ടിട്ട്? വഴീല് കണ്ടോരോടൊക്കെ ‘കൊണ്യാരം’ പറഞ്ഞങ്ങനെ നിൽക്കും. എന്നിട്ടിരുട്ടാകും അകായിലെത്തുമ്പോൾ!’. പിന്നിൽ നിന്നു അമ്മയുടെ ശാസനകേട്ട് അവൾ വീട്ടിലേക്കോടി മറഞ്ഞു. അങ്ങനെ ആ കുട്ടിയിൽ നിന്നും ഞാൻ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ മനസ്സിലെ



അസ്വാസ്ഥ്യത്തിൽ നിന്നു രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല. 'ആ രാത്രി മുഴുവൻ ഞാനെന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു. 'വിജ്ഞാനം നേടിയേ അടങ്ങൂ' എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേദിവസം തന്നെ പത്തു വയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്ന് അക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു. വിറയാർന്ന കൈവിരൽകൊണ്ടു വീണ്ടും വീണ്ടും കുത്തിക്കുറിച്ചു. പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്. പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചുവച്ചിരുന്നത് ആളൊഴിഞ്ഞ സമയത്തു ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തല പൊക്കി നിൽക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിനിടയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന 'മാൻമാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ട് കൂട്ടിവായിച്ചപ്പോൾ എന്റെ മനസ്സിൽ നിന്നൊരു ആഹ്ലാദധ്വനി വിനിർഗ്ഗളിക്കുകയുണ്ടായി. 'മാൻ മാർക്കു കുട' എന്ന ആ ശബ്ദം എത്ര തവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പിൽക്കാല ജീവിതത്തിൽ എനിക്ക് മാർഗനിർദേശം നൽകിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞതകൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നു.

| | | |
|---|---|---|
| സായന്തനം | - | വൈകുന്നേരം |
| കിരണം | - | രശ്മി |
| കിരണകന്ദളം | - | സൂര്യരശ്മിയുടെ കൂട്ടം |
| നയനം | - | കണ്ണ് |
| അകായ് | - | വീട് (വീട്ടിന്നകം) |
| അന്ധകാരം | - | ഇരുട്ട് |
| പണപ്പായസം | - | ദേവനുള്ള നിവേദ്യം |
| ധ്വനി | - | ശബ്ദം |
| വിനിർഗളിക്കുക | - | പുറത്തേക്കുവരുക |

**കണ്ണീരും കിനാവും** **വി. ടി. ഭട്ടതിരിപ്പാട്**

## പഠനപ്രവർത്തനങ്ങൾ

- 'എനിക്ക് അക്ഷരം പോലും വായിക്കാനറിയില്ലല്ലോ എന്ന് ഇത്തിരിപ്പോന്ന പെൺകുട്ടിയോട് മീശ കുരുത്ത ഞാനെങ്ങനെ പറയും?' വി.ടി.യുടെ ഒരനുഭവമാണിത്. ഇത്തരം അനുഭവങ്ങൾ നിങ്ങളുടെയോ നിങ്ങളുടെ പരിസരത്തുള്ളവരുടെയോ ജീവിതത്തിലുണ്ടാകാം. അത്തരമൊരു അനുഭവത്തെക്കുറിച്ച് കുറിപ്പെഴുതുക.
- 'ലോകം കൂർക്കം വലിച്ചുറങ്ങുക.' ലോകമല്ല ഉറങ്ങുന്നത് മനുഷ്യരാണ്. ഇത് ഒരു സവിശേഷ പ്രയോഗമാണ്. ഇപ്രകാരമുള്ള ധാരാളം പ്രയോഗങ്ങൾ വി.ടി.യുടെ രചനയിൽ കാണാം. പാഠത്തിൽ നിന്ന് അത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവയുടെ സ്വാരസ്യം എഴുതുക.

- "പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായിരുന്നു അത്."
  "ആ അയ്യപ്പൻ കാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് ജീവിതത്തിൽ എനിക്ക് മാർഗനിർദേശം തന്ന മഹാജ്യോതിസ്."

  അക്ഷരവിദ്യയെ തീയായും വെളിച്ചമായും വി.ടി. വിശേഷിപ്പിക്കുന്നതെന്തുകൊണ്ടാവാം? ചർച്ച ചെയ്യുക.
- "ലജ്ജകൊണ്ട് ഞാനില്ലാതായി" - ഈ വാക്യം വി.ടി.യുടെ സവിശേഷ മാനസികാവസ്ഥ വ്യക്തമാക്കാൻ എത്രത്തോളം പര്യാപ്തമാണ്. വിശദമാക്കുക.
- നമ്മുടെ സമൂഹത്തിൽ, വി.ടി.യെപ്പോലെ സ്വപ്രയത്നം കൊണ്ടും നിശ്ചയദാർഢ്യം കൊണ്ടും വളർന്നു വലുതായി ഉന്നതങ്ങളിലെത്തിച്ചേർന്ന വ്യക്തികൾ പലരും ഉണ്ടാകും. അത്തരത്തിൽ ഒരാളെ കണ്ടെത്തി കൂടിക്കാഴ്ച നടത്തുക. ലഘുകുറിപ്പ് തയാറാക്കുക.

### വി.ടി. ഭട്ടതിരിപ്പാട്

1896 ൽ അങ്കമാലിയിലെ കിടങ്ങൂരിൽ ജനനം. യഥാർഥ പേര് രാമൻ. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം), കണ്ണീരും കിനാവും (ആത്മകഥ), രജനീരംഗം, സത്യം എന്നത് ഇവിടെ മനുഷ്യനാകുന്നു, വെടിവട്ടം, കർമ്മവിപാകം എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡും (കണ്ണീരും കിനാവും (1971)) ഫെലോഷിപ്പും (1975) ലഭിച്ചിട്ടുണ്ട്. 1982 ൽ അന്തരിച്ചു.



# സ്നേഹത്തിന്റെ നിറഭേദങ്ങൾ

"നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി-
യെന്നും, എന്നുണ്ണിയെവിട്ടെങ്ങു പോകുവാൻ."

മരണത്തെ ജയിക്കാം. എങ്ങനെ? നാം സൃഷ്ടിക്കുന്ന നന്മയാർന്ന ബന്ധങ്ങളിലൂടെ സ്വയം മറന്ന് സ്നേഹിക്കുന്ന ഒരുവന് തനിക്കു ചുറ്റുമുള്ള സമൂഹത്തെയും മറ്റു ജീവജാലങ്ങളെയുമൊക്കെ ഉൾക്കൊള്ളാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും കഴിയും. അങ്ങനെയുള്ളവർ തലമുറകളിലൂടെ സമൂഹത്തിൽ ജീവിക്കും.

## ഇന്ത്യയിലേക്ക് മടക്കം

യുദ്ധരംഗത്തെ എന്റെ സേവനം അവസാനിച്ചതോടെ ഇനി എനിക്കു ചെയ്യാനുള്ള ജോലി ദക്ഷിണാഫ്രിക്കയിലല്ല ഇന്ത്യയിലാണെന്നു തോന്നി. ദക്ഷിണാഫ്രിക്കയിൽ ഒന്നും ചെയ്യാനില്ലാഞ്ഞിട്ടല്ല. പക്ഷേ, എന്റെ പ്രധാനജോലി പണമുണ്ടാക്കൽ മാത്രമായി മാറിയേക്കുമെന്നു ഞാൻ ഭയപ്പെട്ടു.

നാട്ടിലെ സുഹൃത്തുക്കളും മടങ്ങാൻ എന്നെ നിർബന്ധിക്കയായിരുന്നു. ഇന്ത്യയിൽ എന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുമെന്ന് എനിക്കും തോന്നി. ദക്ഷിണാഫ്രിക്കയിലെ ജോലിക്കാണെങ്കിൽ ശ്രീ ഖാനും മൻസുഖ് ലാൽ നാസറും ഉണ്ടായിരുന്നുതാനും. അതിനാൽ എന്നെ വിട്ടയയ്ക്കണമെന്ന് സഹപ്രവർത്തകരോട് ഞാനാവശ്യപ്പെട്ടു. വളരെ പ്രയാസത്തോടെ എന്റെ അപേക്ഷ സോപാധികമായി അംഗീകരിക്കപ്പെട്ടു. ഒരു വർഷത്തിനകം എന്നെ അവിടത്തെ ഇന്ത്യൻ സമുദായത്തിന് ആവശ്യമായി വന്നാൽ ഞാൻ തിരിച്ചു ചെല്ലണമെന്നായിരുന്നു വ്യവസ്ഥ. അതൊരു ബുദ്ധുമുട്ടുള്ള വ്യവസ്ഥയായി എനിക്കുതോന്നി. എങ്കിലും ആ സമുദായത്തോടുള്ള ദൃഢമൈത്രി എന്നെക്കൊണ്ട് അത് സ്വീകരിപ്പിച്ചു.

'പ്രണയത്തിൻനേർത്ത നൂലാലെന്നെ
ഹരിയല്ലോ കെട്ടിവരിയുന്നു
വരിയുന്ന നൂലിൽപ്പെട്ട ഞാൻ ദേവ-
ന്നടിമയായല്ലോ മരുവുന്നു' എന്നു മീരാഭായി പാടി. എന്നെ സംബന്ധിച്ചും ആ സമുദായത്തോട് ചേർത്തുകെട്ടിയ സ്നേഹത്തിന്റെ പരുത്തി നൂൽ പൊട്ടിക്കാനാവത്തത്ര ബലമുള്ളതായിരുന്നു. ജനങ്ങളുടെ അഭിപ്രായം ദൈവത്തിന്റെ അഭിപ്രായമാകുന്നു. ഇവിടെയാകട്ടെ സ്നേഹിതന്മാരുടെ അഭിപ്രായം എനിക്കു നിരസിക്കാനാകാത്തത്ര ആത്മാർഥമായിരുന്നു. ഞാൻ ആ വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് ഇന്ത്യയിലേക്കു പോരാനുള്ള അനുവാദം വാങ്ങി.

ഈ അവസരത്തിൽ നെറ്റാളുമായിട്ടേ എനിക്ക് ഉറ്റബന്ധം ഉണ്ടായിരുന്നുള്ളൂ. നെറ്റാളിലെ ഇന്ത്യാക്കാർ എന്നെ സ്നേഹാമൃതത്തിൽ കുളിപ്പിച്ചു. എല്ലാ സ്ഥലങ്ങളിലും അവർ യാത്രയയപ്പ് സമ്മേളനങ്ങൾ നടത്തുകയും വിലയേറിയ സമ്മാനങ്ങൾ എനിക്കു തരുകയും ചെയ്തു.

മുമ്പ്, 1896-ൽ ഞാൻ ഇന്ത്യയിലേക്കു മടങ്ങിയപ്പോഴും എനിക്കു സമ്മാനങ്ങൾ തന്നിരുന്നു. എന്നാൽ ഇത്തവണത്തെ യാത്രയയപ്പ് മനസ്സിനെ കുഴക്കത്തക്കവിധത്തിൽ വളരെ വിപുലമായിരുന്നു. സ്വർണം കൊണ്ടും വെള്ളി കൊണ്ടുമുള്ള സാധനങ്ങൾ തീർച്ചയായും സമ്മാനങ്ങളിൽ ഉൾപ്പെട്ടിരുന്നു. മാത്രമല്ല വിലയേറിയ രത്നം കൊണ്ടുള്ള സാധനങ്ങളും ഉണ്ടായിരുന്നു.

ഈ സമ്മാനങ്ങളെല്ലാം സ്വീകരിക്കാൻ എനിക്കെന്തവകാശമാണുണ്ടായിരുന്നത്? അവ സ്വീകരിച്ചുകൊണ്ട് എനിക്കെങ്ങനെയാണ് പ്രതിഫലം കൂടാതെ സമുദായ സേവനം നിർവഹിക്കുന്നു എന്ന് സ്വയം ബോധ്യപ്പെടുത്താൻ കഴിയുക? എന്റെ കക്ഷികളിൽ നിന്നുള്ള ഏതാനും സമ്മാനങ്ങളൊഴികെ ബാക്കിയെല്ലാം സമുദായത്തിനു വേണ്ടിയുള്ള എന്റെ സേവനത്തിനു മാത്രമുള്ളവയായിരുന്നു. എന്റെ കക്ഷികളും സഹപ്രവർത്തകരും തമ്മിലാണെങ്കിൽ എനിക്കൊരു വ്യത്യാസവും തോന്നിയതുമില്ല. കാരണം പൊതു പ്രവർത്തനത്തിൽ എന്റെ കക്ഷികളും എന്നെ സഹായിച്ചിരുന്നു.

സമ്മാനങ്ങളിലൊന്ന് അമ്പത് ഗിനി വിലയുള്ളതും എന്റെ ഭാര്യയെ ഉദ്ദേശിച്ചു വാങ്ങിയതുമായ സ്വർണമാലയായിരുന്നു. പക്ഷേ, ആ സമ്മാനം പോലും എന്റെ പൊതുപ്രവർത്തനംമൂലം നൽകപ്പെട്ടതാകയാൽ മറ്റുള്ളവയിൽ നിന്നും മാറ്റിനിർത്താവുന്നതായിരുന്നില്ല.



ഈ സാധനങ്ങളിലധികവും എനിക്കു സമ്മാനിക്കപ്പെട്ട ആ സായാഹ്നത്തിനുശേഷമുള്ള രാത്രി എനിക്ക് ഉറക്കം കിട്ടാത്ത ഒന്നായിരുന്നു. ഞാൻ വളരെ അസ്വസ്ഥനായി മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പക്ഷേ, ഒരു പ്രതിവിധിയും കണ്ടെത്തിയില്ല. നൂറു കണക്കിനു പവൻ വിലയുള്ള ആ സമ്മാനങ്ങൾ ഉപേക്ഷിക്കുക എനിക്കു പ്രയാസമായിരുന്നു. പക്ഷേ അവ കൈയിൽ വയ്ക്കുന്നതാകട്ടെ അതിലും പ്രയാസവും!

അഥവാ എനിക്കവ കൈയിൽവയ്ക്കാൻ കഴിഞ്ഞാൽതന്നെ എന്റെ മക്കളുടെ സ്ഥിതി എന്താകും? ഭാര്യയുടെ കാര്യമോ? അവരെ സേവനനിരതമായ ഒരു ജീവിതരീതിയിലും സേവനത്തിന്റെ പ്രതിഫലം അതുതന്നെയാണെന്ന ധാരണയിലും ഞാൻ പരിശീലിപ്പിച്ചു വരികയായിരുന്നു.

വില കൂടിയ ആഭരണങ്ങളൊന്നും എന്റെ വീട്ടിൽ ഇല്ലായിരുന്നു. ഞങ്ങൾ ജീവിതത്തെ വേഗത്തിൽ ലളിതമാക്കുകയായിരുന്നു. അപ്പോൾ എങ്ങനെയാണ് ഞങ്ങൾ സ്വർണ

വാച്ചുകൾ ധരിക്കുക? സ്വർണമാലയും രത്നമോതിരവും ഞങ്ങൾക്കെങ്ങനെ അണിയാൻ കഴിയും? ആഭരണഭ്രമം ഉപേക്ഷിക്കാൻ അപ്പോഴും ഞാൻ ജനങ്ങളെ ഉത്ബോധിപ്പിക്കുന്നുണ്ടായിരുന്നു! എന്നിരിക്കെ എനിക്കു കൈവന്നിരിക്കുന്ന ഈ ആഭരണജാലം കൊണ്ട് ഞാനെന്തുചെയ്യും?

എനിക്ക് ആ സാധനങ്ങൾ കൈയിൽവയ്ക്കാനാവില്ലെന്ന് ഞാൻ തീരുമാനിച്ചു. അവ സമുദായത്തിനുവേണ്ടി ഉപയോഗിക്കാൻ പാഴ്സി, റസ്റ്റംജി തുടങ്ങിയവരെ ട്രസ്റ്റികളാക്കിക്കൊണ്ട്, ഒരു ട്രസ്റ്റ് രൂപീകരിച്ചുകൊണ്ട് ഞാനൊരു കത്തു തയാറാക്കി. രാവിലെ ഭാര്യയോടും മക്കളോടും ഇതേപ്പറ്റി സംസാരിക്കുകയും ആ ഭാരമേറിയ ഭൂതത്തെ ഒഴിവാക്കുകയും ചെയ്തു.

എന്റെ ഭാര്യയെ പറഞ്ഞു സമ്മതിപ്പിക്കാൻ കുറച്ചു ബുദ്ധിമുട്ടുണ്ടാകുമെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നവുമുണ്ടാകില്ലെന്ന് എനിക്കുറപ്പായിരുന്നു. അതിനാൽ ഇക്കാര്യത്തിൽ അവരെ എന്റെ വക്കാലത്ത് ഏൽപ്പിക്കാൻ ഞാൻ നിശ്ചയിച്ചു. അവർ എന്റെ നിർദേശം സഹർഷം സ്വാഗതം ചെയ്തു.

'ഈ വിലയേറിയ സമ്മാനങ്ങൾ ഞങ്ങൾക്കുവേണ്ട. നമുക്കിത് സമുദായത്തിന് തിരിച്ചുകൊടുക്കാം. എന്നെങ്കിലും നമുക്കീ സാധനങ്ങൾ വേണ്ടി വന്നാൽ എളുപ്പം വില കൊടുത്ത് വാങ്ങാം എന്ന് അവർ പറഞ്ഞു.

എനിക്കു വളരെ സന്തോഷം തോന്നി. "അപ്പോൾ നിങ്ങൾ അമ്മയെ പറഞ്ഞു സമ്മതിപ്പിക്കുമല്ലോ, ഇല്ലേ? ഞാനവരോടു ചോദിച്ചു.

"തീർച്ചയായും." അവർ പറഞ്ഞു: "അത് ഞങ്ങൾ നോക്കിക്കൊള്ളാം. അമ്മയ്ക്ക് ആഭരണമൊന്നും ആവശ്യമില്ല. ഞങ്ങൾക്കുവേണ്ടി അവ സൂക്ഷിച്ചുവയ്ക്കാനാണ് അമ്മ ഉദ്ദേശിക്കുന്നത്. ഞങ്ങൾക്കു വേണ്ടെങ്കിൽപ്പിന്നെ, അവ ഉപേക്ഷിക്കാൻ അമ്മയ്ക്കെന്താ തടസ്സം?

പക്ഷേ, ഇത് പറയുന്നത്ര എളുപ്പമായിരുന്നില്ല. നിങ്ങൾക്കവ വേണ്ടായിരിക്കാം. ഭാര്യ എന്നോടു പറഞ്ഞു: "നിങ്ങളുടെ മക്കൾക്കും വേണ്ടായിരിക്കാം. നിങ്ങളുടെ മധുരവാക്കുകളിൽ മയങ്ങി, അവർ നിങ്ങളുടെ താളത്തിനുതുള്ളും. അതൊന്നുമണിയാൻ എന്നെ അനുവദിക്കാത്തത് മനസ്സിലാക്കാം. പക്ഷേ എന്റെ മക്കളുടെ ഭാര്യമാർക്കോ? അവർക്ക് അവ തീർച്ചയായും വേണ്ടിവരും. പിന്നെ എന്താ ഉണ്ടാകുന്നതെന്ന് ആർക്കറിയാം? ഇത്ര സ്നേഹത്തോടെ നൽകപ്പെട്ട സമ്മാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന അവസാനത്തെ ആളായിരിക്കും ഞാൻ." അങ്ങനെപോയ ആ വാദത്തിന്റെ കുത്തൊഴുക്ക് കണ്ണീർ പ്രവാഹവും ചേർന്ന് കൂടുതൽ ശക്തമായി. പക്ഷേ കുട്ടികൾ ഉറച്ചുനിന്നു. ഞാനും ഇളകിയില്ല.

ഞാൻ സൗമ്യമായി പറഞ്ഞു: "കുട്ടികൾ വിവാഹം കഴിക്കാനിരിക്കുന്നതല്ലേയുള്ളൂ? അവർ കുട്ടികളായിരിക്കേ വിവാഹം ചെയ്തു കാണാൻ നമുക്കുദ്ദേശ്യമില്ലല്ലോ. അവർ മുതിർന്നു കഴിയുമ്പോൾ സ്വന്തം കാര്യം നോക്കിക്കൊള്ളും. ആഭരണക്കമ്പമുള്ള വധുക്കളെയല്ല തീർച്ചയായും നമ്മൾ അവർക്കായി തേടുന്നത്. അഥവാ അവർക്ക് ആഭരണം കൊടുക്കേണ്ടിവന്നാൽത്തന്നെ ഞാനുണ്ടല്ലോ. അപ്പോളെന്നോട് ചോദിച്ചോളൂ."

"നിങ്ങളോട് ചോദിക്കയോ? ഇക്കാലത്തിനിടയ്ക്ക് ഞാൻ നിങ്ങളെ ശരിക്ക് മന

| | | |
|---|---|---|
| സോപാധികം | - | ഉപാധികളോടെ |
| ദൃഢമൈത്രി | - | ഉറച്ച സുഹൃദ്ബന്ധം |
| മരുവുക | - | വസിക്കുക. |

സ്സിലാക്കിയിട്ടുണ്ട്. എന്റെ ആഭരണം മുഴുവൻ നിങ്ങൾ ഒഴിവാക്കിച്ചു. അവ ധരിച്ചാൽ നിങ്ങൾ എനിക്ക് സ്വസ്ഥത തരില്ലായിരുന്നു. പുത്രവധുക്കൾക്കും നിങ്ങൾ ആഭരണം നൽകുമെന്നു പറയുന്നതുകേൾക്കാൻ നല്ല രസമുണ്ട്! ഇന്നു മുതൽ എന്റെ മക്കളെ സന്യാസിമാരാക്കിവിടാനാണ് നിങ്ങളുടെ നോട്ടം. ഇല്ല. ആഭരണങ്ങൾ തിരിച്ചുകൊടുക്കുകയില്ല. പിന്നെ, ചോദിക്കട്ടെ. അവർ എനിക്കുതന്ന മാലയിൽ നിങ്ങൾക്ക് എന്താ അവകാശം?"

അപ്പോൾ ഞാനിടപെട്ടു: "പക്ഷേ ആ മാല നിന്റെ സേവനത്തിനായി തന്നതാണോ? അതോ എന്റെ സേവനത്തിനോ?"

"ശരി ഞാൻ സമ്മതിക്കുന്നു. പക്ഷേ, നിങ്ങൾ ചെയ്ത സേവനം എന്റേതുകൂടെയാണ്. നിങ്ങൾക്കായി രാപകൽ ഞാനെന്തുമാത്രം കഷ്ടപ്പെട്ടിട്ടുണ്ട്? അത് സേവനമല്ലേ? നിങ്ങൾ കണ്ടവരെയെല്ലാം ഒറ്റയ്ക്കും കൂട്ടായും വിളിച്ചുകൊണ്ടുവരും. കരഞ്ഞു കണ്ണീരൊഴുക്കിക്കൊണ്ട് അവർക്കെല്ലാംവേണ്ടി ഞാൻ അടിമപ്പണി ചെയ്തു."

മുനകൂർത്ത ആയുധം കൊണ്ടുള്ള കുത്തുകളായിരുന്നു ഈ വാക്കുകൾ. അവയിൽ ചിലത് എന്റെ ഉള്ളിൽ തറഞ്ഞുകയറുകയും ചെയ്തു. എങ്കിലും ആഭരണങ്ങൾ തിരിച്ചുകൊടുക്കാൻ ഞാൻ തീർച്ചപ്പെടുത്തിയിരുന്നു. ഒരു തരത്തിൽ അവളുടെ സമ്മതം പിടിച്ചെടുക്കാൻ എനിക്കു സാധിച്ചെന്നു മാത്രം. 1896 ലും 1901 ലും കിട്ടിയ സമ്മാനങ്ങളെല്ലാം തിരിച്ചു നൽകി. ഒരു ട്രസ്റ്റ് ആധാരം തയാറാക്കുകയും ട്രസ്റ്റികളുടെയോ എന്റെയോ ആഗ്രഹമനുസരിച്ച് സമുദായ സേവനത്തിനായി പ്രയോജനപ്പെടുത്താൻവേണ്ടി ആഭരണങ്ങൾ ഒരു ബാങ്കിൽ സൂക്ഷിക്കാനേൽപ്പിക്കുകയും ചെയ്തു.

പൊതുപ്രവർത്തനത്തിന് പണം ആവശ്യമായിവരുകയും ഈ ട്രസ്റ്റിൽ നിന്ന് പണം പിൻവലിക്കുകയും വേണമെന്ന് തോന്നുകയും ചെയ്തപ്പോഴൊക്കെ ആവശ്യത്തിനുള്ള തുക പിരിച്ചെടുക്കാൻ സാധിച്ചിരുന്നതിനാൽ ട്രസ്റ്റിൽ തൊടാതെ കഴിച്ചു. ആ സ്വത്ത് ഇപ്പോഴുമുണ്ട്. ആവശ്യം വന്നപ്പോൾ അതിൽനിന്നെടുക്കുകയും പിന്നീട് നിക്ഷേപിക്കുകയും കാലക്രമത്തിന് അത് പെരുകുകയും ചെയ്തിട്ടുണ്ട്.

പിന്നീടൊരിക്കലും എനിക്കിതേപ്പറ്റി ഖേദം തോന്നിയിട്ടില്ല. വർഷങ്ങൾ കഴിഞ്ഞതോടെ അത് നന്നായെന്ന് എന്റെ ഭാര്യയ്ക്കും തോന്നി. ഞങ്ങളെ പല പ്രലോഭനങ്ങളിൽ നിന്നും അത് രക്ഷിച്ചിട്ടുണ്ട്.

ഒരു പൊതുപ്രവർത്തകൻ വിലയേറിയ സമ്മാനങ്ങളൊന്നും സ്വീകരിക്കരുത് എന്ന ഉറച്ച അഭിപ്രായമാണ് എനിക്കുള്ളത്.

**എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ** — **എം. കെ. ഗാന്ധി**

## പഠനപ്രവർത്തനങ്ങൾ

- "ഒരു പൊതുപ്രവർത്തകൻ വിലയേറിയ സമ്മാനങ്ങളൊന്നും സ്വീകരിക്കരുത് എന്ന ഉറച്ച അഭിപ്രായമാണ് എനിക്കുള്ളത്."- ഗാന്ധിജിയുടെ ഈ അഭിപ്രായം സമകാലിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.
- ഗാന്ധിജി: പക്ഷേ ആ മാല നിന്റെ സേവനത്തിനായി തന്നതാണോ? അതോ എന്റെ സേവനത്തിനോ?

കസ്തൂർബാ: ശരി, ഞാൻ സമ്മതിക്കുന്നു. പക്ഷേ നിങ്ങൾ ചെയ്ത സേവനം എന്റേതുകൂടെയാണ്. നിങ്ങൾക്കായി രാപകൽ ഞാനെന്തുമാത്രം കഷ്ടപ്പെട്ടിട്ടുണ്ട്. അത് സേവനമല്ലേ.

കസ്തൂർബായുടെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിലപാടു വ്യക്തമാക്കുന്ന കുറിപ്പു തയാറാക്കുക.

- ഒരു വക്കീലായി ജോലി ചെയ്യാനാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പോയത്. ഇന്ത്യയിലേക്കു മടങ്ങാൻ തീരുമാനമെടുത്തതിനെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു, 'പക്ഷേ എന്റെ പ്രധാനജോലി പണമുണ്ടാക്കൽ മാത്രമായി മാറിയേക്കുമെന്ന് ഞാൻ ഭയപ്പെട്ടു.' ഈ വാക്യത്തിൽ തെളിയുന്ന ഗാന്ധിജിയുടെ സ്വഭാവത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

### എം.കെ. ഗാന്ധി

മോഹൻദാസ് കരംചന്ദ്ഗാന്ധി. ഇന്ത്യയുടെ രാഷ്ട്രപിതാവ്. 1869 ഒക്ടോബർ 2-ാം തീയതി ഗുജറാത്തിലെ പോർബന്തറിൽ ജനനം. പിതാവ് കരംചന്ദ്ഗാന്ധി, മാതാവ് പുത്‌ലിബായ്, ഭാര്യ കസ്തൂർബാഗാന്ധി. വക്കീൽ പരീക്ഷയ്ക്ക് പഠിക്കാൻ 1888 ൽ ഇംഗ്ലണ്ടിലേക്കു പോയി. പരീക്ഷ പാസ്സായശേഷം 1893ൽ ദക്ഷിണാഫ്രിക്കയിൽ ചെന്നു. ദക്ഷിണാഫ്രിക്കയിൽ 21 വർഷം സേവനമനുഷ്ഠിച്ചശേഷം ഇന്ത്യയിലേക്കു മടങ്ങി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും സ്വാതന്ത്ര്യം യാഥാർഥ്യമാക്കുകയും ചെയ്തു. 1948 ജനുവരി 30ന് നാഥുറാം ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് മരിച്ചു. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ആത്മകഥയാണ്. അദ്ദേഹത്തിന്റെ ദർശനങ്ങൾ ക്രോഡീകരിച്ച് ഗാന്ധിസാഹിത്യം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# കടൽത്തീരത്ത്

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നു കൂട്ട നിലവിളിയുയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽച്ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്ക് പോകുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേട്ടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടം മുറിച്ചു നടന്നു. പിന്നിൽ നിലവിളി അകന്നുശമിച്ചു. ഇപ്പോൾ നെടുവരമ്പുവിട്ട് വെള്ളായിയപ്പൻ പറമ്പിലേക്ക് കയറി. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

“ദെയിവങ്ങളേ, തമ്പിരാക്കൻമാറേ,” വെള്ളായിയപ്പൻ വിളിച്ചു. ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റുപിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായിത്തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. തുവർത്തിൽകെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽത്തട്ടി. തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നുപിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലു കല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻ മാപ്പിള എതിരേ വരുന്നു. കുട്ട്യസ്സൻ മാപ്പിള ആദരവോടെ വഴി മാറി നിന്നു.

“വെള്ളായിയേ,” മാപ്പിള പറഞ്ഞു.

“മരയ്ക്കാരേ,” വെള്ളായിപ്പൻ പ്രതിവചിച്ചു.

അത്രമാത്രം, രണ്ടുവാക്കുകൾ, പേരുകൾ എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു. മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല പതിനഞ്ചു റുപ്പികയും നാലണയും.

വെള്ളായി ഈ യാത്രയയിൽ അതിനെക്കുറിച്ച് ഓർക്കരുത്.

മരയ്ക്കാരേ ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല. വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ.

എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു.

പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ. നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലുകല്ല് നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം. നീലിമണ്ണാത്തി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരെ വന്ന നീലി വഴിമാറി നിന്നു.

“വെള്ളായിച്ചോ” അവൾ പറഞ്ഞു. അത്രമാത്രം.

“നീലിയേ” വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ട് വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി. പുഴ കടന്നു മേടു കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽ നിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി. കാൽവണ്ണയെ തഴുകിക്കൊണ്ട് പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളം ചൂടുള്ള വെള്ളം അതൊക്കെയും ഓർമ്മിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടുവാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ച് പണം പുറത്തെടുത്തു.

“കണ്ണൂര്” വെള്ളായിയപ്പൻ പറഞ്ഞു.

ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനുതോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽകെട്ടി വെള്ളായിയപ്പൻ പടവുകയറി പ്ലാറ്റ്ഫോറത്തിലെത്തി ബഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു. അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നുകൂടുപറ്റുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടു ചിത്രങ്ങൾ; അവയ്ക്കിടയിൽ രണ്ടുപേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്നപോലെ. എന്തിന്റെയൊക്കെയോ നിറവ്. ബെഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തു വന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു: “കോയമ്പത്തൂർക്കോ?”

“നാന് കോയമ്പത്തൂര്ക്കാണ്.”

“ഓ.”

“കണ്ണൂര് വണ്ടി പത്തുമണിയാകും.”

“ഓ.”

“കണ്ണൂര് എന്താ പണി?”

“വിചേഷിച്ച് ഒന്നുവില്ല.’

“വെറ്തെ പുഗ്ഗാണ്?”

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി. പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താൽപ്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരികയാൽ ബഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു. ‘കണ്ടുണ്ണിയേ, മകനേ’

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞെഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെ ഉണ്ടോ എന്നു നോക്കി നിജം വരുത്തി. പതുക്കെ വണ്ടിയിലേക്ക് നടന്നു. ഒഴിവു കണ്ടിടത്ത് കേറാൻ തുടങ്ങി.

"ഇത് ഒന്നാംക്ലാസാണ്, കാർന്നോരേ"

"തന്നേ?"

അപ്പുറത്തെ പെട്ടിയിൽ.

"റിസർവ്ഡ് ആണ്".

"തന്നേ?"

അപ്പുറത്ത് നോക്കിക്കൊള്ളൂ കാർന്നോരേ



അപരിചിതരുടെ സ്വരങ്ങൾ. ഒടുവിൽ ഒരു പെട്ടിയിൽക്കയറിക്കൂടി. ഇരിക്കാൻ ഇടമില്ല. പിടിച്ചു നിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം നിലം മാറുന്നതനുസരിച്ച് അതിന്റെ താള ഭേദം, വഴിവിളക്കുകൾ, പുഴമണൽത്തിട്ടുകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്. പകലിന്റെ വെളിച്ചത്തിൽ. ഇത് രാത്രി വണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അത് പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടു തിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തു കടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്ത് കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടിവേണോ എന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല: "ജയിലിലിക്ക് ഏതിയാണ് വഷി?"

ആരോ ചിരിച്ചു. ഇതാ ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

അവസാനം ആരോ വഴി പറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു.

ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

"എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

"എന്താത്?" പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസിലേക്കു നോക്കിയില്ല. വെള്ളായിയപ്പൻ പറഞ്ഞു: "എന്റെ കുട്ടി ഇബ്ടെ ഇണ്ടു."

"ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: "അപ്പീസ് തൊറക്കട്ടെ".

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

"നാളെയാണ്, അല്ലേ?" പാറാവുകാരൻ പറഞ്ഞു.

"എയ്ക്കി പിടിയില്ല." വെള്ളായിയപ്പൻ പറഞ്ഞു. "കടലാശില് എന്ത്വാണ് എഷ്തിക്കെട്ക്ക്ണത്, ആവോ?"

പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

"അതെ, നാളെ രാവിലെ അഞ്ചുമണിക്ക്," അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു. അവയിൽ അന്ധാളിപ്പു നിറഞ്ഞു.

"തന്നേ?" വെള്ളായിയപ്പൻ പറഞ്ഞു.

"കാർന്നോര് ഇവിടെ ഇരിക്കൂ."

"ഓ."

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.

"കാർന്നോർക്ക് ചായയോ മറ്റോ വേണോ?"

"വേ്ണ്ട."

എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ?

| | |
|---|---|
| പാഥേയം | - വഴിച്ചോറ് |

വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കു വേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു.

ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പുറകിൽ സ്ഥലം പിടിച്ചു. പാറാവുകാരൻ കവാത്തു നടത്തി. തടവറ സജീവമായി.

മേധാവികൾ കടലാസ് പരിശോധിക്കുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാതെ കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസം മുട്ടിക്കുന്നു. വെയിലിനു ചൂടുകൂടുന്നു.

ഇവിടെ കാത്തിരിക്കൂ. വെള്ളായിയപ്പൻ കാത്തിരിക്കുന്നു.

നീണ്ടു നീണ്ട കാത്തിരിപ്പിനുശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.

ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു.

അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടുനേരായി തെല്ലിടനേരം നിന്നു. പിന്നെ വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു: “മകനേ!”

കണ്ടുണ്ണി മറുവിളി വിളിച്ചു: “അപ്പാ!”

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

മകനേ, നീ എന്തു ചെയ്തു?

എനിക്കോർമ്മയില്ല, അപ്പാ

മകനേ, നീ കൊലപാതകം നടത്തിയോ?

എനിക്കോർമ്മയില്ല.

സാരമില്ല മകനേ, ഇനിയൊന്നും ഓർമിക്കേണ്ടതില്ല.

പാറാവുകാർ ഓർമിക്കുമോ?

ഇല്ല മകനേ.

അപ്പൻ എന്റെ വേദന ഓർമിക്കുമോ?

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: “അപ്പ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ.”

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

“കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു.

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കുംപോലെ. ഇരുമ്പഴിയിലൂടെ പുറത്തേക്കു നോക്കികൊണ്ട് അപരിചിതനായി കണ്ടുണ്ണി നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തു കിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരം താണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കുമുമ്പു കൊമ്പു വിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമ ണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.

കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം;

വേണ്ട. എനിക്കു താൽപ്പര്യമില്ല.

ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?

യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.

ഉന്തുവണ്ടിയുടെ പുറകെ തോട്ടികളുടെ കൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണ ത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാൻ ചുറ്റിപ്പറന്നു. മണ്ണു മൂടുന്നതി നുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കുകണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞു കുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെ റിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

**തെരഞ്ഞെടുത്ത കഥകൾ** **ഒ.വി. വിജയൻ**

## പഠനപ്രവർത്തനങ്ങൾ

- വെള്ളായിയപ്പന് പാഴുതറഗ്രാമവുമായുള്ള ആത്മബന്ധം സൂചിപ്പിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി വിവരിക്കുക.
- കണ്ടുണ്ണി ജയിലിലാകാനുള്ള കാരണം കഥാകാരൻ വ്യക്തമാക്കുന്നില്ല. കഥയിലെ സൂചനകൾ അടിസ്ഥാനമാക്കി നിങ്ങളുടെ അഭിപ്രായം എഴുതുക.
- മകനെ കാണാൻ ജയിലിലേക്കു പുറപ്പെട്ട വെള്ളായിയപ്പന്റെ ദുഃഖം പാഴുതറ ഗ്രാമ ത്തിന്റെ തേങ്ങൽകൂടിയായിരുന്നു.: കഥയിലെ സൂചനകൾ അടിസ്ഥാനമാക്കി വിശദീ കരിക്കുക.
- പുഴ വെള്ളായിയപ്പന്റെ മനസ്സിലുണ്ടാക്കിയ അനുഭവം നിങ്ങൾ വായിച്ചല്ലോ. പുഴയു മായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായ ഏതെങ്കിലും ഒരനുഭവം അടിസ്ഥാനമാക്കി കുറിപ്പു തയാറാക്കുക.
- ‘വെള്ളായിച്ചോ’. അവൾ പറഞ്ഞു. അത്രമാത്രം. ‘നീലിയേ’. വെള്ളായിയപ്പൻ പറ ഞ്ഞു. അത്രമാത്രം. രണ്ടുവാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വന

ത്തിന്റെ നിറവ്.” വാക്കുകൾക്കിടയിലെ മൗനം എന്താവാം അർഥമാക്കുന്നതെന്ന് വ്യാഖ്യാനിക്കുക.

- സ്നേഹബന്ധത്തിന്റെ ഏതെല്ലാം തലങ്ങളാണ് ‘കടൽത്തീരത്ത്’ എന്ന കഥയിൽ തെളിയുന്നത്?

**ഒ.വി. വിജയൻ**

1931 ൽ പാലക്കാട് ജില്ലയിലെ മങ്കരയിൽ ജനിച്ചു. അധ്യാപകനായിരുന്നു. ശങ്കേഴ്സ് വീക്കിലിയിൽ കാർട്ടൂണിസ്റ്റ്. പാട്രിയറ്റ്, മെയിൻസ്ട്രീം, ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ, മാതൃഭൂമി, ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ തുടങ്ങിയ പ്രശസ്ത പത്രങ്ങളിൽ പ്രവർത്തിച്ചു. ഖസാക്കിന്റെ ഇതിഹാസം, മധുരം ഗായതി, പ്രവാചകന്റെ വഴി, ഗുരുസാഗരം, ധർമ്മപുരാണം, തലമുറകൾ (നോവൽ), വിജയന്റെ കഥകൾ, കാറ്റു പറഞ്ഞകഥ, കടൽത്തീരത്ത് (കഥകൾ) തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്, കേരള സാഹിത്യഅക്കാദമി അവാർഡ് (1990), വയലാർ അവാർഡ് (1991) എന്നീ പുരസ്കാരങ്ങൾ ലഭിച്ച ഇദ്ദേഹം അക്കാദമിയുടെ വിശിഷ്ടാംഗമായിരുന്നു.

# ഉപ്പ്

### ഭാഗം ഒന്ന്



പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ-
പൂവുപോലിത്തിരിയുപ്പുതരിയെടു-
ത്താവിപാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെപ്പറയുന്നു മുത്തശ്ശി:
"ഉപ്പു ചേർത്താലേ രുചിയുള്ളൂ! കഞ്ഞിയിൽ
ഉപ്പുതരിവീണലിഞ്ഞു മറഞ്ഞുപോം-
മട്ടിലെന്നുണ്ണീ! നിൻ മുത്തശ്ശിയും നിന്ന-
നിൽപ്പിലൊരുനാൾ മറഞ്ഞുപോം! എങ്കിലും,
നിന്നിലെയുപ്പായിരിക്കുമെ മുത്തശ്ശി-
യെന്നും! എന്നുണ്ണിയെവിട്ടെങ്ങുപോകുവാൻ!....."

### രണ്ട്

ചില്ലുപാത്രത്തിലിരുന്നു ചിരിക്കുന്നു
നല്ല കറിയുപ്പ് തീൻമേശമേൽ; കടൽ
വെള്ളത്തിൽ നിന്നും കറിയുപ്പു വാറ്റുന്നു
വെന്ന വിജ്ഞാനപ്പനയോലയിൽ കൊത്തി
എന്റെ നാവിന്നുരം വായ്പിച്ചു പണ്ടു ഞാൻ!
പിന്നെയൊരുനാൾ കടൽകണ്ടു ഞാൻ! വെറും
മണ്ണിൽ കിടന്നുരുളുന്ന, കാണാതായ
തൻ കുഞ്ഞിനെയോർത്തു നെഞ്ചുചുരന്ന പാൽ
എങ്ങും നിലയ്ക്കാതൊഴുകിപ്പരന്നതിൽ
മുങ്ങിമരിക്കുന്നൊരമ്മയെക്കണ്ടു ഞാൻ!

ഉപ്പ് — ഒ.എൻ.വി. കുറുപ്പ്

### പഠനപ്രവർത്തനങ്ങൾ


- അറിവിന്റെ ലോകത്ത് വികാസങ്ങളുണ്ടാകുമ്പോഴും ജീവിത യാഥാർഥ്യങ്ങൾക്ക് മങ്ങലുണ്ടാകുന്നില്ലെന്ന് കവി വെളിപ്പെടുത്തുന്നു. ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കുക. സാധൂകരിക്കുന്നതിനാവശ്യമായ തെളിവുകൾ കൂടി അവതരിപ്പിക്കുമല്ലോ.
- കുറിപ്പു തയാറാക്കുക
  'ഉപ്പ്' മനുഷ്യബന്ധങ്ങളെ എങ്ങനെയാണ് പ്രതീകവൽക്കരിക്കുന്നത്?

- പ്രയോഗഭംഗി കണ്ടെത്തുക

'വിജ്ഞാനപ്പനയോലയിൽക്കൊത്തി
എന്റെ നാവിന്നുരംവായ്പിച്ചുഞാൻ' - പഠിച്ച് അറിവുനേടി എന്നു പറയുന്നതിനു പകരമാണ് കവി ഇങ്ങനെ പ്രയോഗിച്ചിരിക്കുന്നത്. ഇതിലൂടെ പഠനത്തെ സംബന്ധിച്ച എന്തെല്ലാം സങ്കല്പങ്ങളാണ് ധ്വനിപ്പിക്കാൻ കഴിയുന്നത്?

**ഒ.എൻ.വി. കുറുപ്പ്**

ജ്ഞാനപീഠപുരസ്കാരം നേടിയ കവി. 1931-ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. നാടൻശീലുകളോടുള്ള ആഭിമുഖ്യം, ഗാനാത്മകത, ലയഭംഗി, ആശയസമൃഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ സവിശേഷതകൾ. ചലച്ചിത്ര ഗാനരചയിതാവ് എന്ന നിലയിലും പ്രശസ്തനാണ്. ഒരുതുള്ളി വെളിച്ചം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്ത പക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൈരവന്റെ തുടി, സ്വയംവരം തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



# നമ്മൾ രചിപ്പൂ ലോകത്തെ

കേരളത്തിൽ തൊഴിലില്ലായ്മ വർധിച്ചുവരുന്നു. അതോടൊപ്പം തന്നെ പല തൊഴിലുകളും ചെയ്യാൻ ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്. ശാരീരികാധ്വാനം ആവശ്യമുള്ള തൊഴിലുകളോട് കേരളീയർക്കുള്ള മനോഭാവമെന്താണ്? അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഇവിടെ ഇപ്പോൾ അത്തരം തൊഴിലുകൾ ചെയ്യുന്നത്. നമ്മുടെ പരമ്പരാഗത തൊഴിലുകൾ പലതും നശിച്ചുകൊണ്ടിരിക്കുകയല്ലേ? വെള്ളക്കോളർ ജോലിയുടെ പിന്നാലെയാണ് എല്ലാ മലയാളികളും. ഈ മനോഭാവം മാറേണ്ടതല്ലേ? പുതിയ സാങ്കേതികവിദ്യയും നഗരവത്കരണവും നമ്മുടെ പല തൊഴിലുകളും ഇല്ലാതാക്കുന്നുണ്ടല്ലോ. തൊഴിൽ വ്യക്തിയുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുവാനുള്ള വരുമാനമാർഗം മാത്രമല്ല, സമൂഹത്തിന്റെ സൃഷ്ടിക്കും നിലനിൽപ്പിനും കൂടിയുള്ളതാണ്. ചില മൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ടുവേണം ഏതു ജോലിയും ചെയ്യുവാൻ.

## കുട നന്നാക്കാനുണ്ടോ?

ആരോ മുറ്റത്തു സംസാരിക്കുന്നതുകേട്ടാണ് ഞാൻ ഉറക്കമുണർന്നത്. കതകു തുറന്നു നോക്കിയപ്പോൾ എനിക്കു ശുണ്ഠി വന്നു. “കുട നന്നാക്കാനുണ്ടോ?” എന്ന് അയാളൊരു ചോദ്യം. ഉറങ്ങുന്ന ആളിനെ വിളിച്ചുണർത്തി ചോദിക്കാനുള്ള ഒരു ചോദ്യം! അതു മാത്രമാണോ? ആ വേഷമാണെങ്കിൽ കണികാണാൻ കൊള്ളരുതാത്തതും. കുറെ കമ്പിയും കോലും കറുത്ത ശീലയും മൂശേട്ടയുടെ പാർപ്പിടമായ ആ മുഖവും കണികണ്ടാൽ അന്ന് അപമൃത്യുവല്ലെങ്കിൽ അംഗഭംഗമെങ്കിലും ഉണ്ടായില്ലെങ്കിൽ അതു മഹാഭാഗ്യമാണ്. പിന്നെയല്ലേ അന്ന് ഉദ്യോഗം കിട്ടാൻ പോകുന്നു! ഞാനൊരു കമ്പനിയിയിൽ ജോലിക്കപേക്ഷിച്ചിട്ട് ഇന്റർവ്യൂവിനു ഹാജരാകാൻ അറിയിപ്പു കിട്ടിയിരിക്കയാണ്. അന്നാണ് ചെല്ലേണ്ടത്. പണി കിട്ടാതിരിക്കയില്ല! ഇവനെ കണികണ്ടോണ്ടു ചെന്നാൽ കിട്ടും!

“പോടൊ, നേരം വെളുക്കുന്നതിനു മുൻപു വന്നു കയറിയിരിക്കുന്നു!” എന്നു ഞാൻ അയാളെ ശാസിച്ചു.

“കുട നന്നാക്കാനില്ലെങ്കിൽ പഴയ കമ്പിയോ കാലോ ഉണ്ടെങ്കിൽ വിലയ്ക്കെടുത്തോളാം,” എന്ന് അക്ഷോഭ്യനായി അയാൾ പറഞ്ഞു.

“ഇവിടെ കുടയും വടിയുമൊന്നുമില്ല.”

“അവിടെയെങ്ങാനും നോക്കിയാൽ കാണും. ഒരു വീടാണേൽ പഴയ കുട കാണാതെ വരുകയില്ല.”

എന്തു ശനിയാണയാൾ!

“എന്നാൽ താൻ കൊണ്ടുപോ.” എനിക്കു ദേഷ്യം വർധിച്ചു.

“തരാതെ എങ്ങനെയാ കൊണ്ടുപോകുന്നത്? ഒണ്ടേൽ തരണം; കാശു തരാം. ഇവിടെ കെടന്നാൽ കൊച്ചുങ്ങളെടുത്തു കളയും. എനിക്കു കിട്ടിയാൽ ഉപകാരമായി.”

ഞാനെന്റെ പാട്ടിനുപോയി. കുറേക്കഴിഞ്ഞപ്പോൾ അയാൾ അവിടന്ന് ഒരു പഴയകുടയുടെ സാമാനങ്ങളും കൊണ്ട് പോകുന്നതു കണ്ടു. അതിന്റെ വിലയായി അഞ്ചണങ്ങൾക്കു കിട്ടിയെന്നു ഞാൻ പിന്നീടറിഞ്ഞു.

ഞാൻ ഇന്റർവ്യൂവിനു പുറപ്പെട്ടു. എന്റെ മനസ്സിൽ ആ കുട നന്നാക്കുന്നവന്റെ ചിത്രം തെളിഞ്ഞുവന്നു. മൂന്നുനാലു കൊല്ലമായി ഉദ്യോഗം തെണ്ടിനടക്കുകയായിരുന്നു ഞാൻ. ഞാൻ പഠിപ്പുനിറുത്തിയ കാലത്തേക്കാൾ കാര്യങ്ങൾ വഷളായിട്ടുണ്ടിപ്പോൾ. അനുനിമിഷം ജനങ്ങൾ പെരുകുന്നു! പഠിപ്പു നിറുത്തി ജോലി അന്വേഷിക്കുന്നവരുടെ എണ്ണം വർഷംതോറും വർധിക്കുന്നു. അതനുസരിച്ചു തൊഴിലൊട്ടു വർധിക്കുന്നുമില്ല. അന്യനുവേണ്ടി ആരും തൊഴിലുണ്ടാക്കുന്നില്ല. പണമുള്ളവൻ എന്തെങ്കിലും വ്യവസായം തുടങ്ങിയാൽ അതിൽ, അവരുടെ ആളുകൾ തന്നെയുണ്ടാകും പണിക്ക്. അഥവാ, തങ്ങളുടെ ആളുകൾക്കു തൊഴിലുണ്ടാക്കുവാൻ ആയിരിക്കും അവർ ചെറിയതോതിൽ ഒരു വ്യവസായം തുടങ്ങുന്നത്. അല്ലെങ്കിൽ അവർക്കാർക്കും പുതിയ ആളുകളെ ആവശ്യമില്ല.

ഏതെങ്കിലും ഒരാഫീസിൽ ചെന്നാൽ നെയിംബോർഡിനടുത്ത് ഒരു ചെറിയ ബോർഡു കൂടി കാണാം - നോ വേക്കൻസി - എന്ന് ഇംഗ്ലീഷിൽ എഴുതിവച്ചിരിക്കുന്നത്. അവിടെ ഒരിക്കലും ഉദ്യോഗത്തിന് ഒഴിവുണ്ടാകയില്ലെന്നോ? അവരുടെ തൊഴിൽ കൂടുതലാളുകളെ ആവശ്യപ്പെടത്തക്കവണ്ണം ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ലെന്നോ? കള്ളം. അവർക്കു പുറത്തുനിന്നാരെയും വേണ്ട. അവരുടെ വീട്ടിലും ബന്ധുവീടുകളിലും വളർന്നുവരുന്ന ആളുകളുണ്ട്. അവർക്കു പ്രായമാകുമ്പോൾ കൊടുക്കാനുള്ള ജോലിയേ അവിടെയുണ്ടാകയുള്ളൂ. അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ബുദ്ധിയും പണവും ഉപയോഗിക്കുന്നത് അന്യനു പണം ഉണ്ടാക്കാനല്ല എന്ന അവരുടെ അഭിപ്രായത്തിൽ കുറ്റമൊന്നും പറയാനില്ല.

ഞാൻ ഉദ്യോഗം യാചിച്ചുകൊണ്ട് ഒരിടത്തു ചെന്നു മാനേജരെക്കണ്ടു. അപേക്ഷ ബോധിപ്പിച്ചു.

“എന്തു ജോലിയാ നിങ്ങൾക്കുവേണ്ടത്?” അദ്ദേഹത്തിന്റെ ദയയ്ക്കു ഞാൻ മനസാ നന്ദിപറഞ്ഞു. ഇത്രയെങ്കിലും പറഞ്ഞിട്ടില്ല മറ്റാരും. “ഇവിടെ വേണ്ടിടത്തോളം ആളുണ്ട്. ഇപ്പോൾ ഒഴിവൊന്നുമില്ല,” എന്ന്, അപേക്ഷ വാങ്ങിച്ചുനോക്കാതെ തന്നെ പറഞ്ഞവരാണു മറ്റുള്ളവരൊക്കെ. അല്പം ആശയോടെ ഞാൻ പറഞ്ഞു: “എന്തെങ്കിലും മതി.”

“നിങ്ങൾക്ക് എന്തറിയാം?”

“ഞാൻ സ്കൂൾഫൈനൽ പാസ്സായിട്ടുണ്ട്.”

“എന്തു പാസ്സായിട്ടുണ്ടെന്നല്ല ചോദിച്ചത്. പാസ്സു വേണമെന്നില്ല. എന്തുജോലി അറിയാം.?”

“കണക്കെഴുതാം.”

‘കണക്കെഴുതി പരിചയമുണ്ടോ?”

അപ്പോൾ അവിടെ ജോലിയുണ്ടെന്നും അതിന് ആളെ ആവശ്യമുണ്ടെന്നും എനിക്കു മനസ്സിലായി. “ഒന്നുരണ്ടാഴ്ചകൊണ്ടു ഞാൻ പരിചയിച്ചുകൊള്ളാം.”

“എന്നാൽ പരിചയിച്ചിട്ടു വരൂ. അപ്പോൾ നോക്കാം,” എന്നു ദയയുള്ളവനെപ്പോലെ അദ്ദേഹം പറഞ്ഞു.

“ഇവിടെ പരിചയിക്കാം. അതു കഴിഞ്ഞുമതി ശമ്പളം.”

“ഇവിടെയെങ്ങനെ പരിചയിക്കാനാ? ആരു പരിചയിപ്പിക്കും?”

“ഇവിടെ അറിയാവുന്നവരുണ്ട്. അവർക്കു ജോലിയുമുണ്ട്. പരിചയിപ്പിക്കാനും പഠിപ്പിക്കാനും ഇവിടെ ആളില്ല.”

അക്കാര്യം അവസാനിച്ചു.

“എന്നാൽ വേറെ എന്തെങ്കിലും – ” ഞാൻ വിനീതമായി പറഞ്ഞു.

“വേറെ എന്തറിയാം നിങ്ങൾക്ക്?”

ഞാനെന്തു പറയാനാണ്?

“ഞാൻ സ്കൂൾഫൈനൽ ജയിച്ചിട്ടുണ്ട്. അപ്പോൾ അവിടെ അറിയാമല്ലോ എനിക്കു ചെയ്യാൻ കഴിയുന്ന ജോലി എന്താണെന്ന്”.

“ഞാനെങ്ങനെ അറിയും? നിങ്ങൾക്കു നൂലിന്റെ തരംതിരിച്ചറിയാമോ? ബ്ലീച്ചിങ്ങോ ഡൈയിങ്ങോ അറിയാമോ?.....”

ഇടയ്ക്കുകയറി ഞാൻ പറഞ്ഞു; “എനിക്കിതൊന്നും അറിഞ്ഞുകൂടാ. ഇതെല്ലാം പഠിച്ചാൽ കൊള്ളാമെന്നുണ്ട്. ” അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ എനിക്കു പരിചയമില്ലാത്ത ജോലികളെന്തെല്ലമുണ്ടോ അതെല്ലാം ചെയ്യുവാൻ അറിയാമോ എന്നു ചോദിച്ചിട്ട്, എന്നെക്കൊണ്ടാവില്ലെന്നു സമ്മതിപ്പിച്ച്, എന്നെ മടക്കി അയയ്ക്കുവാനാണ് അദ്ദേഹത്തിന്റെ ശ്രമമെന്നു തെളിഞ്ഞുകഴിഞ്ഞു. അല്ലെങ്കിൽ, എന്നോളം മാത്രം പഠിപ്പുള്ള എത്ര ആയിരം പേർ ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു! എനിക്കുമാത്രം ഒന്നും അറിയാൻ വയ്യെന്നു പറഞ്ഞാൽ അതെങ്ങനെയാണു നേരാവുക?

അദ്ദേഹം ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ദോഷങ്ങളെല്ലാം പ്രസംഗിച്ചിട്ടു കൃതാർഥനെന്നമട്ടിൽ ഒരു പുഞ്ചിരിയോടുകൂടി എനിക്ക് ഒരു സലാം തന്ന് എന്നെ മടിക്കയയച്ചു.

ശ്രമിച്ചാൽ സാധിക്കാത്തതൊന്നുമില്ലെന്ന് അർഥം വരുന്ന കവിത ഞാനോർത്തു. അതുകൊണ്ട് എന്നെപ്പറ്റി ‘പഠിപ്പും പരിചയവുമില്ലാത്തവൻ’ എന്ന അവജ്ഞ എനിക്കു തോന്നിയില്ല. ജോലി കിട്ടുന്നതുവരെ അന്വേഷിച്ചു നടക്കുവാൻ തന്നെ തീരുമാനിച്ചു. വേറൊരിടത്തു ചെന്നപ്പോൾ അവിടത്തെ മുതലാളി പറഞ്ഞത് മറ്റൊരു സമാധാനമാണ്.

“ഇല്ല പിള്ളേ, ഞാനിതൊക്കെ നിർത്താൻ തുടങ്ങുകാ. മനസ്സില്ലാത്തവരെ പറഞ്ഞു സമ്മതിപ്പിച്ച് ഇല്ലാത്ത പണമുണ്ടാക്കി രാപകൽ ഉറങ്ങാതെ പാടുപെട്ടാണ് ഞാൻ ഈ ഫാക്ടറി നടത്തുന്നത്. വല്ല ബാങ്കുകാരോടും പത്തുചക്രം കടം ചോദിച്ചാൽ കിട്ടണമല്ലോ എന്നു വിചാരിച്ച് ഇല്ലാത്ത വലിപ്പം ഭാവിച്ചുകൊണ്ടു നടക്കുകാ. ഓരോരുത്തരും ജോലി വേണമെന്നു പറഞ്ഞുവരുമ്പോൾ അവർ കഴിയുന്നെങ്കിൽ കഴിഞ്ഞോട്ടെ എന്നു കരുതി പിടിച്ചു വെക്കും. നാലുദിവസം കഴിയുമ്പോൾ അവന്മാരെല്ലാം ഒന്നിച്ചുകൂടിക്കൊണ്ട് പിന്നെ മുതലാളിയോടു മല്ലാവും. അവരുടെ നോട്ടത്തിൽ പണത്തിനും ബുദ്ധിക്കും യാതൊരു വിലയുമില്ല. വിയർപ്പിനേ വിലയുള്ളൂ. മുതൽ മുടക്കിയവൻ കുത്തുപാളയെടുത്താലും തൊഴിൽ ചെയ്യുന്നവനു ദണ്ഡമില്ല. വന്നുകേറുന്നവന്റെയെല്ലാം വിചാരം മുതലാളി കാറിൽ നടക്കുന്നു, അയാളുടെ വീട്ടിൽ കുറെ റേഡിയോയുണ്ട്, അയാളുടെ കുട്ടികൾ നല്ല മുണ്ടു

ടുക്കുന്നു, അതുകൊണ്ട് ഈ ഫാക്ടറിയെല്ലാം തല്ലിപ്പൊളിക്കണം; അവന്റെ കാറിനു തീവെക്കണം; അവനും അവന്റെ മക്കളും വഴിയേ തെണ്ടി നടക്കണം; എന്നൊക്കെയാണ്. സർക്കാരാണെങ്കിലോ? തൊട്ടതിനൊക്കെ നികുതി. ആദായമില്ലെങ്കിലും അവർക്ക് ആദായനികുതി വേണം. തോറ്റു. പറ്റിയേടത്തോളം പറ്റി. ഇനി ഒരൊറ്റക്കുഞ്ഞിന് ഞാൻ ജോലി കൊടുക്കുകയില്ല. ഇപ്പോൾ ഉള്ളവരോടു സമാധാനം പറഞ്ഞാൽ മതിയല്ലോ. ഒരൊറ്റ പൈസാ ഇനി ഞാൻ കൂടുതൽ മുടക്കുകയില്ല. കുറേശ്ശയായി ഇപ്പോഴുള്ള മുതൽ പിൻവലിക്കും. സ്വർണം പണയം മേടിച്ചുകൊണ്ട് കടംകൊടുത്താൽ മുതൽ പോകാതെ കിടക്കും. ഒരുത്തനും ഇങ്കിലാബു വിളിക്കുകയില്ല. പലിശ കിട്ടുന്നതുകൊണ്ട് എനിക്കു സുഖമായി കഴിയാം. എന്റെ കാറിനു കല്ലെറിയാനോ പടിക്കൽ സത്യാഗ്രഹത്തിനോ ഒരുത്തനും തയാറാവുകയില്ല".

ഈ പ്രസംഗം കേൾക്കാൻ ഒരാളിനെ കിട്ടാതെ വിഷമിക്കുകയായിരുന്നു അദ്ദേഹം എന്നെനിക്കു തോന്നി. ഇതൊക്കെ കേട്ടുനിൽക്കുന്നതിനു ഞാൻ അദ്ദേഹത്തോട് അച്ചാരമൊന്നും വാങ്ങിയിട്ടില്ലല്ലോ. അയാളുടെ ധനതത്വശാസ്ത്രപ്രസംഗത്തിനു തക്ക മറുപടി പറയാൻ എനിക്കറിയാം. പക്ഷേ, അയാളെ വാദിച്ചു തോൽപ്പിച്ചതുകൊണ്ട് എനിക്കു പ്രയോജനമൊന്നും വരാനില്ല. അയാളുടെ ദയയെ ആകർഷിച്ച് എങ്ങനെയെങ്കിലും അവിടെ പറ്റിക്കൂടുകയാണ് എനിക്കുവേണ്ടത്. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രസിക്കുന്നു എന്ന മട്ടിൽ പുഞ്ചിരിയോടെ കേട്ടുകൊണ്ടിരിക്കയായിരുന്നു. ഒന്നു നിർത്തുന്നിടത്ത് രണ്ടു വാക്കു പറയുവാൻ തരംകാത്തു നിന്നിട്ടു ഞാൻ തോൽക്കുകയാണ്. ഏതായാലും ഇടയ്ക്കുകയറി ഞാൻ പറഞ്ഞു: "പറയുന്നതൊക്കെ ശരിയാണ്. എന്നാലും--"

അയാളെന്നെക്കൊണ്ടു പറയിച്ചില്ല. "എന്നാലും എന്തൊന്നാണ്, ഒന്നുമില്ല. ഒരുത്തനും ഞാൻ സഹായം ചെയ്യുകയില്ല. എന്നോട് ആരും ഒന്നും എടുക്കാനില്ല. ഞാൻ മുതലാളിയാകാൻ പോയാലല്ലേയുള്ളൂ ശല്യം? ഞാൻ മുതലാളിയല്ല. എനിക്കൊട്ടു മുതലാളിയാകുകേം വേണ്ട. ഞാൻ വേലയെടുത്തുണ്ടാക്കുന്ന പണം എങ്ങനെ വിനിയോഗിക്കണമെന്നു നിശ്ചയിക്കാനെനിക്കു കാര്യമില്ലെങ്കിൽ ഞാൻ വേലയൊന്നും ചെയ്യുന്നുമില്ല. ചെയ്യിക്കുന്നുമില്ല. സ്വരം നന്നായിരിക്കുമ്പോൾ പാട്ടു നിർത്തിയേക്കുന്നതാ നല്ലത്. എന്റെ കമ്പനിയൊന്നുമല്ല അത്. വലുതായിരുന്നെങ്കിൽ ഇതിനുമുമ്പുതന്നെ എല്ലാം ശരിപ്പെട്ടേനെ." അവിടെ എനിക്കൊരു പഴുതുകിട്ടി. "ഇവിടെ കുഴപ്പമൊന്നുമില്ലെന്ന് എല്ലാവർക്കും അറിയാം അതുകൊണ്ട്."

അവിടെ അയാൾ കടന്നുപിടിച്ചു. "അതുകൊണ്ട് കുഴപ്പമുണ്ടാക്കാമെന്ന് വിചാരിച്ചു പുറപ്പെട്ടിരിക്കുകയാണല്ലേ? ഇപ്പഴിവിടെ ജോലി ചെയ്യുന്നവരാരും കുഴപ്പക്കാരല്ല. അവരെ ഭയപ്പെടാനുമില്ല. പുതിയ ആളിനെ എന്തെല്ലാം വന്നാലും ഞാനെടുക്കുകയില്ല. അക്കാര്യമൊഴിച്ച് വല്ലതും പറയുന്നെങ്കിൽ ഞാൻ കേൾക്കാം. ഉദ്യോഗത്തിന്റെ കാര്യം എന്നോടു പറയണ്ട."

അയാളൊന്നു നിർത്തി. അയാൾക്ക് പറയാനുള്ളതെല്ലാം പെട്ടെന്ന് പറഞ്ഞു തീർന്നെന്നുതോന്നുന്നു. അയാൾക്കു മുതലാളിമാഹാത്മ്യം കുറെക്കൂടി പ്രസംഗിച്ചാൽ കൊള്ളാമെന്നുണ്ട്. എന്നെക്കൊണ്ട് എന്തെങ്കിലും പറയിച്ച് അതിന് മറുപടിയായിട്ടാണെങ്കിൽ നന്നായിരിക്കുമെന്ന് അയാൾ കരുതുന്നെന്ന് എനിക്കുതോന്നി. "ഉദ്യോഗക്കാര്യമല്ലാതെ നമ്മൾ എന്താ അതിർത്തി കാര്യമോ ആറ്റംബോംബിനെയോ പേർഷ്യയിലെ എണ്ണക്കുഴപ്പത്തെയോ പറ്റി വല്ലതും പറയാനിരിക്കുന്നോ?" എന്ന് ഞാൻ ചോദിച്ചു.

അയാളെനിക്കൊരു ഉപദേശം തന്നു. “നിങ്ങൾ ചെറുപ്പക്കാർ നന്നാകാൻവേണ്ടി ഞാൻ പറയുകയാണ്. ഉദ്യോഗം ഉദ്യോഗം എന്നു പറഞ്ഞുകൊണ്ട് കണ്ടവരുടെ പടിവാതിൽ തോറും നിരങ്ങാതെ തന്നെത്താൻ എന്തെങ്കിലും ജോലി ചെയ്യൂ. കസേരയിലിരിക്കാൻ മോഹിക്കണ്ട.” ‘നമസ്കാരം!’ എന്ന് ആക്ഷേപസ്വരത്തിൽ പറഞ്ഞിട്ട് ഞാനിറങ്ങിപ്പോന്നു. അയാളുടെ ഉപദേശം കിട്ടാഞ്ഞിട്ടല്ലേ എനിക്കീ തരക്കേടുകളൊക്കെ!

അങ്ങനെ ചെന്നിടത്തെല്ലാം നിരാശപ്പെട്ടെങ്കിലും എന്റെ മനസ്സു മടിച്ചില്ല. അങ്ങനെ ഒരു ഇന്റർവ്യൂവിന് അറിയിപ്പു ലഭിക്കുക വരെയായി എന്റെ ഉദ്യോഗക്കാര്യം. പക്ഷേ അവിടെയും രക്ഷയുണ്ടെന്ന് തോന്നുന്നില്ല. അതിന്റെ ദുശ്ശകുനമാണല്ലോ കണ്ണുതുറന്നുനോക്കിയപ്പോഴേ കണ്ടത്.

ഞാനിന്റർവ്യൂവിന് ഹാജരായി. ആ വൃത്തികെട്ട മുഖവും കറുത്ത തുണിയും ഇരുമ്പുകമ്പികളും കുട നന്നാക്കാനുണ്ടോ എന്ന ചോദ്യവും എന്റെ മനസ്സിലങ്ങനെ തത്തിക്കളിച്ച് എന്നെ പരാജയഭീരുവാക്കിക്കൊണ്ടിരുന്നു. ഇന്റർവ്യൂവിൽ തോൽക്കുന്നതിനു യാതൊരു പ്രയാസവുമില്ല. ഒരു പ്രത്യേക മരുന്നുണ്ടാക്കിവിൽക്കുന്ന ഒരു കമ്പനിക്കാരാണ് എന്നെ വിളിച്ചിരിക്കുന്നത്. അവരുടെ ഒരു ബ്രാഞ്ചിന്റെ ചാർജ്ജ് വഹിക്കുക എന്നതാണ് ഉദ്യോഗം. എനിക്കുതന്നെ അറിയാം എത്ര ചെറുതായാലും ഒരു വ്യാപാരശാലയുടെ ചുമതല വഹിക്കാൻ എനിക്കു ത്രാണിയില്ലെന്ന്. ശ്രമിച്ചു മിടുക്കനാകാം എന്നിരിക്കട്ടെ. ഇന്റർവ്യൂവിന് മുമ്പ് അത് സാധ്യമല്ലല്ലോ. ഒരു പത്തുനൂറു പേരെങ്കിലും കൂടുന്നതിൽ നിന്ന് ഏറ്റവും സമർഥനായ ആളിനെ തെരഞ്ഞെടുക്കണമെന്നായിരിക്കും അവരുടെ വിചാരം. എന്നേക്കാൾ എത്രയോ സമർഥന്മാർ അവിടെ വന്നു കൂടാ. മരുന്നുവിൽക്കുന്ന ഉദ്യോഗത്തിന് ചെല്ലുന്നവരോട് അവരെന്തെല്ലാമായിരിക്കും ചോദിക്കുക ബുക്കർ ടി. വാഷിങ്ടൺ എന്നു ജനിച്ചു? ഖരന്റെ അമ്മയുടെ പേരെന്താണ്? ഇവിടെ നിന്നു കാൽനടയായി എത്ര ദിവസം കൊണ്ട് പാരീസിലെത്താം? ഇത്തരത്തിലുള്ള കുറെ അനാവശ്യചോദ്യങ്ങൾ ചോദിച്ചിട്ട് പരീക്ഷായോഗ്യതയും തൊഴിലിലുള്ള പരിചയവും ചോദിക്കും. എല്ലാവർക്കും വേണം എക്സ്പീരിയൻസ്! എങ്ങും കിട്ടുന്ന വസ്തുവല്ലതാനും അത്. ഇത് കൊണ്ടൊന്നും ഇന്റർവ്യൂ തീരുകയില്ല. 5000 രൂപയ്ക്ക് ‘ഷുവർറ്റി’യോ 1500 രൂപായുടെ ‘കാഷ് സെക്യൂരിറ്റി’യോ തരാമോ? എന്ന ആറ്റംബോംബ് പ്രയോഗത്തോടെ ആ നാടകം അവസാനിക്കും. ഈ കുരങ്ങുകളിയിൽപ്പെട്ട് മടയനായി പലരേയും പോലെ ഞാനും തിരിച്ചു പോരേണ്ടിവരും.

സംഭവിച്ചത് ഇങ്ങനെയൊന്നുമല്ല. എന്റെ പേരും നാളും ചോദിച്ചു. “നൂറു രൂപയാണ് നിങ്ങൾക്കുള്ള ശമ്പളം” ഞാനൊന്നു ചിരിക്കാനും മറന്നുപോയി. “നിങ്ങളുടെ നാട്ടിൽത്തന്നെ നിയമിക്കാം.” അന്ന് കണികണ്ടവനോടുള്ള നന്ദി എന്റെ മനസ്സിൽ തിങ്ങി. “മാസം 200 രൂപ വിലയ്ക്കുള്ള മരുന്നു വിൽക്കണം” അത് വളരെ മിതമായ വ്യവസ്ഥയാണല്ലോ.

“ഒരു ചെറിയ തുക ഡിപ്പോസിറ്റ് ചെയ്യാമല്ലോ?” 100 രൂപ ശമ്പളം – 200 രൂപ വിലയ്ക്കുള്ള മരുന്നെങ്കിലും എന്നെ ഏൽപ്പിക്കും. പിന്നെ എന്താ ഡെപ്പോസിറ്റു വച്ചാൽ?

ഞാൻ പറഞ്ഞു “ചെറിയ തുകയാണെങ്കിൽ”

“വെറും 50 രൂപ മാത്രം” ഒരെഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ അതിന്റെ ഉറപ്പിന് ഒരു തുകയിരിക്കുന്നത് കൊള്ളാം. ഞാൻ സമ്മതിച്ചു. ഒരാഴ്ചയ്ക്കകം രൂപയുമായി ചെല്ലാ

മെന്ന് സമ്മതിച്ച് പോരാൻ തുടങ്ങിയപ്പോൾ മറ്റൊരു ഉദ്യോഗാർഥി അവരുടെ അച്ചടിച്ച വ്യവസ്ഥകൾ വാങ്ങുന്നതുകണ്ടു ഞാനും വാങ്ങി. വീട്ടിലെത്തി, പോയ കാര്യം സാധിച്ചെന്ന സന്തോഷവാർത്ത അറിയിച്ചു. അന്ന് ഞങ്ങൾക്കൊക്കെ സുദിനമായിരുന്നു.

ആ വ്യവസ്ഥകൾ വായിച്ചുനോക്കിയ സ്നേഹിതൻ ആ ഉദ്യോഗത്തിൽ നിന്ന് എന്നെ പിന്തിരിപ്പിച്ചു. അതൊക്കെ ഒരു പടമാണെത്രേ. എന്നെപ്പോലുള്ളവരോട് വാങ്ങുന്ന ഡെപ്പോസിറ്റാണ് അവരുടെ മൂലധനം. വിൽപ്പനയിലാണ് പ്രയത്നം. അത് ഞങ്ങൾ ചെയ്യണം. ലാഭത്തിൽ പകുതി കണ്ടുപിടിത്തത്തിനു പ്രതിഫലമായി അവർക്കു കിട്ടുംതാനും. ചെലവായില്ലെങ്കിൽ നഷ്ടം എനിക്കും എന്നെപ്പോലുള്ളവർക്കും.

ഞാനതിൽ ഏർപ്പെട്ടില്ല. എന്റെ കണിയുടെ ദോഷംകൊണ്ടല്ല അതെന്നു വിശ്വസിക്കാനെനിക്കു കഴിഞ്ഞില്ല.

ആ കുട നന്നാക്കുന്നവൻ അൽപ്പം വെറുക്കപ്പെട്ടവനായി എന്റെ മനസ്സിൽ അങ്ങനെ കിടന്നു. അയാളെ കാണുമ്പോഴൊക്കെ ഞാനയാളുടെ ഭാവവും വാക്കും നടപടിയും ശ്രദ്ധിക്കും. അയാളെ പലപ്പോഴും എന്റെ പടിക്കൽ കണ്ടിട്ടുണ്ട്. ഒരു ചുറ്റിനടപ്പ് അയാളുടെ പതിവാണ്. ആളുകൾ പട്ടണത്തിലേക്കു വരാൻ തുടങ്ങുമ്പോൾ അയാളൊരു മരച്ചുവട്ടിൽ വന്നിരിപ്പുപിടിക്കും. ഒരു കല്യാണപ്പന്തൽ നിർമിക്കാൻ പോരുന്ന മുളങ്കാലുകളും ഒരു പാലം പണിയുവാൻ വേണ്ടുവോളം കമ്പികളും ഒരു സർക്കസ്സു കൂടാരത്തിന് ആവശ്യമുള്ളിടത്തോളം പഴയ കുടശ്ശീലയും ഇരുവശങ്ങളിലായി നിക്ഷേപിച്ചിട്ട് താൻപോരിമയോടുകൂടി അയാളങ്ങനെ ഇരിക്കും. നിവർത്തുപിടിച്ചായാലും ഒരു കുടയുംകൊണ്ട് ആവഴിക്കു പോകുന്നവരോടൊക്കെ അയാൾ ചോദിക്കും: “കുട നന്നാക്കണോ?”

ഒരിക്കൽ പുതിയ കുടയും പിടിച്ചുകൊണ്ട് അതിലേപോയ എന്നോടയാൾ ചോദിച്ചു: “കുട നന്നാക്കണ്ടേ?”

അയാൾ എന്നെ ആക്ഷേപിക്കുകയാണെന്ന് എനിക്കുതോന്നി. ഏതുപൊട്ടക്കണ്ണനുമറിയാം എന്റെ കുട പുത്തനാണെന്ന്. പിന്നെ അയാൾ എന്തിനാണ് നന്നാക്കണ്ടേ എന്നു ചോദിച്ചത്. ഞാനല്പം ദേഷ്യപ്പെട്ടു പറഞ്ഞു “നന്നാക്കണമെങ്കിൽ അങ്ങോട്ടു പറയാം.”

“അതു നിങ്ങടെ കാര്യം. നിങ്ങടെ കുടയ്ക്കു കേടുണ്ടെങ്കിൽ ആരെക്കൊണ്ടെങ്കിലും നന്നാക്കിക്കും. അതിന്റെ കാശ് എനിക്കു കിട്ടുകയില്ലല്ലോ. എന്നെക്കൊണ്ടു നന്നാക്കിച്ചാലെനിക്കു കൊള്ളാം. അതാണ് ഞാൻ ചോദിച്ചത്, കുട നന്നാക്കാനുണ്ടോന്ന്. ഇല്ലെങ്കിൽ വേണ്ട.”

ഈ പറയുന്നതിനിടയിൽ അയാൾ എന്റെ നേരെ നോക്കിയില്ല. ഒരു കനം കുറഞ്ഞ കമ്പിയെടുത്തു കൊടിലുകൊണ്ടു രണ്ടറ്റവും വളച്ചു കുതിരയുണ്ടാക്കി ഒരു കുടയുടെ കാലിൽ വച്ചു തറയ്ക്കുകയായിരുന്നു. അയാളുടെ പണിയിലുള്ള ശുഷ്കാന്തി കണ്ടു ഞാനവിടെ അല്പം നിന്നുപോയി.

കുതിര വച്ച് ഉടമസ്ഥന്റെ നേരേ കുട നീട്ടിക്കൊണ്ട് അയാൾ പറഞ്ഞു: “രണ്ടണ.”

“രണ്ടണയോ? ഒരു കുതിര മാറ്റിവയ്ക്കുന്നതിനു രണ്ടണയോ?”

‘അതെന്താ ഒരത്ഭുതംപോലെ? ഒരു കുതിര വയ്ക്കുന്നതിനു ചിലരെട്ടണ തരുമല്ലോ. ഞാൻ നിങ്ങളോട് രണ്ടണയേ ചോദിച്ചുള്ളൂ.”

"ഞാൻ രണ്ടണ തരുകയില്ല. രണ്ടണ വേണമെങ്കിൽ ആദ്യം പറയാത്തതെന്താണ്?"

"ആദ്യം ചോദിക്കാഞ്ഞിട്ട്."

"എന്നാൽ ആ കുതിര അങ്ങെടുത്തോളൂ."

"ഓഹോ, അതിനും രണ്ടണ കൂലി തരണം. അപ്പോൾ നാലണയാകും."

ആ വേലക്കാരൻ ഒരധികപ്രസംഗിയാണെന്നെനിക്കുതോന്നി. ഇതിനിടയിൽ ഒരു വഴിക്കാരനോടയാൾ വിളിച്ചുചോദിച്ചു: "കുട നന്നാക്കണ്ടേ?"

'ഓ, എന്നാൽ നന്നാക്കിക്കളയാം." എന്നുപറഞ്ഞ് അയാൾ കുട അങ്ങോട്ടുകൊടുത്തു.

അത് എന്റെ ഒരു പരിചയക്കാരനായിരുന്നു. അയാൾ വഴിക്കാരോടു വിളിച്ചുചോദിക്കുന്നതുകൊണ്ട് ഫലമുണ്ട്. എന്നെ അയാൾ ആക്ഷേപിക്കയല്ലായിരുന്നു. ഞാൻ പറഞ്ഞു. "കൂലി പറഞ്ഞു സമ്മതിച്ചിട്ടു മതി കുട കൊടുക്കാൻ."

"ഓ എന്തു പറയാനാ അതിന്റെ ഒരു കമ്പി മാറണം. അതിനുവല്ലതും കൊടുക്കണം."

തൊഴിലാളി പറഞ്ഞു: "എനിക്കുവല്ലതും വേണ്ട. വല്ലതുംകൊടുത്താൽ കച്ചവടക്കാരൻ അരി തരുകേല്ലാ. അണ കൊടുക്കണം. ഒരു കമ്പി മാറുന്നതിനു നാലണ തരണം."

"നാലണയോ?"

"അതേ, നാലണ."

"എന്തെങ്കിലുമാകട്ടെ. നന്നായിരിക്കണം. തുരുമ്പിക്കാത്ത കമ്പിയിടണം."

"അതൊക്കെ ചെയ്യാം." അയാൾ കമ്പി മാറിയിട്ടു. "ഇതിന്റെ കമ്പിയൊടിയുന്നതു വെറുതെയല്ല. ചുവട്ടിൽക്കൂടി വെള്ളമിറങ്ങി തുരുമ്പുണ്ടാകും. ഒരു റബ്ബർക്കഷണം വച്ചാൽ പിന്നെ കമ്പിയുടെ കുഴ ഒടിയുകയില്ല.

"എന്നാൽ വച്ചോളൂ."

അതു വച്ചു.

"ആറണയിങ്ങെടുത്തേ."

"ആറണയോ?"

"ആറണ- എന്താ കൂടുതലാണോ? ഇത്രയും ചെയ്താൽ ചിലർ പന്ത്രണ്ടണ തരുമല്ലോ." എന്നിട്ടയാൾ ഒരു വഴിക്കാരനോടു ചോദിച്ചു. "കുട നന്നാക്കാനുണ്ടോ?"

അയാൾ മറ്റൊരു കുടയുടെ മൂട്ടിൽ തുണിവെട്ടിയിട്ടു തയ്ക്കുകയായി.

എനിക്കയാളെക്കുറിച്ചുള്ള വെറുപ്പു മാറിപ്പോയി. അതുവഴി വരുമ്പോഴെല്ലാം അയാളുടെ പണി നോക്കിനിൽക്കാനെനിക്കൊരു രസം തോന്നും. അയാളുടെ കൂലി കുറെ അന്യായമാണ്. സംസാരം ഒരു മയമില്ലാത്തതും. എന്നിട്ടുമുണ്ട് അയാൾക്കു ധാരാളം വേല. തൊഴിലന്വേഷിച്ചു നടന്നു മടുത്ത ഞാനും അയാൾക്കു പൈസാ കൊടുത്തു. അയാൾ

ഒരുത്തന്റെയടുത്തും ചെന്ന് ഉദ്യോഗം യാചിച്ചില്ല. അയാൾക്കറിയാം പരീക്ഷയൊന്നും പാസ്സാകാതെ തനിക്കാരും ഉദ്യോഗം തരികയില്ലെന്ന്. പഠിച്ച എന്റെ വിചാരം എനിക്കു ജോലികിട്ടാൻ വിഷമമില്ലെന്നായിരുന്നു. അതുകൊണ്ടു ഞാൻ കണ്ടവരുടെ പടിതോറും നടന്നു കാലം കളഞ്ഞു.

അടുത്തുതന്നെ ഒരുദിവസം അയാളുടെ അടുത്തുവന്നിരുന്ന് ഒരു ചെറുപ്പക്കാരി വർത്തമാനം പറയുകയാണ്. അയാൾ സൂചിയിൽ നൂൽ കോർക്കുകയും തുന്നുകയും കത്രികപ്പണി ചെയ്യുകയും കൂലിക്കുപേശുകയും മുട്ടുകയും തട്ടുകയും അണ വാങ്ങി പെട്ടിയിലിടുകയും അവളുടെ സംസാരത്തിന് മൂളുകയും 'കുട നന്നാക്കണോ?' എന്നു വഴിക്കാരോടു ചോദിക്കുകയും ഒക്കെയാണ്. അവൾ പറയുന്നത് ഒരു പരാതിയാണ്. അതു തന്റെ ഭർത്താവിനെക്കുറിച്ചാണ്. ഭർത്താവ് അവളെ അടിക്കും. തലമുടി കുത്തിപ്പിടിച്ചു വലിക്കും. അവൻ പണിക്കുപോകില്ല. അവൾ വേണം അവനെയും മക്കളെയും പുലർത്താൻ. അതിന് അവൾ വല്ല വീടുകളിലും ചെന്നു നെല്ലു കുത്തുകയോ പാത്രം തേക്കുകയോ ചെയ്യും. അതൊന്നും ഭർത്താവിനിഷ്ടമില്ല. "അതുകൊണ്ടു ചേട്ടനൊന്നുപറ ഞാൻ വീടിനു വെളീലെറങ്ങുന്നില്ല. എനിക്കും അയാടെ കൊച്ചുങ്ങക്കും വയറ്റിനു വല്ലോം തരാൻ പറ. അതിന് അയാളെക്കൊണ്ടൊക്കുകേല്ലെങ്കിൽ എന്നെ ഇങ്ങനെ ഏമദെണ്ണം ചെയ്യരുതെന്നു പറ. ഞാനീ ഇടീം തൊഴീം കൊണ്ടുമടുത്തു," എന്ന് അവളൊന്നു നിറുത്തി.

അവളുടെ കണ്ണു നിറഞ്ഞു. ഞാനിതൊക്കെ ശ്രദ്ധിക്കുന്നുണ്ടെന്ന് അവളറിയരുതെന്നു ഞാനാശിച്ചു. ഇതിനിടയിൽ അയാൾ അഞ്ചാറണയ്ക്കുള്ള വേല ചെയ്തു തീർത്തു.

അവൾ തുടർന്നു: "ഇന്നു വൈകീട്ടു ചേട്ടൻ വീട്ടിലേക്കൊന്നു വാ."

അയാൾ അവളുടെ നേരെ നോക്കാതെ തന്നെ പറഞ്ഞു: "എന്നാലതിങ്ങു കൊണ്ടു വന്നിരുന്നെങ്കിൽ – ഏതായാലും നീ ഇത്രടം വന്നില്ലേ?"

"എന്തോന്നു കൊണ്ടരാനാ?"

"അങ്ങോട്ടു വരാൻ പറഞ്ഞതു കൊട നന്നാക്കനല്ലേ?"

എനിക്കു ചിരി വന്നു.

അയാൾക്കു പണിയിലുള്ള ശുഷ്കാന്തി! തൊഴിലിൽ അവനെ ഗുരുവാക്കാനെനിക്കു തോന്നി. ഞാൻ വീട്ടിലേക്കു നടന്നു. ഒരു വീടിന്റെ പടിക്കൽ ചെന്നപ്പോൾ, നാലുവശത്തേക്കും നോക്കി ആരുമില്ലെന്നു ബോധ്യം വന്നപ്പോൾ ഞാൻ പതുക്കെ വിളിച്ചുചോദിച്ചു. "കുട നന്നാക്കാനുണ്ടോ?"

**തെരഞ്ഞെടുത്ത കഥകൾ** **കാരൂർ**

## പ്രവർത്തനങ്ങൾ

- കുട നന്നാക്കാനെത്തിയ വ്യക്തിയോടുള്ള സമീപനത്തിൽ കഥാനായകന് പിന്നീട് മാറ്റം വന്നു. എന്തെല്ലാമായിരിക്കാം കാരണങ്ങൾ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

- “പരിശ്രമം ചെയ്യുകിലെന്തിനെയും
വശത്തിലാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രെ
മനുഷ്യനെപ്പാരിലയച്ചതീശൻ”

 ഈ വരികളുടെ പശ്ചാത്തലത്തിൽ ‘കുട നന്നാക്കാനുണ്ടോ’ എന്ന കഥ വിശകലനം ചെയ്യുക.

- “കുട നന്നാക്കാനുണ്ടോ” എന്ന ചോദ്യം കഥാനായകനെ അസ്വസ്ഥനാക്കിയതിന് കാരണങ്ങളെന്തെല്ലാമാവാം?
- തൊഴിൽ തേടി ഫാക്ടറിയിലെത്തിയ യുവാവിനോട് മുതലാളി പറഞ്ഞ അഭിപ്രായങ്ങൾ വായിച്ചല്ലോ - അയാളുടെ പ്രസംഗത്തിന് മറുപടി പറയാൻ അറിയാമെങ്കിലും യുവാവ് നൽകിയില്ല. മുതലാളിയുടെ പ്രസംഗത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?
- ഞാനെന്റെ പാട്ടിനുപോയി.

 ഞാൻ പാട്ടിനു താളം പിടിച്ചു.

 രണ്ടുവാക്യങ്ങളിലേയും അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

## കാരൂർ നീലകണ്ഠപ്പിള്ള

1898 ൽ ഏറ്റുമാനൂരിൽ ജനനം. പിതാവ് പാലാമ്പടത്ത് നീലകണ്ഠപ്പിള്ള, മാതാവ് കാരൂർ വീട്ടിൽ കുഞ്ഞാലി അമ്മ, ഭാര്യ മഠത്തിൽ കിഴക്കേതിൽ ഭവാനിയമ്മ. അധ്യാപകനായിരുന്ന ഇദ്ദേഹം സാഹിത്യപ്രവർത്തകസംഘം സെക്രട്ടറി എന്ന നിലയിലും സേവനമനുഷ്ഠിച്ചിരുന്നു. തെരഞ്ഞെടുത്തകഥകൾ, മോതിരം, അമ്പലപ്പറമ്പിൽ (കഥാസമാഹാരങ്ങൾ), ഗൗരി, പഞ്ഞിയും തുണിയും (നോവൽ), ബാലചന്ദ്രൻ, അഴകനും പൂവാലിയും (ബാലസാഹിത്യം) എന്നിവ പ്രധാന കൃതികൾ. 1975ൽ അന്തരിച്ചു.

# നെല്ലുകുത്തുകാരി പാറുവിന്റെ കഥ

(കോവിലമ്മയുടെ വീട്ടിലെ നെല്ലുകുത്തുകാരിയാണ് പാറു. അവൾക്കു വീട്ടിൽ പ്രായമായ അമ്മയും രോഗിയായ അച്ഛനും പത്തു വയസ്സുള്ള ഒരനുജനുമുണ്ട്. ഒരു ദിവസം ജോലി കഴിഞ്ഞ് വീട്ടിലേക്കു പോകുവാൻ വൈകി. 'മാനത്തിൽ കരിവീഴ്ത്തും കാലമാണ് മുന്നിൽ'. അവൾ വേഗം നടന്നു. പെട്ടെന്ന് അവളുടെ തോളിൽ കനൽക്കട്ടപോലെ ഒരു കൈ വന്നു വീണു. അവളുടെ മേൽമുണ്ടും അതിന്റെ കോന്തലയിൽ കിഴികെട്ടി വച്ചിരുന്ന അരിയും നഷ്ടപ്പെട്ടു. എങ്കിലും മാനം പോകാതെ അവൾ ആ മുട്ടാളന്റെ കൈയിൽ നിന്നും രക്ഷപ്പെട്ടു. പിന്നിൽ നിന്ന് ആ ക്രൂരന്റെ കൂകൽ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. അന്ന് വീട്ടിൽ പട്ടിണിയായിരുന്നു. പിറ്റേദിവസം ഉറക്കമുണർന്ന് വാതിൽതുറന്ന അവൾ കണ്ടത് പടിയിലിരിക്കുന്ന, കഴിഞ്ഞ ദിവസം നഷ്ടപ്പെട്ട കിഴികെട്ടിയ അരിയാണ്. അന്നു മുതൽ അവൾ അനുജനേയും കൂട്ടിയാണ് ജോലിക്കുപോയത്.)

നെല്ലുകുത്തുവാനില്ല മേലിലങ്ങത്രേ, റൈസു-
മില്ലുതാൻ സ്ഥാപിച്ചത്രേ തന്റെ കൊച്ചെജമാനൻ
എന്തൊരുലാഭം നാട്ടാർ, ക്കെന്തെളുപ്പവുമായീ
സ്വന്തമാമരിമില്ലിലമ്മയ്ക്കെന്തഭിമാനം!
ആയിരക്കണക്കിനു വെള്ളിക്കാശിങ്ങെത്തുമ്പോൾ
വാലിയക്കാരത്തിതൻ കണ്ണീരോ കിടങ്ങാവാൻ?
അന്തിക്കു മുമ്പേ പോന്നാളന്നുമാ വേലക്കാരി;
ആവഴിക്കിനിവേണ്ടാ തൽക്കഴൽപ്പെരുമാറ്റം
കമ്പനിപ്പടിവിട്ടു നാലടി നീങ്ങും മുമ്പാ-
കമ്പിതസ്വാന്തം കേട്ടാൾ കൂക്കിടും ക്രൂരാരവം
ഇക്കുറി കുറച്ചേറെയുച്ചത്തിൽ, ക്കുറച്ചേറെ
മുഷ്കരകണ്ഠത്തിൽ നിന്നാകണമിപ്പേവിളി!
മറിഞ്ഞുനോക്കിക്കണ്ടാൾ മറിമാൻമിഴി; കൂറ്റൻ
മണിമാളികയുടെ 'ബാൽക്കണി'യിന്മേൽ നില്പൂ,
വേലക്കാർ പിരിയേണ്ടും കുഴലൂതലും നോക്കി
ലാലസിയ്ക്കുകയല്ലീ തന്റെ കൊച്ചെജമാനൻ!
അച്ചുണ്ടിൽ നിന്നേ വന്നൂ പെണ്ണേ, നിൻസർവസ്വവും
പിച്ചിച്ചീന്തിയ പോലുള്ളിക്കൊടും ക്രൂരാരവം
പറിച്ചിട്ടല്ലോ തന്നെക്കടവേരോടേ, തട്ടി-
പ്പറിച്ചാനെന്നേയ്ക്കും തന്നരിക്കിഴി ദേവൻ!
താങ്ങറ്റു വീണാളയ്യോ പാവമാ വേലക്കാരി
താറുമാറായിപ്പോയി സാധുവിൻ പ്രജ്ഞാനീഡം!
കഴുകൻ പോലുണ്ടപ്പോൾച്ചാരെ,പ്പണ്ടാരാലരി-
ക്കിഴിയെക്കൊതിയ്ക്കാത്തോരത്തട്ടിപ്പറിക്കാരൻ;
ചോരച്ചോരൊറ്റക്കണ്ണും കൊമ്പൻ മീശയും കൂടി-
ച്ചേരുമാരൂപം - മാംസമുളുത്തു കേറീടിലും-
ചേതന കണ്ടൂ മഹോന്നതമായ്; തന്മാറിൽത്താൻ
ചേണറ്റു വീണാൾ ബോധം കെട്ടൊരാ വേലക്കാരി.

**ഇടശ്ശേരിയുടെ കവിതകൾ** **ഇടശ്ശേരി**

| | |
|---|---|
| കിടങ്ങ് | - കോട്ടമതിലിനു ചുറ്റും ഉണ്ടാക്കുന്ന കുഴി (തടസ്സം) |
| കമ്പിതം | - വിറയൽ |
| കഴൽ | - കാല് |
| സ്വാന്തം | - മനസ്സ് |
| കമ്പിതസ്വാന്തം | - വിറയ്ക്കുന്ന മനസ്സോടെ |
| ക്രൂരാരവം | - ക്രൂരമായ ശബ്ദം |
| ലാലസിക്കുക | - ഉല്ലസിക്കുക (സന്തോഷിക്കുക) |
| കടവേര് | - തായ് വേര് |
| തന്നരിക്കിഴി | - തന്റെ അരിക്കിഴി (ഇനിയവൾക്ക് അന്നത്തിന് വഴിയില്ലല്ലോ) |
| പ്രജ്ഞാനീഡം | - പ്രജ്ഞയുടെ നീഡം |
| പ്രജ്ഞ | - ബോധം |
| നീഡം | - പക്ഷിക്കൂട് |
| മഹോന്നതം | - വളരെ ഉയർന്നത് |

## പഠനപ്രവർത്തനങ്ങൾ

- കവിതയിലെ പ്രധാന കഥാപാത്രങ്ങളാണ് പാറു, അനുജൻ, യജമാനൻ, തട്ടിപ്പറിക്കാരൻ– ഓരോ കഥാപാത്രത്തിന്റെയും സവിശേഷതകൾ കുറിക്കുക.
- സ്വന്തമാമരിമില്ലിലമ്മയ്ക്കെന്തഭിമാനം– സ്വന്തം + ആ + അരിമില്ലിൽ + അമ്മയ്ക്ക് + എന്ത് + അഭിമാനം

  ഇതുപോലുള്ള വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതുക.
- ആയിരക്കണക്കിനു വെള്ളിക്കാശിങ്ങെത്തുമ്പോൾ
  വാലിയക്കാരത്തിതൻ കണ്ണീരോ കിടങ്ങാവാൻ?

  – കിടങ്ങ് എന്ന പദത്തിന്റെ അർഥവ്യാപ്തി കണ്ടെത്തി ഈ വരികളുടെ ആശയഭംഗി വിശദമാക്കുക.
- കുട നന്നാക്കാനുണ്ടോ എന്ന കഥയിലെ യുവാവും നെല്ലുകുത്തുകാരി പാറുവിന്റെ കഥയിലെ പാറുവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. എങ്കിലും ചില സമാനതകളുമുണ്ട്. താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
- കഴുകൻ പോലുണ്ടപ്പോൾച്ചാരെ,പ്പണ്ടാരാലരി–
  ക്കിഴിയെക്കൊതിക്കാത്തോരത്തട്ടിപ്പറിക്കാരൻ;
  ചോരച്ചൊരൊറ്റക്കണ്ണും കൊമ്പൻമീശയും കൂടി–
  ച്ചേരുമാരൂപം - മാംസമുളുത്തു കേറീടിലും
  ചേതന കണ്ടൂ മഹോന്നതമായ്; തന്മാറിൽത്താൻ
  ചേണറ്റു വീണാൾ ബോധം കെട്ടൊരാ വേലക്കാരി

ഏതെല്ലാം കോണുകളിൽ നിന്നുള്ള ആക്രമണങ്ങളാണ് പാറു നേരിടുന്നത്? അവയിൽ ഏറ്റവും ക്രൂരം എന്ന് നിങ്ങൾക്ക് തോന്നുന്നത് എന്താണ്?
സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.

### ഇടശ്ശേരി ഗോവിന്ദൻ നായർ

1906 ൽ പൊന്നാനിയിൽ ജനനം. പിതാവ് വി. കൃഷ്ണക്കുറുപ്പ്. മാതാവ് കുഞ്ഞുകുട്ടിയമ്മ, ഭാര്യ ഇടക്കണ്ടിയിൽ ജാനകിയമ്മ. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം വക്കീൽ ഗുമസ്തനായി ജോലി ചെയ്തു. കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി എന്നിവയിൽ അംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി അവാർഡ് (ഒരു പിടി നെല്ലിക്ക) കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് (കാവിലെ പാട്ട്) എന്നിവ ലഭിച്ചു. ഇടശ്ശേരിയുടെ കവിതകൾ, കറുത്ത ചെട്ടിച്ചികൾ, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ എന്നീ കവിതാസമാഹാരങ്ങളും കൂട്ടുകൃഷി, ചാലിയത്തി, നൂലാമാല തുടങ്ങിയ നാടകങ്ങളുമാണ് പ്രധാനകൃതികൾ. 1974 ൽ അന്തരിച്ചു.

## വ്യാഴവട്ട സ്മരണകൾ

'സ്വദേശാഭിമാനി' പത്രവും അച്ചുകൂടവും തിരുവനന്തപുരത്തു മാറിയിട്ട് ആദ്യകാലങ്ങളിൽ ഏതാനും മാസം ഞങ്ങളുടെ വീടിനോടു ചേർന്ന മറ്റൊരു കെട്ടിടത്തിലാണ് അവ സ്ഥാപിച്ചു നടത്തിയിരുന്നത്. ഇക്കാലത്ത് അച്ചുകൂടം പൂർണമായിരുന്നില്ല. പണിക്കാർ വേണ്ടുവോളം ഉണ്ടായിരുന്നില്ല. ആവശ്യംപോലെ ചെലവാക്കാൻ പണവും ദുർലഭമായിരുന്നു. അച്ചുകൂടത്തിലെ മേലന്വേഷണം, പത്രനടത്തിപ്പ് എന്നീ വലിയ ഭാരങ്ങൾ വഹിച്ചതിനുപുറമേ, ഈ സ്ഥാപനത്തിലെ സകല ശാഖകളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിയേണ്ടതായിവന്നു. അതിനാൽ പലപ്പോഴും വിശ്രമം കൂടാതെ രാപകൽ പണിയെടുത്തിരുന്നു. പണിക്കാരിൽ ഒരാൾ ഹാജരില്ലാതിരുന്നാൽ അയാളുടെ പണിമുടക്കം കൊണ്ടു പത്രം പ്രസിദ്ധീകരിപ്പാനോ മറ്റ് അച്ചടി വേലകൾ തീർക്കാനോ വൈകിപ്പോകുമെന്നു ശങ്കിച്ച് പത്രാധിപർ തന്നെ ആ പണികൾ പലപ്പോഴും ചെയ്തിരുന്നു. അച്ചുനിരത്തുന്ന പണിപോലും അദ്ദേഹം ശീലിച്ചിരുന്നു. പല രാത്രികളിലും ഉറക്കമിളച്ച് അച്ചുനിരത്തുകയും. അച്ചാണികൾ പെറുക്കിക്കൊടുക്കുക, വിളക്കുപിടിക്കുക മുതലായ ചില്ലറ ജോലികൾക്ക് എന്റെ സഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

അച്ചുകൂടവും പത്രമാപ്പീസും മേൽപറഞ്ഞ സ്ഥലത്തു നിന്നും തിരുവനന്തപുരത്തു മെയിൻറോഡിൽ ഒരു കെട്ടിടത്തിൽ മാറ്റിയിട്ടതോടുകൂടി കുളി, ഊണ് മുതലായവയിലും ശ്രദ്ധ കുറഞ്ഞു. ക്രമേണ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിക്കുകയും പല പ്രാവശ്യം പനി, കുര, ജലദോഷം മുതലായ സുഖക്കേടുകൾ സ്ഥായിയായി പിടിപെടുകയും ചെയ്തു. 'വിശ്രമം കൂടാതെ ഈവിധം പണിയെടുത്തു ദീനത്തിൽ വീഴുന്നതു കുറെ കഷ്ടമല്ലേ?' എന്നു ഞാൻ സങ്കടം പറഞ്ഞപ്പോൾ, ഒരു പണി ഏറ്റുകഴിഞ്ഞാൽ അതു ശരിയായി നിർവഹിക്കാതെ എങ്ങനെ വിശ്രമിക്കും? പത്രം നിശ്ചിതസമയത്തു പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ ജനങ്ങൾക്ക് എന്നിലുള്ള വിശ്വാസം കുറഞ്ഞുപോകും. എന്നെയോ, എന്റെ കുടുംബത്തെ മാത്രമോ സംബന്ധിക്കുന്ന ഒരു കാര്യമാണെങ്കിൽ എന്റെ സൗകര്യം പോലെ പണി നടത്തിയാൽ മതിയെന്നുവയ്ക്കാം. ഒരു പൊതുജനപ്രതിനിധിക്കു തന്റെ സൗകര്യാസൗകര്യങ്ങളെ 'ഗണിപ്പാൻ തരമില്ല' എന്നു സമാധാനം പറഞ്ഞു.

മൂന്നു കൊല്ലവും രണ്ടു മാസവും അദ്ദേഹം ഇങ്ങനെ പൊതുജനങ്ങൾക്കുവേണ്ടി തന്റെ ആരോഗ്യത്തെ ബലികഴിച്ചു. ഇതിൽ ആദ്യത്തെ കൊല്ലം, പത്രം ആഴ്ചയിൽ ഒന്നു വീതവും രണ്ടാം കൊല്ലം രണ്ടു വീതവും ഒടുവിൽ ആഴ്ചയിൽ മൂന്നു വീതവും പ്രസിദ്ധപ്പെടുത്തി. ഇതോടൊന്നിച്ച് 'കേരളനും' 'ശാരദ'യും നടത്തുന്നുണ്ടായിരുന്നു. എന്നാൽ, ഈ മാസികകൾ രണ്ടും പത്രത്തെപ്പോലെ അത്ര കണിശമായി പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചില്ല. 'കേരളൻ' ആണ്ടിൽ ആറു പുസ്തകങ്ങൾ വീതം മാത്രമേ പ്രസിദ്ധീകരിച്ചിരുന്നുള്ളു. 'ശാരദ'യും നിശ്ചിത സമയത്തു പുറത്തിറക്കിയിരുന്നില്ല. ഇതിന്മദ്ധ്യേ അദ്ദേഹം നിയമക്ലാസിലും രണ്ടു കൊല്ലം ഹാജരായി. എന്നാൽ, ക്ലാസിൽ ഹാജരായതല്ലാതെ പഠിപ്പാൻ ശ്രദ്ധിച്ചിരുന്നില്ല. പരീക്ഷയ്ക്ക് ഒരു മാസം മുമ്പായി എന്റെ നിർബന്ധത്താലും പലപ്പോഴും എന്റെ ആവശ്യത്തിനായും പണി മറ്റാരെയെങ്കിലും ഏൽപ്പിച്ചിട്ട് മദിരാശിക്കു പോവുക പതിവുണ്ടായിരുന്നു. എന്നാൽ, മനസ്സും ശ്രദ്ധയും മുഴുവൻ പത്രത്തിലും അച്ചുകൂടത്തിലുമായിരുന്നതിനാൽ പഠിപ്പു മോശമാകുകയും പരീക്ഷാഫലം വിപരീതമാകുകയും ചെയ്തതേയുള്ളു. ഒടുവിലത്തെ കൊല്ലം പഠിപ്പു തീരെ വേണ്ടെന്നുവച്ചു. 'വിദ്യാർഥി' എന്ന നാമ

ധേയത്തിൽ വേറൊരു മാസികകൂടി തുടങ്ങി. ഇതിനിടയിൽ അച്ചുകൂടത്തിലും പത്രമാപ്പീസിലും വേണ്ട പരിഷ്കാരങ്ങൾ വരുത്തി. അച്ചടിസാമഗ്രികൾ വർധിപ്പിക്കുകയും പണിക്കാരെ കൂടുതലായി നിയമിക്കുകയും പത്രമാപ്പീസിനോടു ചേർത്ത് ഒരു പുസ്തകശാല സ്ഥാപിക്കുകയും ചെയ്തു. പത്രത്തിനും മാസികകൾക്കും വരിക്കാർ വർധിക്കുകയും ഇവയുടെ പണിക്കു പുറമേ അച്ചുകൂടത്തിൽ മറ്റു പണികൾ നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തു. ഇങ്ങനെ പൊതുജനസഹായത്താലും തന്റെ അതിപ്രയത്നത്താലും മേല്പറഞ്ഞ ഏർപ്പാടുകളൊക്കെ ശരിക്കു നടന്നുപോരികയും തന്റെ പ്രയത്നത്തിനു തക്കതല്ലെങ്കിലും അത്യാവശ്യങ്ങൾക്കു മതിയാകത്തക്ക ഒരു ചെറിയ തുക അദ്ദേഹത്തിനു ലാഭം കിട്ടുകയും ചെയ്തിരുന്നു.

1910 സെപ്തംബർ 26-ാം തീയതിയുണ്ടായ ഗവൺമെന്റ് നടപടിയാൽ മേല്പറഞ്ഞ പണികളൊക്കെ അദ്ദേഹത്തിൽ നിന്നു വിട്ടുമാറുകയും അദ്ദേഹം സ്വതന്ത്രനായി, സ്വസ്ഥനായി, തിരുവിതാംകൂർ അതിർത്തി വിട്ട് ബ്രിട്ടീഷ് രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. ദീർഘകാലമായി അർഹിച്ചിരുന്ന വിശ്രമം ഈ വിധത്തിലാണ് ജഗദീശ്വരൻ അദ്ദേഹത്തിനു കരുണാപൂർവം നൽകിയത്.

സ്മരണീയമായ ആ ദിവസം ഉച്ചതിരിഞ്ഞ് ഭർത്താവിന്റെ പത്രമാപ്പീസിൽ എന്തോ ചില സംഭവങ്ങൾ നടക്കുന്നുണ്ടെന്നും എന്റെ സാന്നിധ്യം വീട്ടിൽ ആവശ്യമായേക്കാമെന്നും അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ എന്നെ അറിയിച്ചു. ഉടൻതന്നെ ഞാൻ പാഠശാലയിൽ നിന്നു കല്പന വാങ്ങി വീട്ടിലേക്കു പുറപ്പെട്ടു. വഴിമധ്യേ പല ദിക്കുകളിലും ജനങ്ങൾ കൂട്ടംകൂടിനിന്ന് വണ്ടിയിൽ പോയിരുന്ന എന്നെ അനുകമ്പാപൂർവം നോക്കിയിരുന്നു. ഞാൻ വീട്ടിലെത്തി പടികടന്നപ്പോൾ വീടുമുഴുവൻ ആൾ നിറഞ്ഞിരിക്കുന്നതും അവരുടെയിടയിൽ ഏതാനും പോലീസുകാർ നിൽക്കുന്നതും കണ്ടു. ഭർത്താവ് ഒരുവേള ഇക്കൂട്ടത്തിൽ ഉണ്ടായേക്കുമെന്ന് ആദ്യം ഞാൻ സംശയിച്ചു. ആരെയും നോക്കാതെയും ഒന്നും ചോദിക്കാതെയും വേഗത്തിൽ എന്റെ മുറിക്കുള്ളിൽ അഭയം പ്രാപിക്കാമെന്നു വിചാരിച്ചു കോലായയിൽ കയറി കൈയിലുണ്ടായിരുന്ന താക്കോൽകൊണ്ടു മുറിയുടെ വാതിൽ തുറക്കുവാൻ തുടങ്ങി: വാതിൽ മുദ്രവച്ചിരിക്കയാണ്, അതിപ്പോൾ തുറക്കുവാൻ പാടില്ല' എന്നു പിറകിൽ നിന്ന് ഒരു പോലീസ് ഉദ്യോഗസ്ഥൻ മെല്ലെ പറഞ്ഞപ്പോഴാണു കാര്യഗൗരവം ഞാൻ മനസ്സിലാക്കിയത്. ഉടൻ ആ സ്ഥലത്തുനിന്നു പിന്തിരിഞ്ഞു മറ്റൊരു ഭാഗത്തേക്കു പോയപ്പോൾ അവിടെയുള്ള എല്ലാ മുറികളും പൂട്ടി മുദ്രവച്ചിരിക്കുന്നതായി കണ്ടു. ഈ ആൾക്കൂട്ടത്തിൽ നിന്നു മറഞ്ഞിരിക്കുവാൻ ഗത്യന്തരമില്ലാതെ അവിടെത്തന്നെ നിന്നു 'നട്ടം തിരിയുമ്പോൾ', 'അമ്മേ കാപ്പി കുടിച്ചില്ല, വെശക്കുന്നു' എന്ന് ഒരു കുട്ടിയും, 'എനിക്കു പേടിയാകുന്നു അമ്മേ! എന്നെ എടുത്തോളൂ' എന്നു മറ്റൊരു കുട്ടിയും പറഞ്ഞുകൊണ്ട് എന്റെ വസ്ത്രത്തിൽ തൂങ്ങി. കുട്ടികൾക്ക് ആഹാരം കൊടുക്കുവാൻ വെപ്പുകാരനോടു പറഞ്ഞപ്പോൾ, കലവറമുറി പോലും പൂട്ടി മുദ്രവച്ചിരിക്കുകയാണെന്നും, കുറെ അരിയല്ലാതെ വേറൊന്നും വെളിയിൽ ഇല്ലെന്നും അവൻ പറഞ്ഞു. കുട്ടികളോട് ഓരോ സമാധാനം പറഞ്ഞുകൊണ്ട് അൽപ്പനേരം അങ്ങനെ കഴിച്ചുകൂട്ടി. ഇതിനിടയിൽ പല ബന്ധുക്കളും വന്ന് എന്നോട് എന്റെ വീട്ടിലേക്കോ, ഭർത്തൃസഹോദരിയുടെ ഗൃഹത്തിലേക്കോ പോകാൻ ഉപദേശിച്ചു. ഭർത്താവിന്റെ അനുവാദം കൂടാതെ എനിക്ക് അവിടം വിടുവാൻ പാടില്ലെന്നു പറഞ്ഞ് ഞാൻ അവിടെ

| | |
|---|---|
| സപ്രത്യാശ | - പ്രത്യാശയോടുകൂടി |
| രാജ്യഭ്രംശം | - രാജ്യത്തുനിന്നുള്ള മാറ്റം |
| ശ്മശ്രു | - താടിരോമം |

ത്തന്നെ ഇരുന്നു. ഈ നടപടികൾ എല്ലാം എന്തോ തെറ്റിദ്ധാരണയുടെ ഫലമായിരിക്കുമെന്നാണു ഞാൻ പൂർണമായി വിശ്വസിച്ചിരുന്നത്. ഇതിൽ നിന്നും വലിയ ആപത്തുകളൊന്നും വരുവാനിടയില്ലെന്നും ഞാൻ വിശ്വസിച്ചു. അതിനാൽ ജനമധ്യത്തിൽ ബന്ധുക്കളുടെ സപ്രത്യാശങ്ങളായ നോട്ടങ്ങളെയും കണ്ടും കേട്ടുംകൊണ്ടിരിക്കുവാൻ എനിക്ക് അശേഷം ധൈര്യക്കുറവുണ്ടായില്ല. ഏകദേശം രണ്ടു മണിക്കൂർ സമയം ഇങ്ങനെ കഴിഞ്ഞപ്പോൾ ഭർത്താവിന്റെ നിയോഗമെന്തെന്ന് അന്വേഷിപ്പാനായി അയച്ചിരുന്ന ഭൃത്യൻ മടങ്ങിയെത്തി. അദ്ദേഹത്തിന്റെ വരുതിപ്രകാരം ഞാൻ ഭർത്തൃസഹോദരിയുടെ ഗൃഹത്തിലേക്കു പോരികയും ചെയ്തു.

പിന്നീടുണ്ടായ സംഭവങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാൽ വീണ്ടും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. അദ്ദേഹം നാടുകടത്തപ്പെട്ട് തിരുവിതാംകൂർ വിട്ട് ബ്രിട്ടീഷ് രാജ്യമായ തിരുനെൽവേലിയിൽ എത്തിയ ഉടൻ, തന്നെ അനുഗമിച്ചിരുന്ന ഭൃത്യന്മാരിൽ ഒരാളെ എന്റെ അടുക്കലേക്കു മടക്കിയയയ്ക്കുകയും ഞാൻ ഉടൻ തന്നെ തിരുനെൽവേലിക്കു പുറപ്പെട്ടുചെന്ന് ഭർത്താവിനെ കണ്ടു സമാധനപ്പെടുകയും ചെയ്തു.

അപ്രതീക്ഷിതമായി സംഭവിച്ച ഈ ആപത്തുകളും ദ്രവ്യനാശവും രാജ്യഭ്രംശവും അദ്ദേഹത്തെ വ്യാകുലനാക്കിയേക്കുമെന്നു ഞാൻ ശങ്കിച്ചിരുന്നു. എന്നാൽ, എന്റെ ശങ്ക തീരെ അസ്ഥാനത്തിലായിപ്പോയി. ഞാനും കുട്ടികളും തിരുനെൽവേലിയിൽ എത്തിയ സമയം ഞങ്ങളെ എതിരേറ്റ് തന്റെ തൽക്കാലവാസസ്ഥലമായ സത്രത്തിലേക്കു കൂട്ടിക്കൊണ്ടു പോകാനായി അദ്ദേഹം തീവണ്ടി സ്റ്റേഷനിൽ കാത്തുനിന്നിരുന്നു. ഉടുത്ത വസ്ത്രത്തോടു കൂടി മാത്രം നാടു വിട്ടുപോകേണ്ടിവന്നതിനാൽ, ഞങ്ങൾ ചെന്നുചേർന്നതുവരെ കുളിച്ചു വസ്ത്രം മാറുന്നതിന് മറ്റു വസ്ത്രമോ കുപ്പായമോ ഇല്ലായിരുന്നു. പുതിയതു വാങ്ങി ഉപയോഗിക്കുന്നതിനു കൈയിൽ കാശുമില്ലായിരുന്നു. അതിനാൽ യാത്ര കൊണ്ടു ക്ഷീണിച്ച്, മലിനവസ്ത്രധാരിയായിട്ടാണ് അദ്ദേഹം അവിടെ കാണപ്പെട്ടത്. മുഖത്തു വളർന്നുനിന്നിരുന്ന ശ്മശ്രുശകലങ്ങൾ മുഖശോഭയെ ഏതാണ്ടു മറച്ചിരുന്നു. എന്നാൽ, ആ കണ്ണുകൾ! ഹാ! ആ തേജോഗോളങ്ങളുടെ പ്രഭയെ കുറയ്ക്കുന്നതിന് യമദൂതന്മാർക്കല്ലാതെ മറ്റാർക്കു കഴിയും? ധൈര്യവും സ്ഥൈര്യവും സ്നേഹവും കരുണയും ഒന്നുപോലെ പ്രതിബിംബിച്ചിരുന്ന ആ പുണ്യനേത്രങ്ങളാൽ ചെയ്ത ഒരൊറ്റക്കടാക്ഷത്താൽ എന്റെ സകല ഭയങ്ങളും ആശങ്കകളും സൂര്യസാന്നിധ്യത്തിൽ ഇരുളെന്നപോലെ ഓടിയൊളിച്ചു. 'മലകളിളകിലും മഹാജനാനാം മനമിളകാ' എന്ന മഹദ്വചനതത്ത്വം ഈ അവസരത്തിൽ എനിക്ക് അനുഭവസിദ്ധമായി.

കഴിഞ്ഞ സംഭവങ്ങളെപ്പറ്റിയും ഞങ്ങളുടെ ഭാവിയെപ്പറ്റിയും ഞങ്ങൾ പലതും സംസാരിക്കുകയും ആലോചിക്കയും ചെയ്തിരുന്ന മധ്യേ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'തിരുവിതാംകൂറിനോടുള്ള എന്റെ ബന്ധം വേർപെട്ടു. മാതൃഭൂമിയോടുള്ള എന്റെ കടമ ഞാൻ നിർവഹിച്ചുകഴിഞ്ഞു. എനിക്കിനി അവിടേക്കു മടങ്ങിപ്പോകണമെന്നാഗ്രഹമില്ല; അതിനിടവരികയുമില്ല. എന്റെ വൃദ്ധയായ മാതാവിനെ കണ്ടു വിടവാങ്ങിപ്പോരുവാൻ സാധിച്ചിട്ടില്ലെന്നുള്ള ഒരൊറ്റ മനസ്താപമേ എനിക്കുള്ളു. ഇനി ഈശ്വരസന്നിധിയിൽ ഞങ്ങൾ തമ്മിൽ കണ്ടുകൊള്ളാം.'


**വ്യാഴവട്ട സ്മരണകൾ** | **ബി. കല്യാണി അമ്മ**

## പഠനപ്രവർത്തനങ്ങൾ

- ഒരു സഹപ്രവർത്തകയുടെയും കുടുംബിനിയുടെയും ഭാവങ്ങൾ ഈ സ്മരണയിൽ തെളിയുന്നതെങ്ങനെ എന്നു വിശദീകരിച്ച് കുറിപ്പെഴുതുക.
- "വിശ്രമം കൂടാതെ ഈ വിധം പണിയെടുത്തു ദീനത്തിൽ വീഴുന്നതു കഷ്ടമല്ലേ ........ എന്നു സമാധാനം പറഞ്ഞു" സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കു പത്രപ്രവർത്തനം എന്ന തൊഴിലിനോടും സമൂഹത്തോടുമുള്ള പ്രതിജ്ഞാബദ്ധത ഈ ഭാഗത്ത് തെളിയുന്നത് എങ്ങനെ?
- സ്വദേശാഭിമാനിയുടെ മാധ്യമരംഗത്തെ സംഭാവനകൾ എന്തെല്ലാം? ആനുകാലിക മാധ്യമരംഗത്തെ പ്രവണതകളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ച് അനുസ്മരണപ്രഭാഷണം തയ്യാറാക്കുക.

**കല്യാണിയമ്മ ബി.**

1884 ൽ വഞ്ചിയൂരിൽ ജനനം. പിതാവ് സുബ്ബരായർ പോറ്റി, മാതാവ് കുതിരവട്ടത്ത് കുഴിവിളാകത്ത് ഭഗവതിയമ്മ, ഭർത്താവ് സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള. മംഗലാപുരം ട്രെയിനിംഗ് സ്കൂൾ സൂപ്രണ്ടും അധ്യാപികയുമായിരുന്നു. വ്യാഴവട്ട സ്മരണകൾ, ഓർമ്മയിൽ നിന്ന്, മഹതികൾ (ജീവചരിത്രം), കർമഫലം (നോവൽ), വീട്ടിലും പുറത്തും (വിവർത്തനം), ആരോഗ്യരക്ഷയും ഗൃഹഭരണവും തുടങ്ങിയവയാണ് പ്രധാനകൃതികൾ. 1959 ൽ അന്തരിച്ചു.



# തുടികൊട്ട്

ശരീരത്തിനു മാത്രമല്ല മനസ്സിനും ഭക്ഷണം വേണം. മനസ്സിന്റെ ഭക്ഷണമാണ് കല. മനുഷ്യമനസ്സിനു കരുത്തും ഉന്മേഷവും പകരാൻ കലയെപ്പോലെ സമർഥമായി മറ്റൊന്നില്ല. വിവിധ കലകളിലൂടെ സൗന്ദര്യം ആവിഷ്കരിക്കപ്പെടുന്നു. കലയെ സാമൂഹികപരിഷ്കരണത്തിന് ഉപയുക്തമാക്കിയ കുഞ്ചൻനമ്പ്യാരെപ്പോലെയുള്ള കലാകാരന്മാരും ഉണ്ട്. ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഫലമായി സിനിമപോലുള്ള കലാരൂപങ്ങളുണ്ടായി. ഇന്നത്തെ ജനകീയ കലാരൂപമാണ് സിനിമ. സിനിമയുടെ സാഹിത്യരൂപമെന്ന പേരിൽ തിരക്കഥ പ്രചാരം നേടുന്നു.

# ഇരുട്ടിന്റെ ആത്മാവ്

ഇരുട്ടിന്റെ അഗാധതയിൽനിന്ന് പൊങ്ങിവന്നു വെളിച്ചത്തിലെത്തിയപോലെ വേലായുധൻ കണ്ണു തുറക്കുന്നു. വെളിച്ചത്തിന്റെ ലോകമാണ് പുറത്ത്. മേലാകെ ചെളിയും പൊടിയുമാണ്. മുണ്ട് മണ്ണിൽ പുരണ്ടിരിക്കുന്നു.

വേലായുധൻ പായിലെഴുന്നേറ്റിരിക്കുന്നു. ചങ്ങല കിലുങ്ങുന്നു. മുന്നിൽ ഒഴിഞ്ഞ പിഞ്ഞാണം.

മുറിയിലെ ഓരോ വസ്തുവിലും അവന്റെ കണ്ണുകൾ സഞ്ചരിക്കുന്നു. അപ്പുറത്തെ കുത്തഴിയിലൂടെ പുറത്തേക്ക് നോക്കുമ്പോൾ വാഴത്തോട്ടവും കവുങ്ങിൻതോപ്പും കാണാം. കൊന്നമരത്തിന്റെ ചുവട്ടിൽ അമ്മയെ ദഹിപ്പിച്ച സ്ഥലം കാണുമ്പോൾ അവന്റെ മുഖത്ത് ചിന്ത നിഴലിക്കുന്നു.

അച്യുതൻനായർ വന്ന് പാത്രമെടുത്ത് പോകാൻ ഭാവിക്കുമ്പോൾ.

വേലായുധൻ : അച്യുതൻനായരെ, എനിക്കൊന്നു കുളിക്കണം.

അച്യുതൻനായർ : (കനത്തിൽ) ഉം.

വേലായുധൻ : (കുറ്റിത്താടി തടവി) ആ വെളക്കത്ര ശങ്കൂനോട് ഒന്നു വരാൻ പറയൂ.

അച്യുതൻനായർ : എന്താണ് ഒരു നല്ലബുദ്ധി തോന്നാൻ?

വേലായുധൻ : (കാലിലെ ചങ്ങല പിടിച്ചുകൊണ്ട് ദയനീയമായ ഒരഭ്യർഥനയോടെ) ഇതൊന്നഴിച്ചുകൂടെ അച്യുതന്നായരേ?

*അച്യുതൻനായർ ഉറക്കെ ചിരിച്ചുകൊണ്ട് പുറത്തുപോവുന്നു. തനിച്ചായപ്പോൾ മുഖത്ത് ചിന്ത നിഴലിക്കുന്നു.*

*പുറത്ത് ഒരു കാല്പെരുമാറ്റം*

വേലായുധൻ : ഉണ്ണീ!

വേലായുധൻ : ഉണ്ണ്യല്ലേ അത്?

ഉണ്ണിയുടെ ശബ്ദം: എന്താ?

വേലായുധൻ : ചെറ്യമ്മയോട് പറഞ്ഞ് എനിക്കൊരു നല്ല മുണ്ടുവാങ്ങിക്കൊണ്ടാ.

*അപ്പുറത്ത് അനക്കമില്ല*

വേലായുധൻ : ഉണ്ണീ!

*മറുപടിയില്ല*
*വീണ്ടും മുഖത്ത് നിസ്സഹായത*

***

*മുത്തച്ഛൻ അടുക്കള മുറ്റത്തിരുന്ന് തീകായുകയാണ്. അടുത്ത് ഗോപാലൻ നായർ:*

മുത്തച്ഛൻ : നീയ് മടങ്ങിവന്ന്വല്ലേ, ഗോപാലാ?

ഗോപാലൻ നായർ : മടങ്ങിവന്നതല്ല. അച്ഛനെ കണ്ട് ഒരു വിവരം പറയാനാണ്. അമ്മുകുട്ടിയുടെ കാര്യം. അവളുടെ പൊടമുറിയാണ് നാളെ.

*വേലായുധൻ അകലെ നിന്ന് ആ സംസാരം ശ്രദ്ധിക്കുന്നു.*

ഗോപാലൻ നായർ : ആഘോഷൊന്നൂല്യ.

മുത്തച്ഛൻ : ആരാ?

ഗോപാലൻ നായർ : രണ്ടാം കല്യാണാണ്. ആദ്യത്തേല് നാലഞ്ചുകുട്ട്യോളുംണ്ട്. അവക്ക് തീരെ സമ്മതംണ്ടായിട്ടല്ല. അവൾടെ മുഖത്ത് നോക്കുമ്പോ എനിക്കും സങ്കടം തോന്നണ്ണ്ട്.

മുത്തച്ഛൻ : എന്നിട്ട് പിന്നെന്തിനാ അമ്മൂനെ ഇങ്ങനെ പിടിച്ചുകൊടുക്ക്ണ്? അവൾക്കിഷ്ടല്ല്യെങ്കിൽ വേണ്ടാ. അവള് ചെറ്യേകുട്ട്യല്ലേ? നിനക്കും തുടങ്ങിയോ ഗോപാലാ ഭ്രാന്ത്?

ഗോപാലൻ നായർ : എനിക്കും ഇഷ്ടമുണ്ടായിട്ടല്ലച്ഛാ. ഇന്നുതന്നെ എന്റെ കണ്ണടഞ്ഞാൽ അവൾക്കാരുണ്ട്. രണ്ടാം കല്യാണെങ്കിൽ രണ്ടാംകല്യാണം, അവളെ പെലർത്താൻ ഒരാള്ണ്ട്ന്നു സമാധാനിക്കാൻവേണ്ടി മാത്രമാണ്.

മുത്തച്ഛൻ : (നെഞ്ചിൽ കൈവച്ച്) എന്നാലും എന്റമ്മൂന് ഇങ്ങനെ ഒരു യോഗം വന്ന്വല്ലോ...... സുകൃതക്ഷയം. മുത്തച്ഛന്റെ സുകൃതക്ഷയം ന്നല്ലാണ്ട് എന്താ പറയണ്ട്, ന്റെ മോളേ!

***

*രാത്രി വേലായുധൻ പായിൽ ഇരിക്കുകയാണ്. കുത്തഴിയിലൂടെ കാണുന്ന ആകാശത്തിന്റെ ചെരുവിൽ ഒരു നക്ഷത്രം പ്രകാശിക്കുന്നു.*

വേലായുധൻ വിളിക്കുന്നു, പതിഞ്ഞ സ്വരത്തിൽ : അച്യുന്നായരേ!

മറുപടിയില്ല.

അച്യുതൻനായർ മെരുവിന് തീറ്റ കൊടുക്കുകയാണ്. മെരു കൂട്ടിൽ കിടന്ന് പരക്കം പായുന്നു.

വേലായുധൻ ചങ്ങലയറുക്കാൻ ശ്രമിക്കുകയാണ്. കൈയെത്തിച്ചാൽ കിട്ടാവുന്ന, ഒരു പഴയ ചിരവയെടുത്ത് ചങ്ങലയിലിടിക്കുകയാണ്. വിളക്കിച്ചേർത്ത ഒരു കണ്ണി കണ്ടുപിടിച്ച്, അതിന്മേലൊന്നിടിച്ച്, ചെവിടോർക്കുന്നു. പിന്നെയും ഇടിക്കുന്നു.

***

വേലായുധന്റെ കാലിലെ ചങ്ങല.

ചങ്ങലക്കണ്ണി അകന്നിരിക്കുന്നു. വേലായുധൻ തളർന്നിട്ടുണ്ട്. അവസാനത്തെ അധ്വാനമെന്നോണം ശ്വാസം പിടിച്ച് തൂണിൽ ചവിട്ടി, വളഞ്ഞിരിക്കുന്ന ചങ്ങല വലിച്ചപ്പോൾ ചങ്ങല പൊട്ടുന്നു.

വേലായുധൻ കിതയ്ക്കുന്നു. അവൻ ആകെ വിയർത്തുകുളിച്ചിട്ടുണ്ട്. വേലായുധൻ ചെവിടോർക്കുന്നു. പുറത്ത് നിശ്ശബ്ദത.

വേലായുധൻ പതുക്കെ എഴുന്നേറ്റ് രണ്ടടി വച്ചപ്പോൾ ചങ്ങല കിലുങ്ങുന്നു. രണ്ടു കാലിലും ചങ്ങലയുടെ വളയവും ഏതാനും കണ്ണികളും ബാക്കി കിടപ്പുണ്ട്.

പതുക്കെ വേലായുധൻ പുറത്തു കടക്കുന്നു.

***

വേലായുധൻ മുറ്റത്തിറങ്ങിയപ്പോൾ കേൾക്കുന്നു:

ഠും.... ഠും... ഠും...

താശ്ശമ്മാന്റെ കന്മഴു വീഴുന്ന ശബ്ദം

വേലായുധന്റെ മുഖം അസ്വസ്ഥമാകുന്നു. പഴയ ദുസ്വപ്നത്തിലേക്ക് ഇപ്പോൾ വഴുതിവീഴുമെന്നു തോന്നും അവന്റെ മുഖം കണ്ടാൽ.

നിയന്ത്രിച്ച്, വീടിന്റെ അരുപറ്റി, ആ ശബ്ദത്തിനുനേരേ അവൻ നീങ്ങുന്നു.

ശബ്ദത്തിന്റെ അടുത്തെത്തുന്നു. മുത്തച്ഛന്റെ തളത്തിന്റെ ജാലകത്തിനരികെ നിന്ന് അവൻ അകത്തേക്കു നോക്കുന്നു.

മുത്തച്ഛൻ കട്ടിലിലിരുന്ന് മുറുക്കാനിടിക്കുകയാണ്: ഠും ഠും.

വേലായുധന്റെ മുഖത്ത് നേർത്ത മന്ദഹാസം വിടരുന്നു.

അവൻ മുറ്റത്തൂടെ ധൃതിയിൽ നടക്കുന്നു. ചങ്ങലയുടെ കിലുക്കത്തോടെ.

***

പ്രഭാതത്തിൽ, മഞ്ഞിൻപാളികളും ആദ്യത്തെ സൂര്യപ്രകാശവും കെട്ടിപ്പുണരുന്ന വയൽപ്പരപ്പ്.

മുന്നിൽ കാളകളെ നടത്തി, ചുമലിൽ കരിയും നുകവുമായി ഒരാൾ. പിറകെ പാളത്തൊപ്പിവച്ച രണ്ടു ചെറുമക്കൾ, തലയിൽ കൊട്ടയും ചുമലിൽ കൈക്കോട്ടുമായി മറ്റൊരാൾ - ഗ്രാമീണർ വയൽവരമ്പിലൂടെ പോവുകയാണ്.

അവർക്കെതിരെ, വരമ്പിലൂടെ ഒരു നിഴൽപോലെ ഒരു രൂപം അടുത്തെത്തുന്നു. ചങ്ങലയുടെ കിലുക്കവും അടുത്തുവരുന്നു.

ഗ്രാമീണർ നിൽക്കുന്നു.

കൂട്ടത്തിലൊരാൾ : വേലായുധനല്ലേ അത്?

വേലായുധൻ വരമ്പത്തുനിന്ന് വയലിലേക്ക് എടുത്തുചാടി, നെല്ലിനിടയിലൂടെ നടക്കുന്നു.

ഗ്രാമീണർ പിന്നിൽനിന്ന് വിളിച്ചുകൂവുന്നു: ‘ഭ്രാന്തൻ! ഭ്രാന്തൻ!’

വേലായുധൻ ഓടാൻ തുടങ്ങുന്നു.

***

ചങ്ങലക്കഷണങ്ങൾ ബാക്കി നിൽക്കുന്ന ഓടുന്ന കാലടികൾ. ഇടുങ്ങിയ ഒരിടവഴിയിലേക്ക് കയറുന്നു. ക്ഷീണംകൊണ്ട് വേഗം കുറയുന്നു.

വേലായുധൻ പാരവശ്യത്തോടെ പതുക്കെ നടന്നുപോകുമ്പോൾ മുന്നിൽ എതിരെ നിന്നും പരുക്കനും ശക്തനുമായ ഒരു മനുഷ്യൻ കയറിവരുന്നു.

വേലായുധൻ സംശയിച്ച് നോക്കുന്നു. എതിരെ വന്ന മനുഷ്യൻ നിൽക്കുന്നു. വേലായുധൻ നിൽക്കുന്നു.

അയാൾ (പരുക്കൻ) ചിരിക്കുന്നു.

അയാൾ : നിന്നേക്കാളും വല്യ ഭ്രാന്തന്മാരെ ഞാൻ പിടിച്ച് കെട്ടീട്ട്ണ്ട്.

അയാൾ വേലിപ്പടർപ്പിൽ കുഴിച്ചിട്ട ഒരു തടിച്ച വടി അനായാസമായി ഊരിയെടുത്ത് വേലായുധന്റെ നേരേ അടുക്കുന്നു. അയാളുടെ പിന്നിൽ ചിലർ കൂടിയിട്ടുണ്ട്.

നിസ്സഹായനായ വേലായുധൻ പ്രാണഭീതിയോടെ ചുറ്റും നോക്കുന്നു. ഒരടി പിന്നിൽ വയ്ക്കുന്നു. കണ്ണുകൾ ഒരു വലിയ കല്ലിൽ പതിയുന്നു.

പരുക്കൻ മനുഷ്യൻ അടുത്തെത്തുന്നു. വേലായുധൻ ഗത്യന്തരമില്ലാതെ കുനിഞ്ഞ് കല്ലെടുക്കുന്നു.

ഏറിന്റെ പ്രതികരണവും പരുക്കൻ മനുഷ്യന്റെ നിലവിളിയും അകലെ നിൽക്കുന്നവരുടെ മുഖത്ത്.

വേലായുധൻ ഓടുന്നു.

പിന്നിൽ കൂക്കുവിളി : ആളുപദ്രവം ണ്ട്, മാറിക്കോളോ!

***

ഓടി ക്ഷീണിച്ച വേലായുധൻ കുന്നിൻചെരുവിലെ മേച്ചിൽസ്ഥലത്തിൽ, ഒരു മരത്തിനടുത്ത് എത്തിയപ്പോൾ, അതിൽ ചാഞ്ഞുനിന്നു കിതയ്ക്കുന്നു. ഒന്ന് കിതപ്പുമാറ്റുകയാണ് ഉദ്ദേശം.

അപ്പോൾ ഒരു കല്ല് വന്നു വീഴുന്നു. വേലായുധൻ ഞെട്ടുന്നു. കൂടുതൽ കല്ലുകൾ പറന്നു വരുന്നു. വേലായുധൻ ഓടുന്നു. കന്നാലിപ്പിള്ളർ കല്ലെറിഞ്ഞു കൊണ്ട് പിന്നാലേ.

***

വൈക്കോൽ മേഞ്ഞ ഒരു ചെറിയ വീടിന്റെ മുറ്റത്ത് കല്യാണസദസ്സ്. ചെറിയൊരു പന്തൽ. കുറച്ച് സ്ത്രീകളും കുട്ടികളും. മേൽനോട്ടം വഹിച്ചുകൊണ്ട് ഗോപാലൻനായർ.

നിറപറ, നിലവിളക്ക്

പുല്പായിൽ, മേലാപ്പിന് ചുവട്ടിൽ കഷണ്ടി കയറിയ അശുഭനായ വരൻ ഇരിക്കുന്നു.

കോടിയുടുത്ത വധുവെ കല്യാണപ്പന്തലിലേക്ക് മുതിർന്ന ഒരു സ്ത്രീ ആനയിക്കുന്നു. വധുവിന് ആഡംബരങ്ങൾ ഒന്നുമില്ല. അമ്മുകുട്ടിയാണ്.

അമ്മുകുട്ടിയുടെ മുഖത്ത് കണ്ണീരിന്റെ അടയാളങ്ങളുണ്ട്.

പ്രായംചെന്ന സ്ത്രീ അമ്മുകുട്ടിയെ വരന്റെ സമീപത്ത് ഇരുത്തുന്നു.

പ്രായംചെന്ന ഒരാദ്യവസാനക്കാരൻ മാലയുടെ പൊതിയഴിച്ച് മാല വധുവിനെയും വരനെയും ഏൽപ്പിക്കുന്നു.

പരികർമ്മി : മുഖത്തോടു മുഖം തിരിഞ്ഞ് നിൽക്കാ!

അപ്പോൾ പുറത്ത് ആളുകളുടെ തിരക്ക്.

ഗോപാലൻ നായർ : എന്താത്?

പല ശബ്ദങ്ങൾ : ഭ്രാന്തൻ ഭ്രാന്തൻ!

അമ്മുകുട്ടിയുടെ കാഴ്ചപ്പാടിൽ കാണുന്നു: ആൾക്കൂട്ടത്തിലൂടെ, കടന്നുപിടിച്ച ആളുകളെ തട്ടിമാറ്റി കൊടുങ്കാറ്റുപോലെയാണ് വരവ്.



ബഹളം. പെണ്ണുങ്ങൾ കുട്ടികളെ എടുത്ത്, അരികുപറ്റി ഭീതിയോടെ നിൽക്കുന്നു. തിരക്കിൽ നിന്നൊരു കുഞ്ഞിന്റെ നിലവിളി.

അമ്മുകുട്ടി നോക്കുമ്പോൾ മുന്നിൽ, തന്നെ കടന്നുപിടിച്ച ഒരാളെ കഴുത്ത് ഞെരിച്ച്, ഒരു വശത്തേക്ക് തള്ളി വേലായുധൻ ആൾക്കൂട്ടത്തെ കടന്നു കല്യാണച്ചടങ്ങുകൾ നടക്കുന്ന സ്ഥലത്തിനടുത്തേക്ക് വരുന്നു. പെണ്ണുങ്ങളുടെ നിലവിളി, ബഹളം.

വേലായുധൻ അവ്യക്തമായി കാണുന്നു. അമ്മുകുട്ടിയാണ് മുന്നിൽ. അവൻ മറ്റാരേയും കാണുന്നില്ല.

അവന്റെ മുണ്ട് കീറിപ്പറിഞ്ഞിരിക്കുന്നു. മേലെല്ലാം പൊടിയും ചെളിയുമാണ്. പലേടത്തും ചോര പൊടിഞ്ഞിട്ടുണ്ട്.

വേലായുധൻ അമ്മുകുട്ടിയുടെ നേരെ നീങ്ങുന്നു.

വേലായുധൻ : അമ്മുകുട്ടീ!

വേലായുധൻ അടുത്തെത്തുമ്പോൾ, അവന്റെ കൈ അവളുടെ നേരെ നീളുമ്പോൾ,

അമ്മുകുട്ടി നിലവിളിച്ചുപോവുന്നു : ഭ്രാന്തൻ! ഭ്രാന്തൻ!

വേലായുധൻ നിൽക്കുന്നു. പ്രതിമപോലെ, തളർന്നപോലെ.

എന്നിട്ട് തിരിഞ്ഞ് പന്തലിന്റെ മറ്റൊരു വശത്തൂടെ തല കുനിച്ച്, വേച്ച് വേച്ച് ഇറങ്ങിപ്പോകുന്നു.

പിറകിൽ വീണ്ടും ശബ്ദങ്ങൾ : 'ഭ്രാന്തൻ! ഭ്രാന്തൻ!

***

തറവാടിന്റെ പൂമുഖം.

ഇഴയുന്ന ചങ്ങലക്കഷണങ്ങളിട്ട കാലുകൾ ചെന്ന് ഇടറി വീഴുന്നത് സ്വന്തം പൂമുഖത്തെ ചവിട്ടുപടിയിലാണ്.

ഒരന്വേഷണസംഘം തിരിച്ചെത്തിക്കഴിഞ്ഞ സമയം.

അവിടെ മാധവൻനായർ, അച്യുതൻനായർ, സഹായികൾ, മീനാക്ഷിയമ്മ, പ്രേമ തുടങ്ങിയവർ എല്ലാം കൂടിനിൽക്കുന്നു. അച്യുതൻനായരുടെയും അയല്ക്കാരുടെയും കൈയിൽ വടിയുണ്ട്.

ഒതുക്കുകല്ലിൽ വീണുകിടക്കുന്ന വേലായുധന്റെ സമീപത്തേക്ക് അവർ നീങ്ങുന്നു.

വേലായുധൻ : (കൈ രണ്ടും നീട്ടി ശാന്തമായ സ്വരത്തിൽ) 'എനിക്ക് ഭ്രാന്താണ്. എന്നെ ചങ്ങലയ്ക്കിടൂ.'

താളം തെറ്റിയ ലോകത്തിന്റെ പ്രതിനിധികളെപ്പോലെ വേലായുധന്റെ മുകളിൽ പല കോണുകളിൽനിന്ന് നോക്കുന്ന മുഖങ്ങൾ കാണുന്നു.

**ഇരുട്ടിന്റെ ആത്മാവ്** **എം. ടി. വാസുദേവൻനായർ**

## പഠനപ്രവർത്തനങ്ങൾ

- അമ്മുകുട്ടി 'ഭ്രാന്തൻ' എന്ന് വിളിച്ചപ്പോൾ എന്തുകൊണ്ടാകാം വേലായുധൻ തളർന്നു നിന്നുപോയത്? വേലായുധന്റെ ചിന്തകൾ കുറിക്കുക.
- ഈ തിരക്കഥാ ഭാഗത്തെ അടിസ്ഥാനമാക്കി വേലായുധൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
- "കൊടുങ്കാറ്റുപോലെയാണ് വേലായുധന്റെ വരവ്"- തിരക്കഥാ ഭാഗത്തുനിന്ന്ഇത്തരം പ്രയോഗഭംഗികൾ കണ്ടെത്തി സവിശേഷതകൾ വിവരിക്കുക.
- കണ്ണടയുക - ഈ ശൈലിയുടെ അർഥം മരിക്കുക എന്നാണ്. ഇതേപോലുള്ള ശൈലികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അർഥം വ്യക്തമാക്കുന്ന രീതിയിൽ വാക്യം രചിക്കുക.
- "പിന്നെന്തിനാ അമ്മൂനെ ഇങ്ങനെ പിടിച്ചുകൊടുക്ക്ണ്? അവൾക്കിഷ്ടമില്ല്യെങ്കിൽ വേണ്ടാ. അവള് ചെറ്യകുട്ട്യല്ലേ? നെനക്കും തൊടങ്ങ്യോ ഗോപാലാ ഭ്രാന്ത്?" മുത്തച്ഛൻ ഗോപാലൻ നായരോട് ചോദിക്കുന്നതാണിത്. പെൺകുട്ടിയുടെ ഇഷ്ടത്തിന് വിരുദ്ധമായി നടക്കുന്ന വിവാഹം പല പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നു - ഇതെപ്പറ്റിയുള്ള സെമിനാറിൽ അവതരിപ്പിക്കുന്നതിനുള്ള ചർച്ചാക്കുറിപ്പ് തയാറാക്കുക.

### എം. ടി. വാസുദേവൻനായർ

1933ൽ പൊന്നാനി താലൂക്കിലെ കൂടല്ലൂർ ഗ്രാമത്തിൽ ജനിച്ചു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ, പത്രാധിപർ. നാലുകെട്ട്, അസുരവിത്ത്, കാലം, മഞ്ഞ്, രണ്ടാമൂഴം, വാരാണസി (നോവലുകൾ), ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ബന്ധനം, നിന്റെ ഓർമയ്ക്ക്, വാനപ്രസ്ഥം, ഷെർലക് (കഥകൾ) തുടങ്ങിയവ പ്രധാന കൃതികൾ. നിരവധി രചനകൾ ചലച്ചിത്രമായിട്ടുണ്ട്. ജ്ഞാനപീഠപുരസ്കാരം ലഭിച്ചു. തിരക്കഥയ്ക്ക് പല തവണ സംസ്ഥാന-ദേശീയ അവാർഡുകൾ ലഭിച്ചു. കേന്ദ്ര-കേരള സാഹിത്യഅക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ധിക്കാരസാഹസം

നോക്കെടാ! നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!
ദുർഘടസ്ഥാനത്തുവന്നു ശയിപ്പാൻ നി-
നക്കെടാ! തോന്നുവാനെന്തെടാ! സംഗതി?
നാട്ടിൽപ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ,
ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നു പിറന്നു വളർന്നു നീ,
ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മറ്റാരുമില്ലാത്തതെന്തെടോ?
പെട്ടെന്നെഴുന്നേറ്റു പോകായ്കിലാപത്തു
പെട്ടീടുമെന്നു ധരിക്കനീ വാനരാ!"
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:
"ഏറ്റം കയർത്തു പറയുന്നതെന്തുനീ
ഏറ്റു മാറാനെനിക്കേതുമെളുതല്ല;
മറ്റൊരു മാർഗ്ഗമായ് പൊയ്ക്കൊള്ളണേ ഭവാൻ1
കുറ്റമല്ലിക്കുരങ്ങച്ചനെക്കാണെടോ!
കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡം പലതുണ്ടു പൊയ്യല്ല കണ്ടുകൊൾ
കൈയിനും കാലിനും ശക്തിയില്ലാതെയായ്
മെയ്യും തളരുന്നു പൊയ്യല്ല മാനുഷ!
അയ്യോ! പരമാർഥമേതും ഗ്രഹിയാതെ
നീയെന്തുശാഠ്യം തുടങ്ങുന്നു പൂരുഷാ!
പാരം വലഞ്ഞു കിടക്കുന്നവർകളോ-
ടാരുമീവണ്ണം കലമ്പുമാറില്ലെടോ!
നേർവഴി വിട്ടു രണ്ടു ചുവടങ്ങോട്ടു
മാറിയാലെന്തു വൈഷമ്യം നിനക്കെടോ!"
മാരുതി വൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതി ഭീമൻ കയർത്തു ചൊല്ലീടിനാൻ:

| | |
|---|---|
| ദണ്ഡം | - അസുഖം |
| പൊയ്യല്ല | - കളവല്ല |
| ഗ്രഹിയാതെ | - മനസ്സിലാക്കാതെ |
| പാരം | - വളരെയധികം |
| വൃകോദരൻ | - ഭീമൻ |



ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ
പാരം മുഴുക്കുന്നു ധിക്കാരസാഹസം;
പൂരുവംശത്തിൽ പിറന്നു വളർന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോർക്ക നീ
നേരായ മാർഗ്ഗം വെടിഞ്ഞു നടക്കയി-
ല്ലാരോടുമിജ്ജനംതോൽക്കയുമില്ലെടോ!
മാറി നില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽ പതിക്കും ഗദാഗ്രമെന്നോർക്കണം;
ഏറെപ്പറയാതെഴുന്നേറ്റു ദൂരത്തു
മാറിക്കിടക്ക നീ മർക്കടപ്രാകൃത!

**കല്യാണസൗഗന്ധികം** **കുഞ്ചൻ നമ്പ്യാർ**

## പഠനപ്രവർത്തനങ്ങൾ

- ഭീമന്റെ ദുർഭാഷണം കേട്ടിട്ടും വൃദ്ധൻ ശാന്തനായി ചിരിച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്- വൃദ്ധന്റെ മുഖത്ത് ചിരിവരാനുണ്ടായ കാരണമെന്താകാം - ലഘുകുറിപ്പെഴുതുക.
- ഈ തുള്ളൽക്കവിതാ ഭാഗത്ത് നിങ്ങളെ ഏറ്റവുമധികം രസിപ്പിച്ച വരികളേത്? - എന്തുകൊണ്ടാണെന്നു വിശദീകരിക്കുക
- ഭീമനും ഹനുമാനും തമ്മിൽ കണ്ടുമുട്ടിയ സന്ദർഭം നാടകരൂപത്തിലാക്കുക.
- ഒരു തുള്ളൽക്കലാകാരനുമായി അഭിമുഖം നടത്തുന്നതിന് ചോദ്യാവലി തയാറാക്കുക.
- ഈ കവിതാഭാഗവും പരിചയപ്പെട്ടിട്ടുള്ള മറ്റു തുള്ളൽപ്പാട്ടുകളും അടിസ്ഥാനപ്പെടുത്തി തുള്ളൽക്കവിതകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

### കുഞ്ചൻനമ്പ്യാർ (18-ാം നൂറ്റാണ്ട്)

18-ാം നൂറ്റാണ്ടിൽ പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശിമംഗലം കലക്കത്ത് ഭവനത്തിൽ ജനനം. തുള്ളൽക്കലയുടെ ഉപജ്ഞാതാവ്. വേഷവും ചിട്ടയും സാഹിത്യവും കുഞ്ചൻനമ്പ്യാർ തന്നെയാണ് രൂപപ്പെടുത്തിയത്. കല്യാണസൗഗന്ധികം, കിരാതം, സ്യമന്തകം, ഘോഷയാത്ര, ത്രിപുരദഹനം, സുന്ദോപസുന്ദോപാഖ്യാനം (തുള്ളൽ കൃതികൾ), ശ്രീകൃഷ്ണചരിതം മണിപ്രവാളം, പഞ്ചതന്ത്രം കിളിപ്പാട്ട് എന്നിവ പ്രധാനകൃതികൾ. നിശിതമായ ഫലിത പരിഹാസങ്ങൾ, നാടൻചൊല്ലുകൾ, ലോകോക്തികൾ ഇവയാണ് നമ്പ്യാർക്കവിതകളുടെ മുഖമുദ്രകൾ.